


THE MALAYALA RAJYAM
ILLUSTRATED WEEKLY

th Sept. 1953. Three Anna



ചലച്ചിത്രനിരൂപണം:-

"ശരിയോ തെറ്റോ?"

★

മുപ്പത്തിരണ്ടിൽപരം മലയാള ചലച്ചിത്രങ്ങൾ വെള്ളിത്തിരയിലെ വെളിച്ചം കണ്ടതിനുശേഷം മംഗളോപിക്ചേഴ്സിന്റെ "ശരിയോ തെറ്റോ" എന്ന നവീനസാമുദായിക ചലച്ചിത്രവും, പ്രേക്ഷകലോകത്തെ സമീപിച്ചിരിക്കുന്നു. ഒരു കലാകാരനും അഭിനേതാവുമായ ശ്രീ. തിക്കുറിശ്ശി സുകുമാരൻനായർ കഥ സംഭാഷണം, ഗാനരചന, സംവിധാനം എന്നിവയെല്ലാം സ്വയം ഏറ്റെടുത്തു നിർമ്മിച്ച ഈ ചിത്രത്തെക്കുറിച്ചു കലാലോകത്തിനു മികച്ച പ്രതീക്ഷകളുണ്ടായിരുന്നുവെങ്കിൽ അതു കേവലം സ്വാഭാവികമായുണ്ടായതാണെന്നോ, പൊതുവേ പറയുന്നപക്ഷം, ശരിയോ തെറ്റോ ഒരു പരാജയമല്ലെങ്കിലും പ്രതീക്ഷാനന്തരണം വിജയിച്ചിട്ടില്ലെന്നുള്ളതു പതിരില്ലാത്ത പരമാർത്ഥം മാത്രമാണ്. ഈ ചിത്രത്തിന്റെ നേട്ടങ്ങൾക്കും കോട്ടങ്ങൾക്കും പരിപൂർണ്ണമായ ഉത്തരവാദിത്വം വഹിക്കേണ്ടതു ശ്രീ. തിക്കുറിശ്ശിതന്നെയാണ്. ശരിയോ തെറ്റോ നിരൂപകദൃഷ്ടിയിൽ എത്രമാത്രം വിജയിച്ചിട്ടുണ്ടെന്നു ഒന്നു പരിശോധിച്ചു നോക്കാം.

മംഗളോപിക്ചേഴിന്റെ "ശരിയോ തെറ്റോ" എന്ന ചിത്രത്തിൽ കലാപരമായ മേന്മയല്ല പണമുണ്ടാക്കാനുള്ള ഒരു കച്ചവടമനഃസ്ഥിതിയാണു് ഉടനീളം ഓളംവെട്ടുന്നതു്. വാചകങ്ങൾകൊണ്ടുള്ള വിപ്ലവം. കുറെ കണ്ണുനീർ, വളരെ കഥകേട്ട്, പിന്നെ പല ജാതിക്കാർക്കും പ്രത്യേകം രുചിക്കാനിടയുള്ള പൊടികൈകളും എന്നിവ കൂട്ടിച്ചേർത്തു് ജീവിതനൗകാഹോർമുഖത്തിൽ പടുത്തുകെട്ടി നിർമ്മിച്ചതാണു് ശരിയോ തെറ്റോ. വിനോദത്തിന്റെപേരിൽ സിനിമാകാണുന്നവരെ ഈ ചിത്രം പൊതുവേ ആകർഷിക്കുന്നതാണ്. പക്ഷേ മനുഷ്യനു് പ്രത്യേകിച്ചു് ഒരു സന്ദേശവും നൽകാതെ അവനെ ജാലവിദ്യകളും സ്റ്റണ്ടുകളുംകാണിച്ചു് അവനെ ഒരു ബല്യങ്ങളെ പുഷ്ടനംചെയ്യുന്ന "ബോക്സ് ആഫീസ്" ചിത്രങ്ങളും നിർമ്മിക്കുന്നതുകൊണ്ടു് കലയുടെ ഉദ്ദേശം നിർവ്വഹിക്കപ്പെടുന്നില്ലെന്നു് മംഗളോപിക്ചേഴ്സ് ധരിക്കേണ്ടതായിരുന്നു. കേരളീയജീവിതരീതികളേയും സംസ്കാരങ്ങളേയും സജീവമായും സുന്ദരമായും ഈ ചിത്രത്തിൽ ആവിഷ്കരിച്ചിട്ടുണ്ടെന്നു് അഭിമാനിക്കുവാനൊന്നുമില്ല. തന്റെ സഹോദരിയെ വഞ്ചിച്ചു കൊലപ്പെടുത്തിയ ഒരാളിന്റെ നേരെ പ്രതികാരം നിർവ്വഹിക്കാൻ അയാളുടെ മകളുടെനേരെ കൊള്ളരുതായ്മകാണിക്കുന്നതാണ് കഥയുടെ മർമ്മം. ഒരു വ്യഭിചാരത്തെ മറ്റൊരു വ്യഭിചാരംകൊണ്ടു് നീതീകരിക്കുന്നതു് എത്രമാത്രം ന്യായമായിരിക്കുമെന്നു് വായനക്കാർതന്നെ തീരുമാനിക്കട്ടെ. നമ്മുടെചുറ്റും നാം കാണുന്ന പലതിന്റെയും നന്മോന്മുകടിയുള്ളതുന്ന കാലാവസ്ഥത്തിന്റെയും സംസ്കാരത്തിന്റേയും തെറ്റും ശരിയും ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിൽ അതു് എത്രയോ അഭികാമ്യമായിരുന്നു?

ഈ ചിത്രത്തിന്റെ കഥ എന്താണെന്നുനോക്കുക. യുദ്ധാനന്തരം നാട്ടിൽ എത്തിച്ചേർന്ന അപ്പു തന്റെ സഹോദരിയായ ശാരദയെ ചിട്ടിക്കാരൻമുതലാളി ശർഭവതിയാക്കി കൊലപ്പെടുത്തിയെന്ന വിവരം ധരിക്കുന്നു. അതേതുടർന്നു അപ്പു മുതലാളിയോടു പ്രതികാരം ചെയ്യുന്നതിനു് ദൃഢപ്രതിജ്ഞചെയ്യുന്നു. മുതലാളിയുടെ മകൾ ഗീതയെ പ്രണയത്തിൽ കുടുക്കുന്നു. അപ്പു മുതലാളിയുടെ കാർ ഡ്രൈവറായി നിയമിക്കപ്പെടുന്നു. ഗീതയും അപ്പുവും ക്രമേണ അടുത്ത പെരുമാറ്റാൻ സന്ദർഭങ്ങൾ ലഭിക്കുന്നു. അതോടുകൂടി ഗീത അപ്പുവിൽനിന്നു് ശർഭധരിക്കുകയുംചെയ്യുന്നു. ഗീതയെ ഒരു ബാരിസ്റ്റർ വിവാഹംചെയ്യുന്നതിനു് തീരുമാനിക്കുന്നു. ഒരു ഇരുണ്ടനിറഞ്ഞ രാത്രിയിൽ അപ്പുവും ഗീതയും ധാരാളം പണവും ആഭരണങ്ങളും എടുത്തുകൊണ്ടു് ഗൃഹത്തിൽനിന്നു് ഒളിച്ചോടുന്നു. വഴിമദ്ധ്യേവെച്ചു് പ്രതികാരനിർവ്വഹണത്തിനായി അപ്പു ഗീതയെ പരിത്യജിക്കുന്നു. ഗീതയ്ക്കു് ഒരു അനാഥമന്ദിരത്തിൽ അഭയം ലഭിക്കുന്നു. അവിടെവെച്ചു് അവൾ പ്രസവം നടത്തുകയുംചെയ്യുന്നു. അപ്പു പഴയപടി മുതലാളിയുടെ ഡ്രൈവറായി ജോലിയിൽ തുടരുന്നു. വേലക്കാരിയായി കഴിഞ്ഞുകൂടിയ പാറു ഇതിനിടയിൽ മുതലാളിയിൽനിന്നു ശർഭംധരിക്കുന്നു. പാറു തന്നെ വിവാഹംചെയ്യുന്നതിനു മുതലാളിയെ നിർബ്ബന്ധിക്കുന്നു. പാറുവിനെ ക്രൂരമായി കൊല്ലുന്നതിനു മുതലാളി ആളുകളെ നിയോഗിക്കുന്നു. അപ്പു അവളെ ഘാതകരുടെകൈയിൽനിന്നു രക്ഷിച്ചു് മുതലാളിയുടെമേൽ കുറ്റംചെയ്യുന്നു. ഗീതയും അവളുടെ ശിശുവും ആ രംഗത്തേക്കു് ആനയിക്കപ്പെടുന്നു. മുതലാളിയുടെ ക്രൂരതകളും വഞ്ചനകളും അപ്പു ഒന്നൊന്നായി വെളിപ്പെടുത്തുന്നു. ചിട്ടിക്കാരൻ മുതലാളിയുടെ വീട്ടിൽ പണ്ടു വേലക്കാരിയായിനിന്നു ശർഭണിയായി ഒടുവിൽ ഭ്രഷ്ടിയുടെ വേഷത്തിൽ അലഞ്ഞുനടന്നിരുന്ന കല്യാണി എന്ന സ്ത്രീ തൽസമയം മാളികയുടെ മുകളിൽചെന്നു് മുതലാളിയെ കത്തി മുന്നോട്ടമർക്കുന്നു. മാളികമുകളിൽനിന്നു നിലംപതിച്ചു മുതലാളി മരണമടയുന്നു. മുതലാളിയുടെ സ്വത്തുക്കളിൽ ഒരംശം അനാഥമന്ദിരത്തിനു സംഭാവനചെയ്യുന്നു. അപ്പുംചില സന്ദേഹനിർണ്ണയങ്ങൾക്കുശേഷം അപ്പുവും ഗീതയും വീണ്ടും ഒന്നുചേർന്നു് ആനന്ദകരമായ ജീവിതം ആരംഭിക്കുന്നു. ഇതത്രേ കഥയുടെ രത്നച്ചുരുക്കം.

കഥ ട്വിസ്റ്റുകളുടെയും ഡിലിവുകളുമാണ്. സാധാരണ ത്രികോണപ്രേമത്തിൽനിന്നു വിഭിന്നമാണെന്നുള്ള യാഥാർത്ഥ്യവും ഇവിടെ വിസ്മരിക്കുന്നില്ല. കഥയ്ക്കു് ഏകാഗ്രതയും നൈരന്തര്യവുമില്ലെന്നുള്ളതാണു് ഏറ്റവും വലിയ ന്യൂനത. അടുക്കും ചിട്ടയും ഇടയ്ക്കുപ്പും ഇല്ലാതെ കഥ മുന്നോട്ടു് ഇഴഞ്ഞുനീങ്ങുകയാണു്. കഥ എവിടെ വച്ചുവേണമെങ്കിലും സുകുമാര്യമായവസാനിപ്പിക്കാവുന്നതാണു്. ഇങ്ങനെയുള്ള കഥാശരീരത്തിൽ മുതലാളിയുടെ സ്വഭാവദുഷ്ടതയേയും ദ്രവ്യാഗ്രഹത്തേയും വഞ്ചനയേയും ഏറ്റവുംസ്വാഭാവികതയേയും ഏടുത്തുകാണിക്കുവാൻവേണ്ടി അനവധി സംഭവങ്ങളും ഏച്ചുകെട്ടലുകളും ചേർത്തിട്ടുണ്ടു്. ഇവയിൽ പലതും നീക്കംചെയ്താൽപോലും കഥയ്ക്കു് യാതൊരുവൈരൂപ്യവും സംഭവിക്കുകയുമില്ല. ഇത്തിക്കുറുപ്പുകളെപ്പോലെ ചില കഥാപാത്രങ്ങളേയും സൃഷ്ടിച്ചിട്ടുണ്ടു്. തങ്കം, കുട്ടൻ, നേഴ്സ്, ഹോട്ടൽമാനേജർ, കണ്ടിരക്കാരൻ, സെൻട്രൽകച്ചവടക്കാരൻ, അനാഥമന്ദിരവാസം എന്നിവരെല്ലാം കഥാശരീരവുമായി ഇഴകിച്ചേർന്നിട്ടില്ല. ആശാനായ അപ്പുകാണിക്കുന്ന പുരുഷത്വം കഥാശിഷ്യനായ കുട്ടൻ അനുകരിക്കുന്നതുകൊണ്ടു് അവർത്തിക്കുന്നുമുണ്ടു്. ഇപ്രകാരമുള്ള ഒരു സമാന്തരഹാസ്യകഥയുടെ ആവശ്യവും അനുഭവപ്പെടുന്നില്ല. മുതലാളിയുടെ ദ്രോഹത്തിനു് പ്രതികാരംചെയ്യുന്നതിനായി അയാളുടെ മകളോടു് അനീതികാണിക്കുന്നതു ന്യായീകരിക്കാമെന്നും തോന്നുന്നില്ല. പൊതുവേ മാനവസംസ്കാരത്തിന്റെ ഉന്നമനത്തിനു് ഒരുതരത്തിലും സഹായിക്കുന്ന ഒരു കഥാബീജമല്ല തിക്കുറിശ്ശി സ്വീകരിച്ചിരിക്കുന്നതു്. കഥയുടെ ചട്ടക്കൂടിനപ്പുറത്തേക്കു പുതുമകളൊന്നുമില്ല. മുതലാളിയുടെ മകനും വേലക്കാരനെ പ്രേമിക്കുകയുള്ള എന്ന ശാഠ്യവും ഈ കഥയിലുണ്ടു്. മലയാളചലച്ചിത്രങ്ങളിലെ മുതലാളിമാർ വിഭാഗീയരായിരിക്കണം എന്ന പാരമ്പര്യവും പുലർത്തിയിട്ടുണ്ടു് മുതലാളിയുടെ സ്ത്രീലമ്പടത്വം വ്യക്തമാക്കുന്നതിനു് അനവധിസന്ദർഭങ്ങളും സൃഷ്ടിച്ചിട്ടുമുണ്ടു്. അർദ്ധരാത്രിയിൽ വേലക്കാരിയെ സമീപിക്കുക, വസ്തു വിലയ്ക്കുകൊടുക്കുവാൻചെന്ന സ്ത്രീയുടെ വീട്ടിൽ രാത്രിയിൽ കടന്നുചെന്നു കല്ലേറുപിടിക്കുക, ഡോക്ടറിപിടിച്ചെടുത്തിട്ടു് പാട്ടം മാറിക്കൊടുക്കുക, തൊഴിലാളിക്കു കൂലികൊടുക്കാതിരിക്കുക, രിക്ഷാക്കാരനുമായി കുലുക്കുകയ്ക്കുക, ഗർഭം ധരിച്ചിട്ടുള്ള സ്ത്രീകളെ ക്രൂരമായി കൊലചെയ്യിക്കുക തുടങ്ങിയ മുതലാളിയുടെ ദുഷ്പ്രവൃത്തനങ്ങളുടെ ഒരു പട്ടികതന്നെ പ്രദർശിപ്പിച്ചിട്ടുണ്ടു്. മുതലാളി ദുഷ്ടനായതിന്റെയും ദ്രോഹത്തിന്റെയും മൂർത്തീകരണമാണെന്നു കാണിക്കുവാൻവേണ്ടി സൃഷ്ടിച്ചിരിക്കുന്ന ഇങ്ങനെയിരിരംഗങ്ങളും കുത്തിക്കുട്ടിക്കെട്ടിച്ചമച്ച പ്രതീതിയേ പ്രേക്ഷകരിൽ ഉളവാക്കുന്നുള്ളൂ. പാത്രസൃഷ്ടിയിലുള്ള പാകപ്പിഴയാണു് ഇതിനുള്ള കാരണവും. യുക്തിഭംഗങ്ങളും അസംഭവ്യതകളും കഥയിൽ അവിടവിടെ തലയുയർത്തിനിൽക്കുന്നുണ്ടു്. ഗീതയും

(ശേഷം 34 പേജിൽ)

മുഖചിത്രം

ഐക്യരാഷ്ട്രസഭയുടെ എട്ടാംസമ്മേളനത്തിൽ അദ്ധ്യക്ഷയായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ശ്രീമതി വിജയലക്ഷ്മിപണ്ഡിറ്റ്.


മലയാളരാജ്യം

മലയാളരാജ്യം

ആഴ്ചപതിപ്പ്

പുസ്തകം രണ്ട് | കൊല്ലം ഏഴാമൻ കന്നി ഏഴ് രണ്ട് തിങ്കളാഴ്ച | ലക്കം വീട

ജനറൽ അസംബ്ളിപ്രസിഡൻറ് വിജയലക്ഷ്മിപണ്ഡിറ്റ്



ഐക്യരാഷ്ട്രത്തിലേയ്ക്കുള്ള ഇന്ത്യൻ ഡെലിഗേഷന്റെ നേതാവായ ശ്രീമതി വിജയലക്ഷ്മി പണ്ഡിറ്റിനെ ന്യൂയാക്കിൽവച്ചു നടക്കുന്ന ഐക്യരാഷ്ട്ര ജനറൽ അസംബ്ളിയുടെ എട്ടാമത്തെ സമ്മേളനത്തിന്റെ പ്രസിഡൻറായി തിരഞ്ഞെടുത്തിരിക്കുന്നു. സെപ്തംബർ 15-നു-യാണ് ശ്രീമതി പണ്ഡിറ്റിന്റെ തിരഞ്ഞെടുപ്പു നടന്നതു്. പണ്ഡിറ്റിനു് 37-വോട്ടുകൾ ലഭിക്കുകയും പ്രതിയോഗിയായ തൈലൻറ് രാജകുമാരൻ വാനിനു് 22-വോട്ടുലഭിക്കുകയും ചെയ്തു. ജനറൽ അസംബ്ളിപ്രസിഡൻറായി ആദ്യമായി തിരഞ്ഞെടുക്കപ്പെട്ട വനിതയുംകൂടിയാണ് ശ്രീമതി പണ്ഡിറ്റ്.

ഈ സമുന്നതപദവിക്കു ശ്രീമതി പണ്ഡിറ്റിനോളം അവകാശമുള്ള മാറ്റാരുംതന്നെയില്ല. ഐക്യരാഷ്ട്ര ഡെലിഗേഷനുകളുടെ കൂട്ടത്തിൽ ഏറ്റവും കൂടുതൽ കാലത്തെ സേവനമനുഷ്ഠിച്ചിട്ടുള്ള ഒരു ഡെലിഗേറ്റുകൂടിയാണ് വിജയലക്ഷ്മിപണ്ഡിറ്റ്. ജനറൽ അസംബ്ളിയുടെ രണ്ടാമത്തെസമ്മേളനംമുതലാണ് ഐക്യരാഷ്ട്രസംഘടനയുമായുള്ള ശ്രീമതി പണ്ഡിറ്റിന്റെ ബന്ധം ആരംഭിക്കുന്നതു്. സാൻഫ്രാൻസിസ്കോയിൽവച്ചു നടന്ന ഐക്യരാഷ്ട്രസംസ്ഥാപനകോൺഫറൻസിൽ അന്നത്തെ നൈഡൽ ഭിഗവൺമെൻറ് (ബ്രിട്ടീഷ് ഗവൺമെൻറ്) ശ്രീമതിപണ്ഡിറ്റിനെ അക്രഡിറ്റ് ചെയ്തിരിക്കുകയായിരുന്നു.


അസംബ്ളിപ്രസിഡൻറിന്റെ ജോലി കേവലം അലങ്കാരമായിട്ടുള്ളതോ ഉച്ചമായിട്ടുള്ളതോ അല്ല. ധനപരമായ പ്രതിഫലമൊന്നുമില്ലെങ്കിലും ചുമതലകൾ ഭീമാതന്നെയാണു്. അസംബ്ളിയുടെ നടപടിക്രമവൈകല്യങ്ങളും ദൂരീകരിച്ചു് ഭദ്രമായി നടപടികളും നടത്തിക്കൊണ്ടുപോകുകയെന്നതു് ഒരു വലിയ കർത്തവ്യംതന്നെയാണു്. തൽക്കാലം വരുത്തേണ്ടുന്ന ചില ചട്ടങ്ങളും ശരിയായി വ്യാഖ്യാനിക്കുന്നതിനുള്ള ഉത്തരവാദിത്വവും ശ്രീമതി പണ്ഡിറ്റിൻേറതായിരിക്കും. ഐക്യരാഷ്ട്രസംഘടനയിലെ രണ്ടു വിഭിന്ന ശിബിരങ്ങൾക്കിടയിൽ ഒരു മദ്ധ്യസ്ഥയെപ്പോലെ വർത്തിക്കുവാനുള്ള കർത്തവ്യവും വിജയലക്ഷ്മിക്കുണ്ടു്.

ജനറൽഅസംബ്ളിയുടെ യോഗനടപടികൾ നടത്തിക്കൊണ്ടുപോകുന്നരീതിക്കു് ശ്രീമതി പണ്ഡിറ്റ് പ്രശംസ അർഹിക്കുന്നുവെന്നാണു് ഐക്യരാഷ്ട്രകേന്ദ്രങ്ങൾ സൂചിപ്പിച്ചതു്. യു. എസ്. വൈസ്പ്രസിഡൻറ് മി: റിച്ചേഡ്നിക്സൻ പ്രസ്താവിച്ചതു്. 1949 മുതൽ 1951-വരെ യു. എസ്സിലേയും 1951-ൽ മെക്സിക്കോയിലേയുംകൂടി ഇന്ത്യൻസ്ഥാനപതിയായിരുന്നു. 1900 ആഗസ്റ്റ് 18-നാണു് ശ്രീമതി പണ്ഡിറ്റിന്റെ ജനനം. 1921 മേ 9-നു രഞ്ജിത് സീതാരാംപണ്ഡിറ്റ് ബാർ അറ്റ്ലായെ വിവാഹം കഴിച്ചു. ടൂട്ടാന്മാർ ശ്രീമതി പണ്ഡിറ്റിനെ വീട്ടിലിരുത്തി വിദ്യാഭ്യാസംചെയ്യിച്ചു. 1935-ൽ അലഹബാദ് മുനിസിപ്പൽ ബോർഡ് വിദ്യാഭ്യാസകമ്മിറ്റി ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടു. 1937-ൽ യു. പി. അസംബ്ളി മെമ്പറായി. യു. പി. കാൺഗ്രസ് ഗവൺമെൻറിലെ തദ്ദേശസ്വയംഭരണവും പബ്ളിക് ഹെൽത്തും മന്ത്രിയായി. 1940 മുതൽ 42 വരെ അഖിലേന്ത്യാ വനിതാസമ്മേളനാദ്ധ്യക്ഷയായിരുന്നു. സമാധാനത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടിയുള്ള സ്ത്രീകളുടെ സമരഭടിക്കൂട്ടത്തിന്റെ വൈസ് പ്രസിഡൻറായി. യു. എസ്സിൽ വർജിനിയായിൽ നടന്ന പസിഫിക്ക് റിലേഷൻസ് കാൺഫറൻസിലേയ്ക്കു ഇന്ത്യൻകൗൺസിൽ അഫ് വേൾഡ് അഫയേഴ്സ് നിയമിച്ച ഇന്ത്യൻ ഡെലിഗേഷനെ നയിച്ചു. യു. എസ്സിൽ അങ്ങോളമിങ്ങോളം പര്യടനം നടത്തിയിട്ടുണ്ടു്.


കാൺഗ്രസ്സിന്റെ സിവിലാജ്ഞാലംഘനപ്രസ്ഥാനത്തിൽ പങ്കെടുത്തതിനു് ഇന്ത്യയിൽ മൂന്നു പ്രാവശ്യം തടവിൽ പാർപ്പിക്കപ്പെട്ടു. വീണ്ടും യു. പി. അസംബ്ളിയിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടു. വീണ്ടും മന്ത്രിയായി നിയമിക്കപ്പെട്ടു. 1947 മുതൽ 49 വരെ സോവിയറ്റ് റഷ്യയിലെ ഇന്ത്യൻസ്ഥാനപതിയായിരുകയും ചെയ്തു.



മുകളിൽ—
വക്കലെ ക്ഷേത്രം പ്രവേശനദ്വാരം.



മുകളിൽ—
വക്കലെക്ഷേത്രത്തിലേക്കുള്ള വഴി.







താഴെ—
ശിവഗിരിയിൽ ശ്രീ നാരായണഗുരു മഹാസമാധിയിൽ സംവിധാനം ചെയ്യുവന്ന ബ്രഹ്മവിദ്യാമന്ദിരം.



നടുക്കു—
ശ്രീ നാരായണഗുരുസ്വാമി.

താഴെ—
ശിവഗിരിമഠം





"ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്"

ശ്രീനാരായണഗുരുസ്വാമികളുടെ സന്ദേശം

ചെമ്പഴന്തിയിൽ ശ്രീനാരായണഗുരുമന്ദിരത്തിനു സംബന്ധിച്ചു് മന്ത്രി കൊച്ചുകുട്ടൻ ചെയ്ത പ്രസംഗം

ശ്രീനാരായണഗുരുസ്വാമികളുടെ ജനനസ്ഥലമായ ചെമ്പഴന്തിയിൽ വച്ചു നടന്ന ജാതിആലോചനായോഗത്തിൽ വച്ചു മന്ത്രി കൊച്ചുകുട്ടൻ തൽസംബന്ധമായി നടത്തിയ യോഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു:—


99 വർഷങ്ങൾക്കുമുമ്പു് സാധാരണമനുഷ്യരെപ്പോലെ ജനിച്ചു്, സാധാരണക്കാരുടെ ഇടയിൽ ജീവിച്ചു് അനുകരണംചെയ്യുന്നതിനുമുള്ളവപുസ്സും ധനുതാരമേടുക്കുന്നതുമതപുസ്സും ബലിചെയ്ത ധന്യാത്മാവാണു് ഇവിടെ തിരുവവതാരം ചെയ്തതു്. അക്കാലത്തു് രൂക്ഷമായ ജാതിവിഷമതകളും കേരളക്കരയിൽ നിലനിന്നിരുന്നു. ജാതിയും ജാതിവ്യത്യാസവും ഇല്ലായ്മചെയ്യുവാൻ കുറെയൊക്കെ സ്വാമികൾക്കു സാധിച്ചിട്ടുണ്ടു്. 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്ന സന്ദേശത്തോടുകൂടി, ജാതിയെ സംബന്ധിച്ചു മനുഷ്യർക്കുണ്ടായിരുന്ന നിർബ്ബന്ധങ്ങളും കുറെക്കുറഞ്ഞു. ജാതിവ്യത്യാസം മാറ്റാൻ 'മനുഷ്യന്റെ വേഷം, ഭാഷ, ആചാരം മുതലായവ എങ്ങനെയിരുന്നാലും അവരുടെ ജാതി ഒന്നായതുകൊണ്ടു് അന്യോന്യം വിവാഹവും പന്തിഭോജനവും നടത്തുന്നതിനു് യാതൊരു ദോഷവുമില്ല.'

സ്വാമികളുടെ സാമീപ്യവും സഹവാസവും ഉണ്ടായതോടുകൂടി മഹാത്മാഗാന്ധിക്കുണ്ടായിരുന്ന ചാതുർവർണ്യവിശ്വാസം മാറുകയും അതിനുശേഷം അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവൻ ജാതിശൃങ്ങളെഴിക്കുവാൻ യത്നിക്കുകയും ചെയ്തു. ജാതി ഇല്ലാതാക്കണമെന്നു് ഇന്ത്യൻഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുണ്ടെങ്കിലും ഇന്നും അതു പ്രവൃത്തിപഥത്തിൽ വന്നെത്തിയിട്ടില്ല. ഇതിനു മുൻകൈ എടുക്കേണ്ടവർ ശ്രീനാരായണീയരാണു്. ഉപനാടുകളിലെ ജാതിപരമായ ചിന്താഗതികൾ മാറുന്നതിനു് എസ്. എൻ. ഡി. പി. യോഗം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. എന്റെ നാട്ടിലെ ഹരിജനങ്ങൾക്കു് ഈഴവരിൽനിന്നുപോലും ചില ബുദ്ധിമുട്ടുകൾ ഉണ്ടാകുവാനുണ്ടെന്നു വേദപൂർവം പറയേണ്ടിയിരിക്കുന്നു. ജാതിചിന്ത നാരായണീയരിൽ ഉണ്ടായിരിക്കുന്നതെന്നും അതു മാറുന്നതിനു നാം സന്നദ്ധർ ആയിരിക്കേണ്ടവരാണെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.


ഗുരുദേവൻ മറ്റൊന്നുമല്ലാതെ ചെയ്തതു്, ആ മഹാത്മാവു് വിഭിന്നവികാരങ്ങളായ ഒരു സമുദായംപരിഷ്കരിക്കുവാനായിരുന്നു 65 കൊല്ലങ്ങൾക്കുമുമ്പു് അരുവിപ്പുറത്തു ശിവപ്രതിഷ്ഠ നടത്തിയിട്ടു് 'ഇവിടെ ഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിതു്' എന്നു് ആ ശിവരിൽ എഴുതിവച്ചു. 'ചാത്തനേയും ചാമുണ്ഡിയേയും ഭജിച്ചിരുന്ന ഈഴവൻ ക്ഷേത്രപ്രതിഷ്ഠ നടത്തിയപ്പോൾ കേരളക്കരയിലെ യഥാസ്ഥിതികവൃന്ദം ശബ്ദമുയർത്തി. ഇതിനു് ഗുരുദേവൻ, ഈഴവശിവനേയാണു പ്രതിഷ്ഠിച്ചതെന്നു് സമുചിതമായി മറുപടി പറഞ്ഞു.

വർക്കലയിലെ ശാരദാപ്രതിഷ്ഠകൊണ്ടു് നിങ്ങൾ വിദ്യാസമ്പന്നരാകുവിൻ! എന്നു സമുദായത്തെ പഠിപ്പിച്ചു. ഇന്നു വിദ്യാസമ്പന്നരായ ജനങ്ങൾ നമ്മുടെയിടയിൽ ധാരാളമുണ്ടു്. പിന്നിട്ട പ്രതിഷ്ഠിച്ചതു് കണ്ണാടിയാണു്. നിഷ്കപടനായി, വികൃതനായി കണ്ണാടിയുടെമുമ്പിൽ നിന്നാൽ അതേപ്രതിഷ്ഠിച്ചിരിക്കുന്ന ഈശ്വരൻ നിൽക്കുമുമ്പിൽ പ്രത്യക്ഷപ്പെടുമെന്നും ശാന്തനായി, സൽസ്വഭാവിയായി കണ്ണാടിയുടെമുമ്പിൽ നിന്നാൽ ആത്തരത്തിലുള്ള ഈശ്വരൻ പ്രത്യക്ഷപ്പെടുമെന്നും, നിസ്വയം നന്നാകണം, ഈശ്വരൻ നിന്നിലുണ്ടെന്നും ഇതുതത്വം പഠിപ്പിച്ചു. സംഘടിച്ചു ശക്തരാകുവാൻ ഏതാണ്ടു് ആളുകളെ ചേർത്തു് അരുവിപ്പുറത്തുവച്ചു സംഘടിപ്പിച്ച എസ്. എൻ. ഡി. പി. യോഗം ഇന്നു ഇൻഡ്യയിലെ മഹാസംഘടനകളിൽ ഒന്നായിത്തീർന്നിട്ടുണ്ടു്. സമുദായത്തിന്റെ ശബ്ദം ഇന്നു് എല്ലായിടത്തും മാറ്റൊലിക്കൊള്ളുന്നുണ്ടു്. അവസാനമായി ലോകത്തു ശാന്തിയും സമാധാനവുമുണ്ടാകുവാൻ 'അവനവനാത്മസുഖത്തിനാചരിക്കുന്നവയപരനും സുഖത്തിനായ്ഭവേൽ, അയലുഴപ്പതിനായതിപ്രയത്നം നയമറിയും നരനാചരിച്ചിടേണം' എന്നും നിർദ്ദേശിച്ചു. 2000 കൊല്ലങ്ങൾക്കുമുമ്പു് ശ്രീയേശുക്രിസ്തുവും ഇതുതന്നെയാണു പറഞ്ഞതു്, പക്ഷേ ലോകം ഇന്നും അതംഗീകരിക്കുന്നില്ല. ജാതി നശിപ്പിക്കുവാൻ മിശ്രവിവാഹവും മിശ്രഭോജനവും നടപ്പിൽവരുത്തുന്നതിനു ചതയസുദിനം അവസരമാക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. ജാതിചിന്ത അവസാനിപ്പിക്കുവാൻ പ്രയത്നിക്കണമെന്നും ഒന്നുകൂടി ഉണർത്തിക്കൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു. ശ്രീനാരായണീയർ മുൻകൈ എടുത്തു ചെയ്യട്ടെ! നിങ്ങൾക്കു നമസ്കാരം.


—o—



കാലിഫോർണിയാസർവ്വകലാശാലയിലെ ഒരു വിദ്യാർത്ഥിസംഘം പ്രസിഡന്റ് രാജേന്ദ്രപ്രസാദിനെ സന്ദർശിച്ചപ്പോൾ എടുത്ത ഫോട്ടോ.



വിമൻസ് സിംഗിൾസ് ലോൺ ടെന്നിസ് ചാമ്പ്യൻഷിപ്പ്—അമേരിക്കയിലെ ഡോറിസ് ഹാർട്ട് ചാമ്പ്യൻ ആയ മറ്റൊരു അമേരിക്കൻ വനിത മൗറീൻ കൊണല്ലിയുമായി മത്സരിക്കുന്നു.



25 എക്സ് പ്ലസ് തീയന്തിക്കുമേൽ ശബ്ദിയേറിയ ഹാൻഡ്ലി പെയ്ജ് വിക്ടർ ഫോർജാറ് ക്രസന്റവിംഗ് ബോംബർ വിമാനം.

മഹാരാഷ്ട്രം


നബിയുടെ കാലശേഷം അലി, അബ്ബാസ്, സുബൈർ എന്നിവർ ഉൾപ്പെടാതെതന്നെ സിദ്ദീഖിൽ അക്ബറിനെ ഭൂരിപക്ഷത്തോടെ ഖലീഫയായി തെരഞ്ഞെടുത്തു. നാലഞ്ചുമാസങ്ങൾ കഴിഞ്ഞശേഷം എതിർപക്ഷക്കാരായ അലി തുടങ്ങിയവർ അബൂബക്കറിനെയും ഖലീഫയായി തെരഞ്ഞെടുത്തു. ഉമർ ഫാറൂഖിന്റെ ഭരണകാലത്ത് ഖനികളും അമേവിയ്ക്കുള്ള തമ്മിൽ നടന്ന വടംവലികൾ സമർത്ഥനായ ഉമർ ഇല്ലാതാക്കി അവരെ ഏകോപിപ്പിച്ചു.

ഉസ്മാനുബ്നുവിന്റെ കാലത്ത് ഈ ഛിദ്രങ്ങൾ വീണ്ടും പൊട്ടിപ്പുറപ്പെട്ടു. യസ്രീബിലെയും അയൽപ്രദേശങ്ങളിലെയും ജനങ്ങൾ രണ്ടു ചേരിയായി തിരിയുകയുംചെയ്തു. ഉസ്മാനെ ശത്രുക്കൾ വധിച്ചുശേഷമാണ് മുസ്ലിങ്ങളുടെ ഇടയിൽ ഭിന്നിപ്പു വർദ്ധിച്ചതു്. അടുത്തതായി അലിയെ ഖലീഫയായി പ്രഖ്യാപിച്ചു. ഈ കാര്യത്തിൽ അമവിയ്ക്കാർ എതിർ പ്രവർത്തനം നടത്തുകയും ഖലീഫ ആയുംവിധം ഇവരുടെ ഇടയിൽ സമാധാനം പുലർത്തുന്നതിനു ശ്രമിക്കയും ചെയ്തു. എന്നാൽ ഇതിനുശേഷം ഭിന്നതയെ ജനങ്ങളുടെ ഇടയിൽ രണ്ടു യുദ്ധങ്ങൾതന്നെ നടത്തപ്പെട്ടു. ഹസ്രത്ത് ആയിശയെ ഇബ്നുമുൽജം ക്രൂരമായിലെ പള്ളിയിൽവച്ച് പ്രതിയോഗികൾ വെട്ടി മുറിവേല്പിക്കയും ഏതാനും ദിവസങ്ങൾക്കുശേഷം അലി മരണമടയുകയുംചെയ്തു. അലിയുടെ പുത്രനും ഭരണകാര്യത്തിൽ കഴിവില്ലാത്തവനുമായ ഇമാം ഹസ്സനെ സിംഹാസനത്തിൽ അധിരോഹിക്കപ്പെട്ടെങ്കിലും ഒടുവിൽ തന്റെ ഖലീഫസ്ഥാനം രാജിവച്ച് ചില നിബന്ധനകൾക്കനുസരണത്തോടെ അമീർമു ആവിയായെ ഖലീഫസ്ഥാനത്തു തെരഞ്ഞെടുത്തു ചെയ്യേണ്ടതായിവന്നു.

യസീദ് സിംഹാസനാരോഹണംചെയ്ത ഹിജ്റാബ്ദം 61-ൽത്തന്നെയാണ് കർബലയിൽവച്ചു നടന്ന ചില ശോകാത്മകസംഭവങ്ങൾ. അവസരസേവകന്മാരും ക്രൂരന്മാരുമായ കൂഫക്കാരുടെ കത്തിത്തിരിപ്പിനാലാണ് ഇമാം ഹുസൈനും അനുയായികളും ക്രൂരയിലെത്തിയതു്. അവരെ സ്വീകരിക്കുന്നതിനും തെരഞ്ഞെടുക്കുന്നതിനുമായി നിശ്ചയിക്കപ്പെട്ടിരുന്നയാൾ ചില പ്രമാണികൾ സഹായം വാഗ്ദാനംചെയ്തു. ഈ വാർത്ത അറിഞ്ഞ നുഅ്മാൻ തൽക്ഷണം ശവസ്സനം രാജിവയ്ക്കുകയും പ്രസ്തുത ഇബ്നുസിയാദിനെ അവിടത്തെ ശവസ്സനായി നിയമിക്കുകയുംചെയ്തു. ഇദ്ദേഹം വേഷപ്രച്ഛന്നനായി കൊട്ടാരത്തിൽ പ്രവേശിച്ച് വിപ്ലവനായിച്ചുകൊണ്ടിരുന്ന തലവന്മാരെ ഓരോന്നായി നിഗ്രഹിച്ചുകൊണ്ടിരിക്കയും മറ്റുള്ളവരെ ഭീഷണിപ്പെടുത്തുകയുംചെയ്തു. ഇതിന്റെ ഫലമായി ഇമാം ഹുസൈനെയും മറ്റുള്ളവരേയും ഒറ്റപ്പെടുത്തുകയും ഉടയോരണത്തോട് പരിപൂർണ്ണമായ ക്രോധം ഭക്തിയും പ്രദർശിപ്പിക്കയുംചെയ്തു.

ഈ അവസരത്തിൽ ഇബ്നുസിയാദിന്റെ സൈന്യം കർബലായിൽവച്ച് ഇമാം ഹുസൈനെ വലയംചെയ്യുകയും അവരുടെ ഉപരോധത്താൽ ഒരുതുള്ളി വെള്ളംപോലും ലഭിക്കാതെയുദ്ധത്തിന് തയാറായി പരിമിതമായ സൈന്യത്തോടെ തന്റെ ജീവിതം ഇബ്നുസിയാദിനു് പന്താടിക്കളിക്കുവാൻ നൽപ്പെട്ടു. അദ്ദേഹത്തിന്റെ തല ഇബ്നുസിയാദ് ഡമാസ്കസിലേക്കയച്ചുകൊടുത്തു. ഇതിനെ ആസ്പദമാക്കി ഇതിലുള്ള ദുഃഖപ്രകടനമെന്ന നിലയിലാണ് ശിയാക്കൾ മുഹറം മാസം ആഘോഷിക്കുന്നതു്.

മുസ്ലിങ്ങളെ ഒരേ ജനസമൂഹത്തിലും അവരുടെ ജീവിതപ്രമാണം വിശുദ്ധ ഖുർആനും മുഹമ്മദുരസൂലുള്ളാഹുമാണെന്നുള്ള തത്ത്വത്തിലും ഉറപ്പിക്കുന്നതിനുവേണ്ടി ഇമാം ഹുസൈൻ ചരമപ്രാപിച്ച ദിനത്തിൽ ദേഹത്തിൽനിന്നു രക്തം പുറപ്പെട്ടുവിക്കേണ്ടതാവശ്യമെന്നുള്ള വിശ്വാസത്തിലാണ് ചുവപ്പുവസ്ത്രങ്ങൾ ധരിക്കുന്നതു്. അദ്ദേഹത്തിന്റെ ശുശ്രൂഷയ്ക്കുള്ള മുതിർന്നവരിലുള്ള കുഞ്ഞുങ്ങളുടെ ആകൃതിയിലുള്ള കലാസൃഷ്ടിയാണ് താസിയാ (ഗ്രന്ഥം). കർബലാസന്ദർശിക്കുന്നതിനു സാധിക്കാത്തവർ താസിയാസന്ദർശനം നടത്തിയാൽ മതിയാകുമെന്നു വിശ്വസിക്കപ്പെട്ടുന്നു. ഇമാം ഹുസൈന്റെ പാളയത്തിനുസമീപം ശത്രുക്കൾ കൂട്ടിയിരുന്ന ഞാങ്ങണകളുടെ അനുസ്മരിക്കുന്നവയാണ് ഈ ഞാങ്ങണകളും അവയിൽ ചാടുന്നതിനുള്ള പതിവും. പ്രസ്തുത നടപടികളും ഇസ്ലാമികതത്ത്വങ്ങൾക്കു വിരുദ്ധമാണെന്നു വിശ്വസിക്കുന്നവർ മുഹറം സംബന്ധിച്ചുള്ള പ്രസ്തുത ആഘോഷങ്ങളിൽ പ്രതിഷേധിക്കുന്നു. മുഹറം കാലത്തു മുസ്ലീങ്ങൾ പ്രതമനുഷ്ഠിക്കേണ്ടതാണെന്നാണ് അവർ വിശ്വസിക്കുന്നതു്.



അമേരിക്കൻ കൃഷിക്കാർ ഡെൽഹിയിൽ ഇൻറർനാഷണൽ ഫാംയൂത്തു് എക്സ്ചേഞ്ച് പദ്ധതിപ്രകാരം ഇൻഡ്യയിൽ 3 മാസത്തെ പര്യടനത്തിനു് ആഗതരായിരിക്കുന്ന ഒരുസംഘം അമേരിക്കൻ കർഷകർ യൂണിയൻ കൃഷിവകുപ്പു മന്ത്രി ഡാ: പഞ്ചാബാവുദേശ്മുഖ് നൽകിയ സ്വീകരണം. ശ്രീ: റാഫിഅഹമ്മദുകിദ്വായി, ഡാ: ദേശ്മുഖ്, ശ്രീ: വി കൃഷ്ണപ്പാ (ഡെ: മന്ത്രി ഭക്ഷ്യവകുപ്പ് വലത്തുഅറ്റത്തു); ശ്രീ: അബിദുഅലി (ഡെ: മന്ത്രി, തെഴിൽ, ഇടതുനിന്നും രണ്ടാമത്തെ).

---

* ശ്രീ: കെ. കെ. മുഹമ്മദു് അബ്ദുൽകരീം "ചന്ദ്രിക"യിൽ എഴുതിയ ലേഖനത്തിന്റെ സംഗ്രഹം

രണ്ടാമത്തെ അണുശക്തിസമ്മേളനം

ഗ്രോട്ടൻ, കണക്ടിക്കട്ട് — യു. എസ്. നാവികവകുപ്പ് രണ്ടാമതൊരു അണുശക്ത്യന്വേഷണനിലയം നിർമ്മിക്കുന്നതിനുള്ള പദ്ധതിയിലാണു്. "സീ വുൾഫ്" (കടൽചെന്നായ്) എന്നു പേരിട്ടിരിക്കുന്ന ഈ അന്തർവാഹിനിയുടെ നിർമ്മാണം പൂർത്തിയായിവരുന്നു. നാവികവകുപ്പു സെക്രട്ടറി റോബർട്ട് പി. ആൻഡേഴ്സൻ കപ്പലിന്റെ അടിത്തട്ടിന്റെ ചടങ്ങിൽ സന്നിഹിതനായിരുന്നു. "നാട്ടിലസ്" എന്ന ഒന്നാമത്തെ അണുശക്ത്യന്വേഷണനിയുടെ നിർമ്മാണം പൂർത്തിയായിവരുന്നു.

—*—

അർബുദം കീഴടക്കപ്പെടുമെന്നു്

ന്യൂയോർക്ക്, സെപ്തം: 17—നിരന്തരമായ ഗവേഷണയത്നങ്ങൾകൊണ്ടു് അർബുദരോഗത്തെ (ക്യാൻസർ) കീഴടക്കാൻ സാധിക്കുമെന്നും, ഇതിനു കാലതാമസം ഉണ്ടാവുമെന്നും അമേരിക്കൻ കാൻസർ സൊസൈറ്റിയുടെ ഡാ: ചാൾസ് എസ്. കൃമറോവൻ കഴിഞ്ഞ തിങ്കളാഴ്ച ഇൻറർനാഷണൽ സർജൻസ് കോൺഗ്രസ്സിന്റെ വാർഷികസമ്മേളനത്തിൽ വെളിപ്പെടുത്തി.

—*—

ഹിന്ദിയിലെ ഭക്തികാവ്യങ്ങൾ

★

— എൻ. ആർ. ഇളയിടം, കാലടി —

വളരെയധികം ഭാഷകളുടെയും ബാഹുല്യദശയിൽ സാഹിത്യപരമായ നേട്ടങ്ങൾ വളരെ അപൂർവമായിരുന്നുവെന്ന് ലോകഭാഷകളുടെ ചരിത്രം നോക്കിയാൽ മനസ്സിലാക്കാവുന്നതാണ്. ഇതിൽനിന്നും ഭിന്നമല്ല ഹിന്ദിയും. ഹിന്ദിഭാഷയുടെ ഉത്ഭവത്തെപ്പറ്റി തന്നെ രണ്ടുപക്ഷങ്ങളുണ്ട്. പാലി ഭാഷയുടെ വ്യാകരണഗ്രന്ഥത്തിന്റെ മുഖവുരയിൽ ശ്രീ ശരീശ്ചന്ദ്രാ ഇപ്രകാരം പ്രസ്താവിച്ചുകാണുന്നു കാലക്രമത്തിൽ സംസ്കൃതഭാഷയായിരുന്ന മാഗധി പല വ്യതിയാനങ്ങളിൽകൂടി വന്നു അനേകഭാഷകളുടെ മാതൃതാം സ്ഥാപിച്ചു. അവയിൽ പ്രധാനമായവ മാഗധി, ഹിന്ദി, ഉറിയാ ഇവയാണ്. അതിനാൽ മാഗധിയിൽ നിന്നാണ് ഹിന്ദിയുടെ ഉത്ഭവമെന്ന ഒരുപക്ഷമുണ്ട്. എന്നാൽ മി. റോഡിയർ എന്ന ജർമൻ പൌരസ്ത്യഭാഷാപണ്ഡിതൻ "സംസ്കൃതം ന്യായിൽ പരം ഭാഷകളുടെ ജനനിയാണെന്നും അവയിൽ പ്രധാനങ്ങളായവ ഹിന്ദി, ബംഗാളി ഇവയാണെന്നും" പ്രസ്താവിച്ചിട്ടുണ്ട്. ഈ പക്ഷാന്തരങ്ങളിൽനിന്നും വിഭിന്നങ്ങളായ അഭിപ്രായങ്ങളും ഇല്ലെന്നില്ല. പ്രാകൃതത്തിൽനിന്നാണ് എല്ലാഭാഷകളും ഉത്ഭവിച്ചതെന്ന് പ്രാകൃതചന്ദ്രികാകാരൻ പ്രസ്താവിച്ചുകാണുന്നു. ഏതുവിധമായാലും സംസ്കൃതഭാഷയെ അടിസ്ഥാനമാക്കിയാണ് പൌരസ്ത്യഭാഷകളുടെ പുരോഗതിയുണ്ടായതെന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല.

ഹിന്ദിഭാഷയുടെ ആദ്യകാലം വീരഗാഥാകാലം എന്നപേരിനാലാണ് ശ്രീ രാമചന്ദ്രശുക്ല, തന്റെ സാഹിത്യചരിത്രത്തിൽ പ്രതിപാദിച്ചുകാണുന്നത്. പൂർവമധ്യകാലം അഥവാ ഭക്തികാലം ഹിന്ദിസാഹിത്യത്തിലെ സുവർണ്ണകാലമായിരുന്നു. എന്തെന്നാൽ ഈ കാലത്തിലെ സാഹിത്യം നിരാശാഗർത്തത്തിൽ ആണ്ടുപോകുമായിരുന്ന ഒരു ജനതയെ ഉദ്ധരിക്കുകയാണ ചെയ്തത്.

"മൂലഗുസായി ചരിതം" എന്ന ഗ്രന്ഥത്തിന്റെ ഒരുഭാഗത്തു് അതിന്റെ രചയിതാവായ വേണീമാധവൻ, ശ്രീ കേശവദാസൻ ഗുസായിയെ സന്ദർശിക്കുന്നതിന് ചെന്നിരുന്നുവെന്ന് പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ ശിഷ്യന്മാർമുഖാന്തിരം ഈ ഉദ്ദേശം മനസ്സിലാക്കിയ ഗുസായിസ്വാമികൾ,

"കവി ഹ്വൈ തോ കേശവ"
ആവ നദേ''

(പ്രാകൃതകവിയായ കേശവദാസ് വരുവാൻ പാടില്ല) എന്നു പറയുകയും, പക്ഷേ വന്നസ്ഥിതിക്ക് കാണുന്നതിനു വിരോധമില്ലെന്നു അറിയിക്കുകയുംചെയ്തു. എന്നാൽ അഭിമാനിയായ കേശവദാസൻ തിരിച്ചുപോയി. പിറ്റേദിവസം രാവിലെതന്നെ "രാമചന്ദ്രിക" എന്ന ഭക്തികാവ്യം രചിച്ചുകൊണ്ടുവന്നു് ഗുസായിയെ സന്ദർശിച്ചുവെന്നും വേണീമാധവൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുകൊണ്ടു മനസ്സിലാക്കേണ്ടതു് അക്കാലത്തു് ഭക്തകവികളും പ്രാകൃതകവികളും എന്നു് രണ്ടുകൂട്ടർ ഉണ്ടായിരുന്നുവെന്നാണ്. ഭക്തികവികൾ, പ്രാകൃതകവികളെ, നീചജനങ്ങളുടെ വൈതാളികന്മാരായി ഗണിച്ചുവന്നിരുന്നു. ഗുസായിയുടെ വാക്കുകൾതന്നെ നോക്കുക:

കിൻഹോം-പ്രാകൃത-ജൻഗുൻഗാനാ-
സീർ ധുനി-ഗിരാ ലാഗ് പചിതാനാ

(നീചരേ സ്തുതിക്കുന്ന കവികൾ സങ്കടപ്പെട്ട പശ്ചാത്തപിക്കുന്നു.)

മധ്യയുഗത്തിലെ തുളസീദാസൻ മാത്രമായിരുന്നില്ല ഭക്തകവി. അദ്ദേഹത്തിനുമുമ്പും പിമ്പും അനേകം ഭക്തകവികളുണ്ടായിരുന്നു. ഇവരെല്ലാം അപരിക്കൃതരായ ജനങ്ങളെ സ്തുതിക്കുന്നതുപേക്ഷിച്ചു് ഈശ്വരനേയും ഈശ്വരഭക്തന്മാരേയും കുറിച്ചുള്ള ഗീതങ്ങൾ രചിച്ചു ഈ ഭക്തകവികളുടെ കാവ്യവിഷയം "ഭക്തി" ഒന്നുമാത്രമായിരുന്നു. എന്നാൽ യാതൊരു സങ്കുചിതമനഃസ്ഥിതിയും കാണിച്ചതുമില്ല. രീതികാവ്യങ്ങൾ (ശൃംഗാരകാവ്യങ്ങൾ) ശൃംഗാരവിഷയമാത്രപ്രതിപാദിതങ്ങളായിരുന്നപ്പോൾ ഭക്തകവികൾ സങ്കുചിതമായ ഒരു പന്ഥാവാണ് ആ കാവ്യകാരന്മാർ സ്വീകരിച്ചതെന്നും മനസ്സിലാക്കണം. "കേശവദാസ"ന്റെ നഖശിഖാന്തവർണ്ണന എത്രമാത്രം ആഭാസസങ്കലിതമാണ്. ഭക്തകവികളാകട്ടെ അവരുടെ വാസനാവൈചിത്ര്യം, ചിന്താശക്തി, ഭാവനാസമ്പന്നത എന്നിവയെക്കൊണ്ടു് പലപ്രകാരത്തിൽ അസംഖ്യം കാവ്യങ്ങൾ സരസ്വതീക്ഷേത്രത്തിൽ അർപ്പിച്ചിട്ടുണ്ട്. അവരുടെ ശൈലിയും ഭാഷാപ്രൌഢിയും തത്കാലത്തെ ഭക്തിപ്രത്യേകതകളുമായിരുന്നു. സബ്ദി, സംഖിര മൈനീ എന്നീ പദ്യവിശേഷങ്ങളുപയോഗിച്ചു രചിച്ചിട്ടുള്ള അനേകം ഭക്തനിർഭരങ്ങളായ ഖണ്ഡകാവ്യങ്ങളും മഹാകാവ്യങ്ങളും ഹിന്ദി ഭാഷയുടെ നേട്ടങ്ങളാണ്. ഈശ്വരവാദപരമായ ഭക്തന്റെ ഹൃദയവിശേഷമാണ് ഭക്തി. അതിനാൽ ഭക്തൻ, ഭക്തി, ഭഗവാൻ ഇവയാണ് ഭക്തിരസത്തിന്റെ ഘടകങ്ങൾ. ഭക്തകവികൾ ഭക്തിയെമാത്രമല്ല പ്രതിപാദിച്ചതു്. പ്രത്യുത ഈശ്വരന്റെ സ്വരൂപം, വിശിഷ്ടഗുണങ്ങൾ, ഈശ്വരകാരുണ്യം, ഭക്തജനമാഹാത്മ്യം, സംസാരദുഃഖസഹിഷ്ണുത, ദുഷ്ടനിഗ്രഹം ഇവയും പ്രസ്താവിതവിഷയങ്ങളായിരുന്നു. പുറമേ നിർഗുണോപാസകന്മാരായ ഭക്തകവികൾ ഭക്തിയെ ഗുരുവായി സങ്കല്പിച്ചു് സ്തുതിച്ചുകാണുന്നതുമുണ്ട്. ഗുരുവാണ് ഭഗവദ്ഭക്തിക്കു് ഉപദേശങ്ങൾ തരുന്നതും ഈശ്വരസാക്ഷാത്കാരം കൈവരുത്തുന്നതും. അതുതന്നെ "കബീർ" ഗുരുവിനെ ശ്രീഗോവിന്ദനെക്കാളുമായി കണക്കാക്കിയിരിക്കുന്നു. 'നാഭാദാസ്' എന്ന വേറൊരു ഭക്തകവി "ഭക്ത, ഭക്തി, ഭഗവന്ത് ഗുരുചതുരനാമ വരു ഏക്" (ഭക്തൻ, ഭക്തി ഭഗവൻ ഗുരു എന്ന നാലു നാമങ്ങളും ഒന്നുതന്നെ) എന്നു പ്രസ്താവിച്ചുകാണുന്നു.

എന്നാൽ ഭക്തിക്കാണ് ഈ നാലു വിഭാഗങ്ങളിലും പ്രാധാന്യം എന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഈശ്വരന്റെ രൂപത്തിലും ഗുണങ്ങളിലുമുള്ള വൈശിഷ്ട്യമാണ് ഭക്തിപ്രേരകമെന്നു് നിസ്സംശയം പ്രസ്താവിക്കുവാനുള്ളതുമാണ്. കബീർ, നാഭാദാസ് മുതലായ നിർഗുണപരബ്രഹ്മോപാസകന്മാരെ രണ്ടു ചേരിയായി പണ്ഡിതവർഗ്ഗം സാഹിത്യസാരഥിയായ ശ്രീ രാമചന്ദ്രശുക്ല തിരിച്ചിട്ടുണ്ട്. "ജ്ഞാനാശ്രയശാഖ"യെന്നും "പ്രേമാശ്രയശാഖ"യെന്നും ഉള്ള പേരുകളാണ് അദ്ദേഹം നൽകിയിട്ടുള്ളത്. അങ്ങനെ ഹിന്ദിയിലെ ഭക്തികാവ്യങ്ങളും നിർഗുണസമ്പ്രദായത്തിലും സഗുണസമ്പ്രദായത്തിലും ഓരോന്നിനും ഈരണ്ടു വിഭാഗങ്ങളോടുംകൂടി കാണാം. സഗുണപരബ്രഹ്മോപാസകന്മാരായ കവികളും ശ്രീകൃഷ്ണശാഖക്കാരും ശ്രീരാമശാഖക്കാരും എന്നു രണ്ടുതരക്കാരാണ്. സഗുണോപാസകന്മാർ ഈശ്വരനെ രൂപത്തെനൽകി ആരാധിക്കുന്നു. നിർഗുണോപാസകന്മാരായ ജ്ഞാനികളും പ്രേമികളും ഈശ്വരനു രൂപംകല്പിച്ചിട്ടില്ല. കുതുബൻ, മലിക് മുഹമ്മദ് ജായസി തുടങ്ങിയവർ പ്രേമമാർഗ്ഗത്തെ അവലംബിച്ചു് കാവ്യങ്ങൾ രചിച്ചു. പക്ഷേ ഈ "സൂഫി" കവികളും (മുഹമ്മദീയകവികളും) നിർഗുണബ്രഹ്മത്തെ പ്രേമഭാജനമായി ഉപയോഗിച്ചുകാണുന്നു. അതുകൊണ്ടു് അവർ ഭക്തിസമ്പ്രദായത്തിലുള്ള കവികളായി ഗണിക്കപ്പെടാമോ എന്ന ഒരു സംശയം, സാഹിത്യചരിത്രകാരന്മാരുടെ ഭാഷാപണ്ഡിതനുമായ "ഗ്രീ: അയോധ്യാസിംഹ് ഉപാധ്യായ" ഉന്നയിച്ചിരിക്കുന്നു. എന്നാൽ സൂഫിസിദ്ധാന്തപ്രസ്താവകനായ 'നൂമാൻ' എന്നയുറോപ്യൻ ഇപ്രകാരം പ്രസ്താവിക്കുന്നു

"If my soul is to go on into high spiritual blessedness it must become a woman, yes, however manly, that may be among men" (എന്റെ ആത്മാവു് ഏറ്റവുമധികം പുരുഷത്വങ്ങളുള്ളതായാലും ഉന്നത ആദ്ധ്യാത്മികാനുഭൂതികൈവരിക്കുന്നതിന് അതു് ഒരു സ്ത്രീരൂപം ആയിരിക്കണം) ഇതിനപ്പുറമേ, ആര്യധർമ്മസിദ്ധാന്തമനുസരിച്ചു് 'യച്ചിന്തന്തി തദ്ഭവന്തി' എന്ന വാക്യവും ഇതിനുപോൽബലകമാണ്. ഗീതയിലും "യേ യഥാമാം പ്രപദ്യന്തേ താൻ തഥൈവ ഭജാമ്യഹം" എന്നും കാണുന്നു. ഈ തെളിവുകൾ വച്ചുനോക്കിയാൽ ശ്രീ: 'ഹരിഔധ്' ന്റെ (ശ്രീ: അയോദ്ധ്യാസിംഹ് ഉപാധ്യായ) അഭിപ്രായത്തോടു് യോജിക്കുവാൻ നിവൃത്തിയില്ല. ആചാര്യ ശ്രീരാമചന്ദ്രശുക്ല "ആരവിന്റേയും പ്രേമത്തിനേയും സമ്മേളനമാണ് ഭക്തി' എന്ന് ഭക്തിയുടെ നിർവചനം കൊടുത്തിട്ടുള്ളതായി കാണാം ഈശ്വരൻ മഹത്തായ ഒരു ശക്തിയാണെന്നും, ഭക്തൻ ആശ്രിതനാണെന്നും ഉള്ള ഒരു ഭാവം ഹൃദയത്തിലുണ്ടായാൽമാത്രമേ ഭക്തിരസം ഉദിക്കയുള്ളൂ. അതിനാൽ ജായസി മുതലായ സൂഫികവികളുടെ കാവ്യങ്ങൾ ഭക്തികാവ്യപരമ്പരയിൽപെടുത്തുവാൻ വിഷമമുണ്ടെന്നു് വാദിക്കുന്നവരുമുണ്ടാകാം. ഈ വിഷയം ഇനിയും വിവാദഗ്രസ്തമാണ് പക്ഷേ ഭക്തികാവ്യങ്ങളെക്കുറിച്ചുള്ള ഭിന്നാഭിപ്രായങ്ങൾ ഭക്തന്മാരെ ബാധിക്കയില്ലല്ലോ.

ജ്ഞാനാശ്രയശീലനായ കബീറിനെക്കുറിച്ചും ചില തെറ്റിദ്ധാരണകൾ ഉന്നയിച്ചുകാണുന്നു. ഡാ: കൃഷ്ണലാൽ തന്റെ "ഭക്തികാവ്യങ്ങളുടെ ആത്മസത്ത" എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "ജ്ഞാനമാർഗത്തിലും അധഃകൃതവർഗ്ഗത്തിൽപെട്ടവളുമായ ശബരിക്ക് ശ്രീരാമന്റെ ദർശനം ലഭിച്ചുവെങ്കിൽ, ജ്ഞാനം വലംബിയായ കബീർ മുതലായവരുടെ ഭക്തിയെക്കാണ്ടു് ഭക്തിയെ വാദവിഷയമാക്കുകയല്ലെ ചെയ്യുന്നത്." കബീർ മുതലായ ഭക്തകവികളും, വേദാന്തസിദ്ധാന്തങ്ങളെ വ്യതിചലിച്ചോ എന്നും സംശയിക്കുന്ന പണ്ഡിതന്മാരുണ്ടെന്നു് പറയേണ്ടിവന്നതിൽ മനസ്താപമുണ്ട്. പക്ഷേ ശാന്തമായ ഹിന്ദുധർമ്മത്തെ, കബീർ, തന്റെ ലളിതമായ രചനാശൈലികൊണ്ടു് പണ്ഡിതന്മാർക്കും പാമരന്മാർക്കും ഒന്നുപോലെ പ്രാപ്യവും ആസ്വാദ്യകരവും ആദർശപരവുമാക്കിത്തീർത്തു എന്നാണ് എനിക്ക് അഭിപ്രായമുള്ളത്. ബുദ്ധന്റെകാലത്തു് ആര്യധർമ്മത്തി

അടുത്തപുറപ്പു്

ന്" ഉടലിരുണ്ടയോ. എങ്കിലും ഭക്തന് കവികളുടെ കബീർ മുതലായവരുടെ "ഭക്തിയുടെ വികൃതരൂപം" ഒരുതരത്തിലും അനുകരണീയമല്ലെന്ന് ഡോ: കൃഷ്ണലാൽ പ്രസ്താവിച്ചുകാണുന്നു. ഈ കവികളുടെ കൃതികളും ജ്ഞാനമാർഗ്ഗപ്രദർശകങ്ങളല്ലെന്നും നേരേമറിച്ച് ജ്ഞാനവിരുദ്ധങ്ങളാണെന്നും അദ്ദേഹം പറയുന്നു. ഈ അഭിപ്രായത്തോടു ആദ്യം യോജിക്കുമെന്നു തോന്നുന്നില്ല.

ഭക്തികാവ്യങ്ങളിൽ ഈശ്വരന് രൂപംകൊടുത്തിട്ടുണ്ട്. രൂപസങ്കല്പരഹിതമായ ഉപാസനാപദ്ധതിയുമുണ്ട് എന്നു വ്യക്തമാക്കിയല്ലൊ. ഇതിൽ രൂപരഹിതമായ ഉപാസനാപദ്ധതിയാണ് കബീർ സ്വീകരിച്ചതു്. അതു് വൈഷ്ണവമതാവലംബികൾക്ക് ഇഷ്ടമല്ല. അതുകൊണ്ടുതന്നെയാവണം ശ്രീ ഹരിഔധും ഡോ: കൃഷ്ണലാലും ജ്ഞാനോന്മുഖരായ ഭക്തകളെ അവഗണിച്ചുകാണുന്നതു്. സിക്കുമതക്കാരുടെ "ഗ്രന്ഥസംഹോബി"ൽ കബീറിന്റെ കൃതികളുണ്ട്.

"ചന്ദൻ കെ സംഗ് തരുവർ
ബിഗരേഉ
സോ തരുവർ ചന്ദൻ ഹോയേ"
നിബടേഉ

പാരസ് കെ സംഗ് തംബ
ബിഗരേഉ
സോ തംബ കഞ്ചൻ ഹോയേ"
നിബടേഉ

സന്തൻ സംഗ് കബിരാ
ബിഗരേഉ
സോ കബിർ രാമൈ ഹോയി
നിബടേഉ

സാരം — (ചന്ദന വൃക്ഷത്തിന്റെ സംസർഗ്ഗംകൊണ്ടു് അടുത്തുള്ളവൃക്ഷത്തിനും അതു ഗുണംകിട്ടും. സ്പർശമണിയുടെ സ്പർശനംകൊണ്ടും ചെമ്പും സ്വർണ്ണമാകും. ഋഷികളുടെ സംസർഗ്ഗംകൊണ്ടു് കബിരും രാമനായി തീർന്നു.) ഇപ്രകാരമുള്ള ലളിതങ്ങളായ ഉദാഹരണങ്ങൾകൊണ്ടു് ലോകരെ ഭക്തന്മാരാക്കുന്നതിനാണ് കബിറിനു സാധിച്ചു. അതാണ് കബിറിന്റെ വിജയം. തത്വസംഹിതകൾ ഉരുവിട്ടതുകൊണ്ടു് ആ മാർഗ്ഗത്തെ സ്വീകരിക്കണമെന്നില്ല. എന്നാൽ തുളസീദാസമഹാകവി "രാമചരിതമാനസ"ത്തിൽ വ്യംഗ്യരൂപേണ കബിറിന്റെ ജ്ഞാനോന്മുഖപദ്ധതിയെ അപലപിച്ചിട്ടുണ്ട്. ഉദാഹരണമായി ഉത്തരകാണ്ഡത്തിൽ കാകഭുശുണ്ഡി ശങ്കരനോടു പറയുന്ന ഭാഗം നോക്കുക.

"നിർഗുൺ രൂപ് സുലഭ് അതി
സഗുൺ ജാനി നഹീം കോയി"

(നിർഗുണരൂപം എല്ലാവർക്കും അതിയം. പക്ഷേ സഗുണരൂപം അതും അറിയുന്നില്ല.)

കബീറിന്റെ "രാമൻ" ദശരഥപുത്രനായ രാമനല്ലെന്നു മനസ്സിലാക്കേണ്ടതാണ്.

സ്ഥൂലരൂപത്തിൽ, ഭക്തികാവ്യങ്ങളിൽ ഈശ്വരനു് നിർഗുണസഗുണരൂപങ്ങൾ മാത്രമേ പ്രതിപാദിച്ചിട്ടുള്ളുവെങ്കിലും സൂക്ഷ്മരൂപത്തിൽനോക്കിയാൽ ഒരേതത്ത്വം ഒരേരൂപത്തിലാണ് ഈശ്വരനെ ഉപാസിക്കുന്നതു് എന്നു കാണാം. "ദാദു' എന്ന ഭക്തകവിയുടെ ശിഷ്യൻ ശ്രീ രജ്ജബ് "ഈശ്വരനു് മൂന്നരത്തിലുള്ള രണ്ടു രൂപങ്ങളും കരിക്കലും കാണുവാൻ സാധിക്കുകയില്ല" എന്നു പ്രതിപാദിച്ചിട്ടുണ്ട്. ഇതുപോലെ സഗുണോപാസകന്മാരും ഈശ്വരനു പല ഭാവങ്ങളും കല്പിച്ചിട്ടുണ്ട്. ഈശ്വരൻ കരുണാനിധിയും, ദീനബന്ധുവും ലീലാപ്രിയനും ആണെങ്കിലും, കവികളുടെ ഭാവനാരീതി, പ്രതിപാദനശൈലി മുതലായവകൊണ്ടു് വിലക്ഷണരൂപങ്ങൾനൽകിയിട്ടുള്ളതായി തർക്കിക്കുവാനുമാണു് തുളസീദാസന്റെ രാമൻ സപ്തഭാവനിധിയാണ്. "സമുദ്ധ സമുദ്ധി ഹൻ ഗ്രാമ് രാം
കെ ഉർ അന്തരാമ് ബഡാ ഉ.
തുളസീദാസ് അനയാസ് രാമപദ
പൈ ഹൈ പ്രേമ് പാസ് ഉ"

(ശ്രീരാമന്റെ ഗുണങ്ങളാം മനസ്സിലാക്കിയിട്ട് ഗ്രാമീണരുടെ ഭക്തി വളർച്ചു. സ്നേഹത്തൽ രാമപദം അനായാസേന പ്രാപിക്കാം. എന്നു സാരം)

സൂർദാസിന്റെ ശ്രീകൃഷ്ണൻ ലീലാപ്രിയനായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

"ഹരി അപ്നേ ആംഗേ കുച്ഛ
ശോഭത"
തനക് തനക് ചരൻ സോനേ ചത
മനഹിം
മനഹിം രിച്ഛിയത".....സൂർ

ശ്യാം കെ-ബാൽ ചരിത"-യേ നിത
ദേഖത മൻ ഭാവത" (ശ്രീകൃഷ്ണൻ എന്റെ മുമ്പിൽ പാട്ടുന്നു, നൃത്തം ചെയ്യുന്നു. എന്റെ മനസ്സിനെയെന്നല്ല, എല്ലാവരുടേയും മനസ്സിനെ സന്തോഷിപ്പിക്കുന്നു. ബാലശോഭാലന്റെ ഈ ലീലകളം ദിവസവും ഞാൻ കാണുന്നു. എന്റെ മനസ്സു സന്തോഷിക്കുന്നു—സാരം.)

ശ്രീനരോത്തമദാസ്, "സുദാമചരിത"ത്തിൽ ഭഗവാൻ കൃഷ്ണനെ കരുണാനിധിയായിട്ടാണ് ആരാധിച്ചിരിക്കുന്നതു്.

"ദേഖി-സുദാമാകി-ദീൻദസാ
കരുണാകേരി-കെ കരുണാനിധി
രോയേ.
പാനി-പരാത"-കെ ഛൂയേ-
നഹിം.
ബസ് നൈനൻ-കെ, ജൻ-സേ,
പാത'ധോയേ."

(സുദാമ (കുചേലൻ) യുടെ പരിതാപകരമായ സ്ഥിതികണ്ടിട്ട് കരുണാനിധി കരഞ്ഞു. വേറെ പാത്രത്തിൽ ജലമെടുത്തു കാലുകഴുകിക്കാതെ, അശ്രുക്കളുകൊണ്ടുതന്നെ സുദാമയുടെ പാദങ്ങളും കഴുകി.)

എന്നാൽ മീരാബായിയുടെ ഭഗവാൻ കൃഷ്ണൻ സുന്ദരമൂർത്തിയാണ്.

"ബസോ-രാമേരെ-നൈനൻ-മേം-
നന്ദലാൽ,
സാംവലി സൂരത്ത"-മാധുരിമൂരത്ത"-
നൈനം-
ബനേ വിശാൽ"

(ശ്യാമളവർണ്ണനും സുന്ദരമൂർത്തിയും വിശാലാക്ഷനുമായ ശ്രീകൃഷ്ണൻ എന്റെ കൺമുമ്പിൽ വസിക്കണമേ.)

ഇങ്ങിനെ ഒരേ മൂർത്തിയായ ഭഗവാനു് പല രൂപങ്ങളും കൊടുത്തിരിക്കുന്നതായി കാണാം.

ഭക്തികാവ്യങ്ങളിൽ ഭഗവാന്റെ നിരൂപണമാണ് പ്രധാനമെങ്കിലും ചിലർ ഭക്തന്മാരെയും സ്തുതിച്ചിട്ടുണ്ട്. നരഭോടസിന്റെ "ഭക്തമാല"യിൽ ഭക്തന്മാരുടെ ഗുണവർണ്ണനയാണ് പ്രധാനം. അതുപോലെതന്നെ നാഭാദാസിന്റെ "സുദാമാചരിത"വും "ധ്രുവചരിത"വും എഴുതി രണ്ടു ഭക്തവര്യന്മാരെയാണ് ലോകസമക്ഷം സമർപ്പിച്ചിട്ടുള്ളതു്. സൂർദാസും തുളസീദാസും അവരുടെ കാവ്യങ്ങളിൽ പ്രധാനമായി ഭഗവദ്വർണ്ണനയാണ് നടത്തിയിട്ടുള്ളതു്. എങ്കിലും ഭക്തന്മാരേയഥോചിതം സ്തുതിച്ചിട്ടുണ്ട്. സൂർദാസിന്റെ "ഭ്രമരഗീത"ത്തിൽ ഭക്തകളായ ഗോപികളെ ചിത്രീകരിച്ചിരിക്കുന്നു. തുളസീദാസും "രാമചരിതമാനസ"ത്തിൽ ഭരതൻ, ലക്ഷ്മണൻ, വിഭീഷണൻ, സുഗ്രീവൻ, ഗുഹൻ, ശബരി, നാരദൻ മുതലായ ഭക്തന്മാരെ സ്തുതിച്ചിട്ടുള്ളതായി കാണാം. കാണികളില്ലെങ്കിൽ നാടകം വിജയപ്രദമാകയില്ലെന്നു പറയുന്നതുപോലെ, ഭക്തന്മാരില്ലാത്ത ഭഗവദ്വർണ്ണന അർത്ഥവത്താകയില്ല.

ഭഗവൻ, ഭക്തൻ ഇവരുടെ വർണ്ണനയ്ക്കുശേഷം ഭക്തിഭാവത്തിന്റെ നിരൂപണവും ഭക്തികാവ്യങ്ങളുടെ പ്രത്യേകതയുമാണ് പ്രതിപാദിക്കേണ്ടതു്. ഓരോ കവിയും ഭഗവാനെ പല ഭാവനകളിലാണ് സ്തുതിച്ചിരിക്കുന്നതു്. ഭക്തനും ഭഗവാനും തമ്മിൽ പല ബന്ധങ്ങളും ചിത്രീകരിച്ചു് കാവ്യങ്ങളും രചിക്കപ്പെട്ടു. കബീർ, നിർഗുണപരബ്രഹ്മമായുള്ള ബന്ധം, പിതൃപുത്രബന്ധമെന്നപോലെ വർണ്ണിച്ചിരിക്കുന്നു.

"രാം-മേരേ പീഉ മൈ-രാം-
രാം-കി-ബഹുരിയ" (രാമൻ—പരബ്രഹ്മം — എന്റെ പ്രിയതമൻ. ഞാൻ രാമന്റെ പ്രിയതമ.)

മീരാബായിയും ഈ ബന്ധംതന്നെയാണ് ഉപയോഗിച്ചതു്.

"ഗിരധർ മ"ഹാരേ-സാംചേ-
പ്രീതം
ദേവത"-രൂപ"-ലുഭേ" (എന്റെ പ്രിയതമനായ കൃഷ്ണന്റെ സുന്ദരരൂപം എന്നെ സന്തോഷിപ്പിക്കുന്നു.)

തുളസീദാസനും ഭഗവാന് പല രൂപങ്ങളും സങ്കല്പിച്ചിട്ടുണ്ടെങ്കിലും സ്വയുഃസവകമാണ്, "രാമചരിതമാനസ"ത്തിൽ ഉടനീളംകാണുന്നതു്.

മീരാബായിയുടെ "വിരഹനിവേദനം" ഭക്തികാവ്യങ്ങളുടെ കൂട്ടത്തിൽ അപൂർവ്വസമ്പത്താണ്. അത്യാഡംബരരഹിതമായ പദാവലികൊണ്ടു് വിരഹവേദനയെ ഇത്രമാത്രം സുഷ്മമാക്കുന്നതിനുള്ള കഴിവു് വേറൊരു കവിയിലും കാണുമെന്നു തോന്നുന്നില്ല.

സഖി-മേരി-നീംദ് നസാനി-ഹോ
പിയ"കെപംഥ്"-നിഹാർ-തേ-സബ"
രൈന്-ബിഹാനി-ഹോ.
അംഗ് ഛീൻ-വ്യാകുൽ-ഭയി-സുഖ"
പിയ"പിയ"-ബാനി-ഹോ.
അന്തർ-വേദന"-വിരഹ"കീ-വഗ"
പീർന-ജാനി-ഹോ.
ജ്യോം-ചാതക"-ഘൻ-കെം-രടേ,
മഹരി-ജിമി പാനി-ഹോ
മീരാ-വ്യാകുൽ-ബിരഹണി സുധ"
ബിസരൂനി-ഹോ,
സരം (ഹേസഖീ, എനിക്ക് ഉറക്കമില്ല പ്രിയതമന്റെ വരവു് കാത്തു് ഞാൻ രാത്രിമുഴുവൻ കഴിക്കുന്നു. എല്ലാ അംഗങ്ങളും പ്രിയതമൻ തന്നെ മധുരശബ്ദങ്ങളുമൊക്കെക്കൊണ്ടു് കീഴടക്കി, ഇപ്പോഴും ഞാൻ ദുഃഖിക്കുന്നു. എന്റെ മനോവേദന ആ പ്രിയതമൻ അറിയുന്നില്ല.

ചാതകപക്ഷി മേഘത്തെയെന്നപോലെ, മത്സ്യം വെള്ളത്തെയെന്നപോലെ, വിരഹിയായ ഞാൻ പ്രിയതമനെ കാത്തു കഴിയുന്നു.)

ഇപ്രകാരം ഭക്തി, ഭക്തൻ, ഭഗവാൻ ഇങ്ങനെ മൂന്നു ഘടകങ്ങളുടെ സമ്മേളനമാണ് ഭക്തിരസമെന്നു് തുളസീദാസൻ, കബീർ, സൂർദാസ് മുതലായ ഭക്തകവികളുടെ കാവ്യങ്ങളും മീരാബായിയുടെ കൃതിയും ഉൽഘോഷിച്ചിരിക്കുന്നു.

അടുത്തതായി ഭക്തിയുടെ ആരംഭം എപ്പോൾ, എങ്ങിനെയുണ്ടായി എന്നു ആലോചിക്കേണ്ടിയിരിക്കുന്നു. ഇതിനെക്കുറിച്ചു് ശ്രീ കബീറിന്റെ അനുയായികളും രചിച്ചിട്ടുള്ള ഒരു ഈരടി പ്രസ്താവ്യമാണ്.

"ഭക്തി ദ്രാവിഡ" ഉപജി, ലായേ
രാമാനന്ദ"
പർഗട് കിയാ കബീർനെ സപ്ത
ദീപ് നവഖണ്ഡ""

(ഭക്തി ദ്രാവിഡദേശത്തിൽ ഉത്ഭവിച്ചു. കബീർദാസ് ഏഴു ദ്വീപങ്ങളിലും നവഖണ്ഡങ്ങളിലും പ്രചരിപ്പിച്ചു.)

എന്നാൽ പദ്മപുരാണത്തിന്റെ ഉത്തരകാണ്ഡത്തിൽ ഭക്തിതന്നെ തന്റെ ചരിത്രം പാടുന്നതായി കാണാം. "ഞാൻ ദ്രാവിഡദേശത്തിൽ ജനിച്ചു, കർണ്ണാടകദേശത്തിൽ വളർന്നു, മഹാരാഷ്ട്രത്തിൽ സഞ്ചരിച്ചു ഗുജറാത്തിൽവച്ചു ജീർണ്ണപ്രായമായി. കട്ടവിൽ വൃന്ദാവനത്തിൽ എത്തിയപ്പോൾ എനിക്കു നവജീവൻ ഉണ്ടായി." ഈ രണ്ടു അഭിപ്രായങ്ങളും ദ്രാവിഡദേശത്തുനിന്നാണ് ഭക്തി ഉത്തരഭാരതത്തിൽ പ്രചരിച്ചതു് എന്നു സ്പഷ്ടമാക്കുന്നുണ്ടു്. എന്നാൽ ദക്ഷിണഭാരതത്തിലെ ഭക്തിസമ്പ്രദായം ഉത്തരഭാരതത്തിലേതിൽനിന്നും വ്യത്യസ്തമാണ്. ഇതിനുള്ള കാരണം പലതരത്തിലുള്ള ആചാരരീതികളായിരിക്കാം. പശ്ചാത്തലത്തിൽനിന്നും ഉത്ഭവിക്കുന്ന നദി പ്രവാ

ഹമർഗ്ഗത്തിൽ ഏപ്രകാരമാണോ പലതരത്തിലുള്ള ദ്രവിഭാഗങ്ങളിൽക്കൂടി പല പ്രകാരത്തിൽ തിരിഞ്ഞു', ഇടതിങ്ങിയ വനങ്ങളിൽക്കൂടി ഒഴിച്ചുകളിച്ചു', വളഞ്ഞൊഴുകി സമതലഭൂമിയിൽവന്നു സ്ഥിരമായ സരണിയെ സ്വീകരിച്ചതു', അപ്രകാരം ഭക്ഷിണഭാരതത്തിൽനിന്നും ഭക്തിയും പല ഘട്ടങ്ങളെ കടന്നു വലിയ വ്യതിയനങ്ങളോടുകൂടി ഉത്തരഭാരതത്തിൽ എത്തി. ജ്ഞാനമാകുന്ന ഗിരിയിൽ നിന്നും ഉത്ഭവിക്കുന്നതുകൊണ്ടു' ഫലഭൂയിഷ്ഠമാണു ഭക്തി. ഉത്തരഭാരതത്തിൽ ഒരുവശം തുളസീദാസന്റെ ശ്രീരാമഭക്തിപ്രേമവും, മധുരശ്രീകൃഷ്ണലീല, രാസലീല എന്നിവയും കാണാം. ഇവയെല്ലാം ഭക്തിയുടെ പ്രകടനഭേദങ്ങളാണു. ക്ഷിണഭാരതത്തിലെ സിദ്ധന്മാരുടെയും ഹാഠയോഗികളുടെയും ഉപാസനാരീതി പരപ്രീതിക്കു് ഉപയുക്തമല്ലെന്നു മനസ്സിലാക്കിയ കബീർ നിർഗ്ഗുണമാർഗ്ഗത്തിലുള്ള ജ്ഞാനത്തെ ആശ്രയിച്ചു.

ജയദേവനും വിദ്യാപതിയും സരസമധുരങ്ങളായ കൃതികൾ രചിച്ചു. ജയദേവന്റെ ഗീതഗോവിന്ദം സംഗീതസാഹിത്യസാരസർവ്വസ്വമാണു'. ഏതൊരു മനുഷ്യനേയും ആകർഷിക്കുന്നതിനുള്ള ശക്തി ആ കൃതിക്കുണ്ടെന്നു സ്പഷ്ടമാണു'. തുളസിദാസൻ ധർമ്മ,നിഗമ,പുരാണശാസ്ത്രങ്ങളിൽ പണ്ഡിതനായിരുന്നു; എന്നാൽ കബീർ പാമരനും. പക്ഷേ ഇരുവരും ഭക്തജനങ്ങളെ ഒരുപോലെ ആശ്ലേഷിച്ചു' അനുഗ്രഹിച്ചു. സൂർദാസു', മീരാബായി, വിദ്യാപതി എന്നിവർ കവിശയകന്മാരും തുളസീദാസൻ, കബീർ തുടങ്ങിയവർ ആചാര്യന്മാരുമാണു'. രാമഭക്തിയിലേക്കു ജനങ്ങളെ ആകർഷിക്കുന്നതിനു തുളസീദാസനെപ്പോലെ വേറൊരു ഭക്തകവിക്കും സാധിച്ചിട്ടില്ലെന്നു നിസ്സംശയം പറയാം. തുളസീദാസനേയും രാമചരിതമാനസത്തേയുംകുറിച്ചു' മി. ഗ്രിയർസൻ തന്റെ "മോഡേൺ ഒഫ് വെർണാക്കുലർ ലിറ്ററേച്ചർ ഓഫ് ഹിന്ദുസ്ഥാൻ" എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പ്രസ്താവിച്ചുകണ്ടതു:

"The importance of Thulsidas in the History of India cannot but be overated. Putting the literary merits of his work out of the question, the fact of its universal acceptance by all classes from Bhagalpur to the Punjab and from Himalaya to the Narbada is surely worthy of note. His work is the Bible of a 100 millions of people and is looked upon by them as much inspired as the Bible is considered by the English clergyman.

(ഇന്ത്യാചരിത്രത്തിൽ തുളസീദാസന്റെ സ്ഥാനം അത്യുന്നതമാണു'. തുളസീകൃതമായ രാമായണത്തിന്റെ സാഹിത്യമൂല്യം തള്ളിയാലും, ഭഗൽപൂർ മുതൽ പഞ്ചാബുവരെയും, ഹിമാലയം മുതൽ നർമ്മദാനദിവരെയുള്ളവരുമായ സകല ജനങ്ങളാലും അംഗീകരിക്കപ്പെട്ടിട്ടുള്ളതാണു'. അദ്ദേഹത്തിന്റെ കൃതി, ഇംഗ്ലീഷ്പുരോഹിതന്മാർ എങ്ങിനെ ബൈബിളിനെ ആദരിക്കുന്നുവോ അതുപോലെ ഭാരതത്തിലെ ലക്ഷോപലക്ഷം ജനങ്ങളാൽ ആദരിക്കപ്പെട്ടുന്ന ബൈബിളാണു' — സംഭാ.)

ഇതിൽനിന്നെല്ലാം ഭക്തകവിയായ തുളസീദാസന്റെ മഹിമ തെളിയുന്നുണ്ടു'. ഇപ്രകാരം കബീറാണു' നിർഗ്ഗുണപന്ഥാവിൽ വിജയം വരിച്ചിട്ടുള്ള ആചാര്യൻ. നന്ദദാസിന്റെ 'ഭ്രമരഗീതവും 'രാസപഞ്ചാധ്യായി'യും അത്യുജ്ജ്വലങ്ങളായ ഭക്തകാവ്യങ്ങളാണു'.

സൂരദാസും തുളസീദാസും ഹിന്ദി ഭാഷയുടെ സൂര്യചന്ദ്രന്മാരാകുന്നു. "സൂർസൂർ തുളസിസസി" എന്ന പ്രയോഗം സുപ്രസിദ്ധമാണു'. എന്നാൽ ആധുനികകാലത്തെ ചരിത്രകാരന്മാരും വിമർശകന്മാരും ഭക്തകവികളിൽ തുളസീദാസനേയും കബീറിനേയും കുറിച്ചുമാത്രമേ പ്രതിപാദിച്ചുകാണുന്നുള്ളു. ഇവരുടെ കൃതികളിന്മേൽ മണ്ഡനങ്ങൾക്കുള്ള അവസരം അതായിരിക്കും. ബുദ്ധിവാദികളും നാം ഗായികയായ മീരാബായിയേയും, ഗായകവൃന്ദനായ സൂർദാസനേയും വിസ്മരിക്കുന്നതു'. എന്നാൽ ഇവരുടെ ഗാനങ്ങളും പാട്ടുകളും ഭക്തിയിൽ ലയിച്ചുപോയിട്ടുള്ളതുകൊണ്ടു' ആചാര്യന്മാരുടെ പദവിയിലെത്തിച്ചേർന്നില്ല. ഭാരതം മുഴുവൻ ഉണ്ടായിരുന്നു.

അങ്ങനെ നാസ്തികമതത്തെ ആസ്തിക്യമാക്കിയിരുന്ന ഒരു ജനതയെ ഉദ്ധരിക്കുന്നതിൽ ഹിന്ദിയിലെ ഭക്തകവികളും വഹിച്ചിട്ടുള്ള പങ്കു് അവിസ്മരണീയവും സ്തുത്യർഹവുമാണു് എന്നു നിസ്സംശയം പ്രസ്താവിക്കാം.



ശ്രീ: കെ. വ്യ,ം. പണിക്കരുടെ ആത്മകഥ

ഇന്ത്യയുടെ രാഷ്ട്രീയജീവിതത്തിൽ പ്രാധാന്യമർഹിക്കുന്ന അപൂർവ്വം ചില വ്യക്തികളിലൊരാളായ സർദാർ കെ. എം. പണിക്കർ ഒരു രാഷ്ട്രീയപ്രവർത്തകനെന്നതിനേക്കാൾ ചരിത്രപ്രവർത്തകനെന്നതിനും രാജ്യതന്ത്രജ്ഞനെന്നതിനും സർവോപരി സാഹിത്യകാരനെന്നതിനും നിലയിൽ ചെയ്തിട്ടുള്ള മഹത്തായ സേവനങ്ങളെ ശരിക്കറിയണമെങ്കിൽ ഈ ആത്മകഥ തന്നെ വേണം. സംഭവരംഗങ്ങളുടെ വൈവിധ്യം, പരിചയസീമയുടെ വൈപുല്യം, രചനയുടെ വൈചിത്ര്യം, വ്യക്തിത്വത്തിന്റെ വൈഭവം എന്നിവയെല്ലാം ഇതിൽ തെളിഞ്ഞുകാണാം. 500 പേജ്. മേനിക്കടലാസ്സ്. നല്ല ബയണ്ട്. അനേകം ചിത്രങ്ങളും. വില 4 ക.

ശ്രീമതി കുഞ്ഞി

'സഞ്ജയന്റെ ശേഷം ഹാസ്യവും നല്ലൊരു ഹാസ്യസാഹിത്യകാരൻ മലയാളത്തിലുണ്ടായിട്ടുണ്ടെങ്കിൽ അതു ശ്രീ പി. കെ. രാജരാജവർമ്മയാണെന്നതും സമ്മതിക്കും. അദ്ദേഹത്തിന്റെ ലേറ്റസ്റ്റ് പ്രസിദ്ധീകരണമാണു് 'ശ്രീമതി കുഞ്ഞി.' വില 1 ക.

ഭാവി നമ്മുടെ (രണ്ടാംപതിപ്പു്)

ഇന്ത്യയിലെ പുരോഗമനസാഹിത്യകാരന്മാരിലൊരാളായ ശ്രീ: അഹമ്മദ് അബ്ബാസ് എഴുതിയ Tomorrow is our's എന്ന നോവലിന്റെ സ്വതന്ത്രവിവർത്തനം. വിവർത്തകൻ: ജനകി എൻ. മേനോൻ. ജി. യുടെ അവതാരിക. വില: 1 ക. 8 ണ.

നിത്യജീവിതത്തിലെ രതിശാസ്ത്രം

(രണ്ടാംപതിപ്പു്)

പ്രായോഗികമായ ഒരു ലൈംഗികശാസ്ത്രഗ്രന്ഥം. ഉപകാരപ്രദവും പ്രാധാന്യമർഹിക്കുന്നതുമായ പ്രതിപാദനം. ലൈംഗികജീവിതത്തിലേയ്ക്കു കടക്കുന്ന യുവലോകത്തിനു് ഒരൊന്നാന്തരം മാർഗ്ഗദർശി. വില: 2 ക.

മേഘച്ഛായ (രണ്ടാംപതിപ്പു്)

കാളിദാസന്റെ മേഘസന്ദേശത്തിനു പല തർജ്ജമകളും മലയാളത്തിലുണ്ടു്. പക്ഷേ മഹാകവി ജി.യുടെ മേഘച്ഛായയ്ക്കു കാളിദാസന്റെ മേഘത്തിനുള്ള ഛായ കൈവന്നിട്ടുള്ള. വില 1 ക.

മംഗളോദയം ലിമിറ്റഡ്, തൃശ്ശിവപേരൂർ.

നക്ഷത്രഫലം

– തകഴി കെ. രാമവാര്യർ –

12-2-1129 — 18-2-1129.
28-9-1953 — 4-10-1953.

അശ്വതി— ചിന്താക്ലേശപ്പെടും മനസ്സിനു് അസ്വസ്ഥതയുളവാക്കും. സ്ഥാനചലനഭീതിയുദിക്കും. ധനപരമായ ചെലവും ക്ലേശവും നല്ലപോലെ നേരിടും. ജീവിതപുരോഗതിക്കുവേണ്ടി ചില ശ്രമങ്ങൾ നടത്തും. ജലദോഷം പിടിപെടും.

ഭരണി - കാർഷികമായ ചിന്തയുദിക്കും. ബഹുമാനമുളവാകത്തക്ക കർമ്മകുശലതയുളവാക്കും. ബന്ധുക്കളെക്കൊണ്ടു് അനുകൂലവും ശ്രേയസ്സും ലഭിക്കും. ഉചിതമായ കാര്യങ്ങളിൽ ഏർപ്പെടും. തൊഴിലാളികളുടെ കാര്യത്തിൽ ശ്രദ്ധപതിക്കും. അന്യാധീനതയുണ്ടാകും.

കാർത്തിക - പ്രവർത്തനസാധ്യതയ്ക്കുവേണ്ടി ഏതു ത്യാഗവും സഹിക്കും. അമേഹകാര്യത്തിൽ മനസ്സുവ്യാപരിക്കും. ഭാഗ്യപുഷ്ടിക്കുള്ള പരിസരം സൃഷ്ടിക്കും. ഏതു കാര്യത്തലയിലും അശ്രദ്ധ പ്രത്യക്ഷപ്പെടുത്തും. വിനോദത്തിനു് ധനവ്യയംചെയ്യും. തലവേദനയുണ്ടാകും.

രോഹിണി - ഇഷ്ടജനവുമായി അകാരണകലഹം പൊട്ടിപ്പുറപ്പെടും. നഷ്ടംവരുന്നകാര്യം വലയംചെയ്യും. ചില അപമാനങ്ങളിൽക്കൂടി സമാധാനമുണ്ടാകുവാൻ മതിയാം. വിപരീതഫലങ്ങൾ ഉളവാകും. തൊഴിൽ മന്ദഗതിയെപ്രാപിക്കും. രക്തശുദ്ധി കുറയും.

മകയിരം—സന്താനങ്ങളുടെ കാര്യത്തിൽ മനസ്സു് ക്ലേശിക്കും. അനുകൂലമായ പരിവർത്തനംമൂലം തൊഴിൽ വിപുലീകരണം നടത്തിക്കൊണ്ടുപോകും. അല്പം വിശ്രമം ആവശ്യമായിത്തീരും. നിരാശകരം നീങ്ങും. ഭേദകരമായ വാർത്ത ശ്രവിക്കും,

തിരുവാതിര - അനർഹമായ ചെയ്തികൾക്കു് വിധേയരാകും. ചിത്തശല്യതകരം. ഗൃഹാങ്കണങ്ങൾ ഉണ്ടാകും. ഏതുകാര്യത്തിലും വിളംബം കാണും. സംതൃപ്തിക്കുള്ള പരിസരം കുറയും. ശാരീരികമായും കായികമായും ക്ഷീണം ഉണ്ടാകും.

പുണർതം— വിജയസാധ്യതയ്ക്കുവേണ്ടി അയോഗ്യമായ നില സ്വീകരിക്കും. ആത്മാർത്ഥത ഒന്നിലും പ്രത്യക്ഷപ്പെടുത്തുകയില്ല. ചില തെറ്റിദ്ധാരണ കാര്യവിഷ്ണുമുളവാകും. അധികൃതരെ സമീപിക്കും. അപമാനത ഉണ്ടായിത്തീരുവാൻ ഇടയുണ്ടാകും.

പൂയം - അനുകൂലികളെന്നു ധരിച്ചിരുന്നവർപോലും പ്രതികൂലികളായി രൂപാന്തരപ്പെടും. സഹപ്രവർത്തകർ അന്തർദ്ധിദ്രത്തിൽ ഇളക്കിവിടും. യാത്രാവസരത്തിൽ കരുതൽവേണം. നഷ്ടവും മനോക്ലേശവും വന്നുകൂടും.

ആയില്യം — അവകാശപുരോഗതിക്കു് അല്പം വ്യതിയാനം സംഭവിക്കും. ചില പൂർവ്വാർജ്ജിതം കാര്യസാധ്യത്തിനു് വിലങ്ങുതടിയായി പരിണമിക്കും. സാമൂഹ്യപ്രവർത്തനത്തിൽ നല്ല പങ്കുവഹിക്കും. അപവാദങ്ങൾക്കു് ശരവ്യനാകും. ത്രിദോഷംകോപിക്കും.

മകം - ഉദ്ദേശംപോലെ പ്രവർത്തനം പുഷ്ടിപ്പെടുകയില്ല. അയോഗ്യർ സഹായവൃത്തികളെന്ന ഭാവേന സമീപിക്കും. ചില നഷ്ടം പരിഹരിപ്പാൻ സന്ദർഭംലഭിക്കും. ഗൃഹസുഖം കുറയും. ക്ലേശകരമായ സംഭവവികാസമുണ്ടാകും.

പൂരം—നിസ്സാരങ്ങളായ കാര്യങ്ങളും ശത്രുതയുംവെച്ചുകൊണ്ടു് മനസ്സിനെ മഥിക്കും. അഭിമാനത്തിനു ക്ഷതംതട്ടും. കാലദോഷത്താൽ അനിഷ്ടതയും വ്യയവും കലഹവുംതട്ടും. മരാമത്തുകൾക്കു് മുടക്കമുണ്ടാകും.

ഉത്രം —പരിശ്രമവും പ്രവർത്തിയും അഭ്യുദയത്തിനിടവരുത്തും. സ്ഥാനപുഷ്ടിക്കുവേണ്ടി ലാഭത്യജിച്ചും സേവനം നടത്തും. സാമ്പത്തികമായ കഴ്പ്പങ്ങളും വർദ്ധിക്കും. പൊതുവെ പല തെറ്റിദ്ധാരണയും ജനിക്കും.

അത്തം—മനോഭിലാഷം ചില പരിവർത്തനങ്ങളെക്കൊണ്ടു് സാധിക്കും. പരുഷവാക്കുകൾ കേൾക്കും. പ്രവർത്തനക്ഷയപ്പം നീങ്ങും. ചില ക്രയവിക്രയത്താൽ ലാഭം ഉണ്ടാക്കുവാൻ കഴിയും. പാരിതോഷികത്തിനിടവരും ഉദരാമയം ശല്യപ്പെടുത്തും. ചിത്തിര - സന്തോഷകരമായ യാത്രകൾ നടത്തും. വിവിധ കഴ്പ്പങ്ങളും മനോവ്യഥ സൃഷ്ടിക്കും. ചില സന്ദർഭങ്ങളും ഇതികർത്തവ്യതാമൂഢതയുളവാക്കിത്തീർക്കും. തൊഴിൽപരമായിട്ടുള്ള ക്ഷീണം പരിഹരിപ്പാൻ പല സാഹസവും നടത്തും.

ചോതി—നയപൂർവ്വമായ പെരുമാറ്റപ്രവർത്തനങ്ങളും വിജയസാധ്യതയെ ഉണ്ടാക്കും. പ്രതീക്ഷാതീതമായ പ്രീതിപ്രശസ്തിയും പ്രയോജനവുമുണ്ടാകും. ഭേദകരമായ ഘട്ടങ്ങളും ഭീതി വളർത്തും. സ്വാന്തംജനങ്ങളും വിദ്വേഷം ഭാവിക്കും.

വിശാഖം—സ്വജനങ്ങളും കൃതഘ്നമായി പെരുമാറും. സ്വപക്ഷീയർ പിൻമാറും. പരാജയവും ശിരോരുക്കും ദുഃഖവും വ്യയവും സംഭവിക്കും. പ്രവർത്തനത്തിനു സാരമായ ഭോഷ്കങ്ങളും തട്ടുകയില്ല.

അനിഴം—ഏതുകാര്യത്തിലും നിരാശയും പശ്ചാത്താപവും ജനിക്കും. ശത്രുക്കളും പെരുകും. നേതൃത്വങ്ങളിൽ കഴ്പ്പം സൃഷ്ടിക്കും. ലാഭമെന്നു കരുതിയവ നഷ്ടത്തിൽ കലാശിക്കും. മാതൃജനങ്ങളെ വൃഥാ അപവദിക്കും.

തൃക്കേട്ട—മനസ്സിന്റെ പരിഭ്രാന്തി പല കഴ്പ്പങ്ങളും പ്രവർത്തനരാഹിത്യങ്ങളുണ്ടാകും. വ്യയാധിക്യം കൂടും. സന്താനങ്ങളുടെ ഗതിയിൽ നഷ്ടം സംഭവിക്കും. മംഗളകാര്യങ്ങളെപ്പറ്റി ചിന്താകുലരാകും. ദേശീയകാര്യത്തിൽ ദൃഷ്ടിപതിക്കും.

മൂലം—ശരീരവുമുള്ള ചുമതലകൾ ഏറ്റെടുക്കും. സാമ്പത്തികമായ നേട്ടങ്ങളും ചില പ്രത്യേകവ്യക്തികളുടെ സമ്പർക്കംകൊണ്ടു ലഭിക്കും. എന്നാൽ പ്രബലശത്രുതയുള്ളതുകൂടും അതോടുകൂടി ഒരുക്കും. നൂതനകാര്യങ്ങളിൽ തലയിടും.

പൂരാടം—ചില അനുകൂലങ്ങളും ദൈവികമായി വന്നുകൂടും. ചില കടപ്പാടുകൾനിമിത്തം കഴിവിൽക്കവിഞ്ഞ ക്ലേശം സഹിക്കും. ആശ്രിതർ ചില കഴ്പ്പങ്ങളിൽ ചാടിക്കും. സന്താനങ്ങളുടെകാര്യത്തിൽ ശ്രദ്ധ മുഴുവൻ കേന്ദ്രീകരിക്കും. വായുകോപിക്കും.

ഉത്രാടം—ചില സാധീനശക്തി വെച്ചുകൊണ്ടുള്ള കുതിച്ചുചാട്ടം അപകടത്തിലുണ്ടാക്കും. - ആദായമാർഗ്ഗം കൂട്ടുതലായുണ്ടാകും. സഹായികളായിരുന്നവർ പ്രതിപക്ഷത്തു നിൽക്കും. അവിചാരിതമായ നഷ്ടം സംഭവിക്കും.

തിരുവോണം— ഗൃഹപരിഷ്കരണാദിയിൽ ഉത്സുകതനാകും. ധനപരമായ വൈക്ലബ്യങ്ങളും വലയംചെയ്യും. ശോഭനത്തിനുവേണ്ടി പല വിക്രമങ്ങളും നടത്തും. കൃത്യവും കർമ്മവും തെറ്റും. സ്വന്തംജനത്തെക്കൊണ്ടുനഷ്ടവരും.

അവിട്ടം— മത്സരബുദ്ധി പണവ്യയത്തിനിടവരുത്തും. പ്രവർത്തനത്തിനു മാന്ദ്യംതട്ടും. ഭരണീയർ വ്യർത്ഥകലഹിക്കും. അവഹേളനത്തിനു പാത്രമാകും. പ്രയത്നഫലം കുറയും. ചില പരുക്കുകളും വ്യതിയാനവും ഉണ്ടാകും.

ചതയം—ഏതുപ്പുകളേയും പ്രതിബന്ധങ്ങളേയും തരണംചെയ്യും. ദേശീയകാര്യങ്ങളിൽ പ്രതിപത്തിയുദിക്കും. ഉന്നതവ്യക്തികളുമായി സഹകരിക്കും. ഭാവിക്കുവേണ്ട കാര്യങ്ങളെപ്പറ്റി ചിന്തിക്കും, കൂടുതൽ ആദായമാർഗ്ഗത്തിനു തിരക്കും.

പൂരുരുട്ടാതി ഉന്നതസ്ഥലങ്ങളിൽ ബഹുമതി വർദ്ധിക്കും. ബുദ്ധിപൂർവ്വമായ പെരുമാറ്റം പൊതുജനപിന്തുണയ്ക്കിടയാക്കും. ആശ്രയസ്ഥാനചലനം സംഭവിക്കാം. മനസ്സിനു സഹപ്രവർത്തകരിൽ അസ്വാസ്ഥ്യംവരും, അപവാദം കേൾക്കും.

ഉത്രട്ടാതി—ഏതുവിധ നഷ്ടംസഹിച്ചും അഭിലഷിതകാര്യം പൂർത്തീകരിക്കും. കാർഷികവ്യയം വർദ്ധിക്കും. സുഖത്തിനായി പണം യഥേഷ്ടം ചെലവിടും. ബന്ധുക്കൾക്കു് പൊട്ടെന്നു ചില വിപത്തുകളും ഉണ്ടാകും. കൂടപ്പിറപ്പുകൾ കൂടിവരും. കളത്രസുഖം കുറയും.

രേവതി—തൊഴിൽപരമായ പുരോഗതി പ്രതീക്ഷിക്കാം. ബഹുമതിയും ധനലാഭവും ലഭിക്കും. വിക്രമവും വക്തൃത്വംകൊണ്ടു കാര്യനിവർത്തിക്കുവിളംബം ഉണ്ടാകും. സുഖം നല്ലവണ്ണം ഉണ്ടാകും. സഹായിച്ചവരിൽ നിന്നും നിരാശയ്ക്കിടവരും. രക്തശുദ്ധി കുറയും. സന്താനപീഡയ്ക്കിടയുണ്ടു്.

—:—





എവറസ്റ്റ് ആരോഹണസ്മാരകസ്റ്റാമ്പു് ശാന്ധിജയന്തിദിനത്തിൽ പുറപ്പെടുവിക്കുന്നതാണു്. 2 ണ, 14-ണ എന്നിങ്ങനെ വില വരുന്ന ഇവയിൽ എവറസ്റ്റ് ശൃംഗത്തിന്റെ ചിത്രമാണുള്ളതു്. എവറസ്റ്റ് വിജയം എന്ന ഇംഗ്ലീഷ്, ഹിന്ദിയിലും അച്ചടിച്ചിട്ടുള്ളതുകൂടാതെ എവറസ്റ്റ് വിജയത്തിന്റെ രീതിയിലുംഇവയ ലുണ്ടായിരിക്കുന്നതാണു്.

പഞ്ചവത്സരപദ്ധതിയും വിദ്യാഭ്യാസവും

നാഗവള്ളിൽ ആർ. ജി. കുറുപ്പ് B. Sc., B. L., ആലപ്പുഴ.

II

കഴിഞ്ഞ ഒന്നാംഭാഗത്തിൽ പഞ്ചവത്സരപദ്ധതിമൂലം പ്രാഥമികവിദ്യാഭ്യാസം എങ്ങനെ പുരോഗമിക്കുമെന്നു നാം കണ്ടുകഴിഞ്ഞല്ലോ. ഇനി നമുക്ക് ഉന്നതവിദ്യാഭ്യാസം, സാമൂഹ്യവിദ്യാഭ്യാസം തൊഴിൽപരമായ വിദ്യാഭ്യാസം ഇവയെക്കുറിച്ച് ചിന്തിക്കാം. ഇവയിൽ പ്രഥമഗണനീയമായിരിക്കുന്നത് സർവ്വകലാശാലാവിദ്യാഭ്യാസമാകുന്നു. (University Education)

ഇന്നു ഭാരതത്തിൽ അനേകം സർവ്വകലാശാലകളും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. മിക്കസർവ്വകലാശാലകളുടേയും കീഴിൽ വിവിധകോളേജുകളും പ്രവർത്തനം നടത്തുന്നു. പക്ഷേ ഇന്നു നാം കാണുന്നതെന്താണ്? കോളേജു പ്രവേശനം ലഭിക്കാതെ അനേകം വിദ്യാർത്ഥികളും വിഷമിക്കുന്നു. ഇവരുടെ രക്ഷാകേന്ദ്രമെവിടെ?

കോളേജുകളിലെ വിദ്യാർത്ഥിബാഹുല്യത്തിനു ശരിയായ ഒരു പോംവഴി പ്ലാനിംഗ് കമ്മീഷൻ കണ്ടുപിടിക്കുന്നില്ല എന്നുള്ളതാണ് എന്റെ വിനീതമായ അഭിപ്രായം. കോളേജുകളിലേയ്ക്കുള്ള പ്രവേശനം വളരെ കർശനമാക്കുവാൻ കമ്മീഷൻ നിർദ്ദേശിക്കുന്നു. ഏറ്റവും യോഗ്യതയുള്ളവരെ മാത്രമേ സർവ്വകലാശാലകളിൽ പ്രവേശനം നൽകാവൂ എന്നാണ് അവർ പറയുന്നത്. പഞ്ചവത്സരപദ്ധതിയിൽ കാണുന്ന നിർദ്ദേശങ്ങളും, തിരു-കൊച്ചി, തുടങ്ങിയ വിദ്യാഭ്യാസത്തിൽ മികച്ചുനിൽക്കുന്ന സംസ്ഥാനങ്ങളെസംബന്ധിച്ചിടത്തോളം സ്വീകാര്യമല്ല. ഇവിടെ സർവ്വകലാശാലാവിദ്യാഭ്യാസത്തിനുവേണ്ട യോഗ്യതകളും സമ്പൂർണ്ണമായ വിദ്യാർത്ഥികളാണ് വിദ്യാഭ്യാസസൗകര്യം ലഭിക്കാതെ കഷ്ടപ്പെടുന്നത്. സെക്കൻഡ്സ്വീസ്സുകളിലേയ്ക്ക് പ്രവേശനത്തിന് ഇരട്ടങ്ങളും ഇന്നു അത്യന്താപേക്ഷിതങ്ങളാണ്; ഈ സ്ഥിതി മാറുക. സ്വീസ്സുകളിലേയ്ക്ക് മത്സരപരീക്ഷകളിലൂടെ തെരഞ്ഞെടുപ്പുനടത്തുക. അങ്ങനെ സർവ്വകലാശാലാവിദ്യാഭ്യാസത്തിനുള്ള അകർഷണീയത ഇല്ലാതാക്കുക ഇപ്രകാരം ചെയ്താൽ സർവ്വകലാശാലകളിൽ കാണുന്ന തിക്കും തിരക്കും കുറയുമെന്നാണ് കമ്മീഷന്റെ അഭിപ്രായം. ഇതും ചിന്തനീയമായ ഒരു അഭിപ്രായമാകുന്നു. മത്സരപരീക്ഷകൾക്കും യഥേഷ്ടം അവസരമുണ്ടാകുന്നു സർവ്വകലാശാലകളിൽനിന്നല്ലാതെ ആ വിജ്ഞാനം സ്വതന്ത്രമായിലഭ്യമാകുകയില്ല എന്നുള്ളതു് ഒരു പരമാർത്ഥമാകുന്നു. ഐ. എ. എസ്. (I. A. S., I. P. S. etc.) തുടങ്ങിയ മത്സരപരീക്ഷകളിൽ ഇന്നു വിജയിക്കുന്നവർ സർവ്വകലാശാലാപരീക്ഷകളിൽ ഉന്നതവിജയം വഹിക്കുന്നവർതന്നെയാകുന്നു. അതിനാൽ പ്ലാനിംഗ് കമ്മീഷന്റെ അഭിപ്രായം സ്വീകാര്യമാണോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

ഇന്നു സർവ്വകലാശാലകളെക്കുറിച്ചുള്ള ഏറ്റവും വിഷമമേറിയ പ്രശ്നം സാമ്പത്തികമാണ്. മിക്ക സർവ്വകലാശാലകൾക്കും വികസിക്കുന്നതിനുള്ള കഴിവ് നഷ്ടപ്പെട്ടുപോയിരിക്കുന്നു എന്ന് പ്ലാനിംഗ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു. മിക്ക സർവ്വകലാശാലകളുടെയും സാമ്പത്തിക വൈഷമ്യങ്ങളുടെ ഭാരം വഹിക്കുന്നതു് കേന്ദ്രഗവണ്മെന്റാകുന്നു. ആയതിനാൽ സാമ്പത്തികശേഷിയില്ലാത്ത പുതിയ സർവ്വകലാശാലകളുടെആവിർഭാവം നിരോധിക്കേണ്ടിയിരിക്കുന്നു. ഇവയെക്കുറിച്ചു പരിചിന്തിക്കുന്നതിന് ഒരു സർവ്വകലാശാലാ ഗ്രാന്റ് കമ്മീഷൻ ആവശ്യമാണ്. അപ്രകാരമൊരു കമ്മീഷനെ നിയമനം കേന്ദ്രസർക്കാരിന്റെ പരിചിന്തനത്തിൽ ഉൾപ്പെടുന്നു.

ഗ്രാമീണസർവ്വകലാശാലകൾ നിർമ്മിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണെന്നും, പഞ്ചവത്സരപദ്ധതിയുടെ കാലയളവിൽതന്നെ, ബേസിക്ക് വിദ്യാഭ്യാസം ശരിയാംവണ്ണം നിലവിലിരിക്കുന്ന ഒരു കേന്ദ്രത്തിൽ ഒരു ഗ്രാമീണസർവ്വകലാശാലയെങ്കിലും നിർമ്മിക്കണമെന്നും പ്ലാനിംഗ്കമ്മീഷൻ നിർദ്ദേശിക്കുന്നു.

സാമൂഹ്യവിദ്യാഭ്യാസം
(Social Education)

ഈ രംഗത്തു നാം വളരെയധികം പുരോഗമിക്കേണ്ടിയിരിക്കുന്നു. ഭാരതത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും അന്ധതയിൽ നിമഗ്നരായി കഴിയുകയാകുന്നു. രംഗ്ടീയാധികാരം ജനങ്ങളിൽ സ്ഥിതിചെയ്യുന്ന ഒരു രാഷ്ട്രത്തിനു സാമൂഹ്യവിദ്യാഭ്യാസം കൂടാതെ പുരോഗമിക്കുക സാധ്യമല്ല. ഒരു മനുഷ്യനെ, അവന്റെ വിശ്രമവേളകളും എങ്ങനെ വിനിയോഗിക്കണമെന്നും, ആരോഗ്യപരമായി അവൻ എങ്ങനെ ജീവിക്കണമെന്നും ഒരു ഉത്തമപൗരനായി സ്വന്തം നാടിനെ എങ്ങനെ സേവിക്കണമെന്നും പഠിപ്പിക്കുന്ന പദ്ധതിയാണ് സാമൂഹ്യവിദ്യാഭ്യാസം വയോജനവിദ്യാഭ്യാസം ഇന്നു അതിപ്രധാനമായ ഘടകമാകുന്നു. ഏഴരലക്ഷം ഉപഭുക്തികളാണ്, ഇതിനുവേണ്ടി പഞ്ചവത്സരപദ്ധതിയിൽ നീക്കിവച്ചിട്ടുള്ളത്. ഓരോവിദ്യാലയവും, സാമൂഹ്യവിദ്യാഭ്യാസത്തിനുള്ള ഓരോ കേന്ദ്രമായി രൂപംപ്രാപിക്കണം. ഈ പദ്ധതി ഏറ്റവും ആകർഷണീയവും അഭിലക്ഷണീയവുമാകുന്നു. സാമൂഹ്യവിദ്യാഭ്യാസം സർവ്വസാധാരണമാക്കുവാൻ, ഈ നാട്ടിലെ വിദ്യാസമ്പന്നർ പരിശ്രമിക്കുമെന്നു നമുക്കു ന്യായമായി പ്രതീക്ഷിക്കാം.

തൊഴിൽപരമായ വിദ്യാഭ്യാസം
(Professional Education)

കഴിഞ്ഞ അഞ്ചുസംവത്സരമായി ഈ ശാഖയിൽ ചില പുരോഗതി ഉണ്ടായിട്ടുണ്ട്. എന്നാൽ ഇതു വേണ്ടവോളം വികസിച്ചിട്ടില്ല എന്നുവേണം പറയുവാൻ. ഈ ശാഖയിൽ ഉന്നതവിദ്യാഭ്യാസത്തിനും ശാസ്ത്രഗവേഷണങ്ങൾക്കുമുള്ള സൗകര്യം തീർ കുറവാകുന്നു. Printing Tecknology, Textile Tecknology, തുടങ്ങിയ അപൂർവ്വം ചില വിഭാഗത്തിൽ മാത്രമേ ഏതെങ്കിലും ശ്രദ്ധപതിപ്പിച്ചുകാണുന്നുള്ളൂ. ഇന്നു നിലവിലുള്ള ശാഖകളുടെ പ്രവർത്തനം കൂടുതൽ ഉൽപ്പാദനക്ഷമമാക്കുവാൻ മാത്രമാണ് പ്ലാനിംഗ് കമ്മീഷൻ ശ്രമിക്കുന്നത്. ഈ ശാഖ വിപുലപ്പെടുത്തുന്നതിനെക്കാൾ 'ഉള്ളതു് നന്നാക്കുക' എന്ന നയമാണ് സ്വീകരിക്കപ്പെട്ടിരിക്കുന്നത്.

സ്ത്രീവിദ്യാഭ്യാസം

സ്ത്രീയ്ക്കു് സ്വതഃസിദ്ധമായ ചില ജോലികൾക്ക് സാമർത്ഥ്യമുണ്ട്. അങ്ങനെ വാസനയുള്ള പ്രവർത്തനങ്ങളും, അദ്ധ്യാപകവൃത്തിനിർദ്ദേശം തുടങ്ങിയവയുമെന്നപഞ്ചവത്സരപദ്ധതിയിൽ രേഖപ്പെടുത്തിക്കാണുന്നു. ഇവയെല്ലാം കായികമായ ജോലികളിൽ നിന്നും വിദ്യാർത്ഥികളെ ഏർപ്പെട്ടാൽ അതു ഏറ്റവും ഉത്തമമെന്ന അഭിപ്രായപ്പെടുന്നതോടൊപ്പം, പുരുഷനേക്കാൾ ശ്രേഷ്ഠമായ വിദ്യാഭ്യാസസൗകര്യം സ്ത്രീയ്ക്കും നൽകണമെന്നുള്ളതാണ് മുഖ്യമായ തത്വം. ഭാരതത്തിൽ സ്ത്രീകൾ കുടുംബത്തിൽതന്നെ വിദ്യാഭ്യാസം നിർത്തുന്നവരാകുന്നു. പൈവറാലായി ഉന്നതപരീക്ഷകൾക്കു പോകുവാനുള്ള അവസരം നൽകേണ്ടതാണെന്നുപ്ലാനിംഗ്കമ്മീഷൻ റിപ്പോർട്ടിൽ കാണുന്നു. കുടിൽവ്യവസായവികസനത്തോടു് ബന്ധപ്പെട്ട ഒരു സ്ത്രീ സെക്കണ്ടറി ബേസിക്ക് തുടങ്ങിയ



അഡ്മിറൽ ചെസ്റ്റർ നിമിറ്റ്സ്

കുഷ്ഠരോഗികളിലെ ജനഹിതപരിശോധന നടത്തുന്നതിനു ചെക്കോസ്ലോവാക്യയുടെ നിയോഗിച്ചതു് അഡ്മിറൽ നിമിറ്റ്സിനെയാണ്. പക്ഷേ ഇൻഡ്യയും കുഷ്ഠരോഗത്തിന്റെ നിയമനത്തിൽ പ്രതിഷേധിക്കുകയും പാകിസ്ഥാനിലെ ഒരു വിഭാഗം അനുകൂലിക്കുകയുമാണ് ചെയ്യുന്നത്. നിമിറ്റ്സിന്റെ രാജിയാത്ത സ്ഥിതീകരിക്കപ്പെട്ടിട്ടില്ല.

പാസിഫിക്ക സമുദ്രസേനയുടെ സർവ്വസൈന്യാധിപനായി ഇദ്ദേഹം ജപ്പാനെ പരാജിതമാക്കുന്നതിനു സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

വിദ്യാഭ്യാസപദ്ധതിയാണ് ഏറ്റവും സ്വീകാര്യമെന്നും കമ്മീഷൻ അഭിപ്രായപ്പെടുന്നു.

കായികമായ ജോലിയും സാമൂഹ്യപ്രവർത്തനവും

വിദ്യാർത്ഥികൾ നടത്തേണ്ടതായ കമ്മ്യൂണിറ്റിപ്രോജക്ടുകളും, റോഡുനിർമ്മാണം തുടങ്ങിയവ വിദ്യാർത്ഥികൾക്കു വേണ്ട അവസരം ഈ വിഷയത്തിൽ നൽകുന്നു. ഇങ്ങനെയുള്ള പ്രവർത്തനങ്ങളും അവരെ ഉത്തമപൗരന്മാരാക്കുന്ന കായികമായ ജോലികളിൽ നിന്നും വിദ്യാർത്ഥികളെ ഏർപ്പെട്ടാൽ അതുതന്നെ ഏറ്റവും ഉത്തമമെന്നുള്ള കാര്യം നിസ്സംശയമാണ്. ഇങ്ങനെയുള്ള പ്രവർത്തനങ്ങൾക്ക് ഒരുകോടിയോളം രൂപ പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പ്രതീക്ഷിതഫലങ്ങൾ

പഞ്ചവത്സരപദ്ധതി വിദ്യാഭ്യാസവികസനത്തിനു ആകെ 39 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. അതിൽ 20 കോടി പ്രൈമറി,

സിനിമയിലെ ഗാനങ്ങൾ

പി. എ. ജോസഫ്

(തുടർച്ച)

ഇക്കഴിഞ്ഞ മൂൺമാസത്തിൽ ജനീവയിൽവച്ചുനടന്ന 36-മത്തെ ഇൻറർനാഷനൽ ലേബർ ഓർഗനൈസേഷൻ (I. L. O.) കോൺഫറൻസിൽ സംബന്ധിക്കുവാനായി പോയിരുന്ന തിരുകൊച്ചി മന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ തന്റെ യൂറോപ്യൻപര്യടനം കഴിഞ്ഞു് ആഗസ്റ്റ് 9-നു് വിമാനമാർഗ്ഗം കൊച്ചിയിലെത്തിയശേഷം എറണാകുളം റസ്റ്റ് ഹൌസിൽവച്ചു നടത്തിയ പ്രസ്സ് കോൺഫറൻസിൽവച്ചു് തന്റെ വിദേശയാത്രയിൽകണ്ട ചില കാര്യങ്ങളും പറഞ്ഞതുകൂട്ടത്തിൽ ചൊക്കോസ്ലോവിയയിലെ ശവങ്ങൾ നിന്റെ അമിതമായ നികുതിഭാരത്തെക്കുറിച്ചു പ്രസ്താവിക്കയുണ്ടായി. ഒരു ഗ്ലാസ് കട്ടൻ കാപ്പിക്കു അവിടെ 8-കു: യാണെത്രെ. അതിൽ 7-കു. 12-ണ-യും ടാക്സായി ശവങ്ങൾനിന്നു കൊടുക്കണം. അപ്പോൾ 32 ൽ ഒരു ഭാഗമായ 4-ണ മാത്രമേ വ്യവസായിക്കു ലഭിക്കുന്നുള്ളൂ. ഇതു് കഷ്ടാൽകഷ്ടതരമല്ലേ? വാസ്തവംതന്നെ. എന്നാൽ ഇന്ത്യയിലെ ചിലിം വ്യവസായിയുടെ കഥ ഇതിൽനിന്നൊരൽപ്പമെങ്കിലും വ്യത്യസ്തമാണോ?

അപ്പോൾ കലാകാരന്മാരിൽനിന്നും അവരെ കൂടുകളായി കൈകാര്യംചെയ്യുന്ന കലാവ്യവസായികളിൽനിന്നും യാതൊരു പ്രോത്സാഹനങ്ങളും ലഭിക്കുമെന്നുശിക്കുന്നവകാശമില്ല. പിന്നെ നമ്മുടെ കലകൾ എങ്ങിനെ പുനരുജ്ജീവിക്കപ്പെടും? ആരുണ്ടു് അതിനെ ഉയിർക്കുന്നതിലേക്കുള്ള സഹായഹസ്തം നീട്ടുവാൻ? ഇതിനു ശവങ്ങൾക്കിൽനിന്നു ഒന്നുചെയ്താൽ മതി — കലാപ്രേമികളിൽനിന്നു ലഭിക്കുന്ന ഭീമമായ നികുതിയിൽനിന്നു ഒരുദ്ദേശം പ്രസ്തുത കലകളുടെ ഉദ്ധാരണത്തിനുവേണ്ടി മാറ്റിവയ്ക്കുക. പാൽകാരുന്ന പശുവിനു തീറ്റികൊടുത്തില്ലെങ്കിലും പാലു പോകും. ഇപ്പോൾ രോഗംപിടിച്ചിട്ടുണ്ടെന്നുമാത്രമേയുള്ളൂ

പശ്ചാത്തലമേളം

നാടകത്തിൽ പക്കമേളം എന്നപോലെ സിനിമയിൽ പശ്ചാത്തലമേളം സംഗീതപ്രയോഗങ്ങളുടെ ഭാവോജ്ജ്വലതയ്ക്കു് മാറ്റുകൂട്ടുന്നു. പക്ഷെ ചലച്ചിത്രപശ്ചാത്തലമേളത്തിനു ഒരു പ്രത്യേകതയുണ്ടു്. പാട്ടുകാരുടെ കണ്ഠങ്ങളിൽനിന്നു പുറപ്പെടുന്ന ഏറ്റവും ചെറിയ ശബ്ദംപോലും വലിയതോതിൽ വർദ്ധനമാക്കുവാനുള്ള (Amplify) യന്ത്രങ്ങളും സിനിമയിലുണ്ടു്. ശ്വാസോച്ഛ്വാസത്തിന്റെ ചലനംമൂലമുണ്ടാകുന്ന ശബ്ദംപോലും കാൽപിടിച്ചെടുത്തു് ബൃഹത്താക്കി കാണിക്കുന്നതിനുള്ള ഈ ഉപകരണങ്ങളുടെ മുമ്പിൽ വളരെ കരുതലോടുകൂടി പെരുമാറേണ്ടവരാണിനിനടിനടന്മാർ.

സ്റ്റുഡിയോസെറ്റിനുള്ളിൽ വച്ചു് ശബ്ദലേഖനം ചെയ്യുന്ന അവസരത്തിൽ വെളിയിൽനിന്നു ശബ്ദങ്ങളൊന്നും അകത്തു കടത്തിവിടാതെവഹിക്കാതെ വാതിലുകളും മറ്റും അടച്ചു റിക്കാർഡുചെയ്യുന്ന അവസരത്തിനിടക്കു് ഒരാളുടെ കയ്യിൽനിന്നു ഒരു തുക്കോലോ, പെൻസിലോ മറ്റോ തറയിൽനിന്നു അതു മതിയളവിൽ പണംനഷ്ടപ്പെട്ടാലും, സമയം വൃഥാവിലാക്കാനും. നേരെമറിച്ചു നാടകസ്റ്റേജിലാണെങ്കിൽ മേളം നടക്കുന്നതിനിടയിൽ ചെറിയ ശബ്ദം എന്തെങ്കിലും ഉണ്ടായാൽ അതു മേളത്തിന്റെ ശബ്ദത്തിനുള്ളിൽ ഒളിഞ്ഞിരുന്നുപോകും.

നാടകസ്റ്റേജിലെ പക്കമേളത്തിൽ മൃദുശബ്ദമുണ്ടാക്കുന്ന സംഗീതോപകരണങ്ങൾക്കു് വലിയ പ്രാധാന്യതയില്ല. നല്ല ശബ്ദമുള്ള ഉപകരണങ്ങളെടുത്തുവയ്ക്കുക എന്നതാണു് പ്രധാനം. ഈ ഉപകരണത്തിനു ഹാർമ്മോണിയം മുതലായ സംഗീതോപകരണങ്ങൾ അടുത്തുവയ്ക്കുകയാണു് സ്റ്റേജിൽ ചെയ്യുന്നതെങ്കിൽ സാക്സോഫോൺ, ഓർഗൺ മുതലായ സംഗീതോപകരണങ്ങളും സിനിമയിലെ പാട്ടുകാരന്റെ അടുത്തെങ്ങും വയ്ക്കാതെ ദൂരെ വയ്ക്കുകയേയുള്ളൂ ഫിഡിൽ, വീണ മുതലായ ഉപകരണങ്ങളും പാട്ടുകാരനോടും മൈക്രോഫോണിനോടും അടുത്തും സ്ഥാപിക്കും.

നാടകസ്റ്റേജിലാണെങ്കിൽ നടിനടന്മാർ സംഭാഷണവും ഉറക്കെ പാടണം, നല്ല ശാരീരത്തിൽ. പക്ഷെ സിനിമയിലാണെങ്കിൽ താണശാരീരത്തിൽ പാടിയാൽ മതി. പക്ഷേ അതോഹാണവരേഹാണങ്ങളും സ്പഷ്ടമായിരിക്കണം സിനിമയിൽ. അല്ലെങ്കിൽ എവിടെയവച്ചു ശരീരം നിലച്ചുപോകുന്നുവോ അവിടെയുണ്ടാകുന്ന പോരായ്മ നികത്തുവാൻ യാതൊരു മാർഗ്ഗവുമില്ല. താണസ്ഥായിയിലുള്ളതായാലും ശബ്ദത്തിലുണ്ടാകുന്ന ഈ കുറവു് ആംപ്ലിഫൈചെയ്യുകഴിയുമ്പോൾ വലിയൊരു കുറവായി പ്രത്യക്ഷപ്പെടുന്നതാണു്.

ലോലശരീരം അഥവാ മാധുര്യവും നേർമ്മയുമുള്ള ശരീരമായാലും അത്യുച്ചസ്ഥാനങ്ങളിൽ (Highest Pitches) ഒരുപക്ഷേ ശബ്ദമില്ലാതായാൽ (Fade out) സ്റ്റേജിലായാലെങ്കിൽ പക്കമേളത്തിന്റെ ശബ്ദബാഹുല്യംകൊണ്ടോ, അഭിനയംകൊണ്ടോ അതിന്റെ പോരായ്മ പരിഹരിക്കാൻ സാധിക്കും. സിനിമയിൽ ഇതു പറഞ്ഞുകൂടാ. അത്യുച്ചത്തിൽ പാടുമ്പോൾ ചിലപ്പോൾ കേൾക്കാൻ പാടാത്തതു (Inaudible ആകുന്നുണ്ടു്. നാടകത്തിലെ ഗാനങ്ങൾക്കു് ശരീരത്തിന്റെ ശക്തിപോലെ ശാരീരം കയറിവിടാം. അതുപോലെ അല്പം പതുപതുപ്പോ ഇടമുട്ടോ ഉള്ള ശാരീരമായാലും നാടകത്തിലെ ഗാനങ്ങൾ തീരെ വികലമായിത്തീരാറില്ല. സിനിമയിലാണെങ്കിൽ ഈ വൈകല്യം വിപുലമായതോതിൽ അനുഭവപ്പെടും. ഇങ്ങനെയൊക്കെ സംസാരിക്കാനും ഗാനാലാപം ചെയ്യാനും സാധിക്കുന്ന 'ഇരട്ടശബ്ദ' (Double Voice)ക്കാരെ സിനിമാരംഗത്തു പ്രോത്സാഹനം ലഭിക്കാറില്ല.

പാട്ടിന്റെ രംഗത്തിന്റെ ആരോഹണാവരോഹണങ്ങളുടെ ഗതിയും വ്യത്യാസവ്യത്യാസപരങ്ങളുടെ നിശ്ചയവുമുള്ള നല്ലൊരു സംഗീതസംവിധായകനു് പശ്ചാത്തലസംഗീതത്തിന്റെ രൂപം സൃഷ്ടിക്കാൻ വളരെ വിഷമമുണ്ടാകാറില്ല. പക്ഷേ അതറിയാത്തവർ പടച്ചുവിടുന്ന പശ്ചാത്തലമേളം കണ്ടാൽരുചിയുണ്ടാകുന്നവയുമായിരിക്കും. വണ്ടുമാട്ടുകളുണ്ടാക്കിക്കഴിഞ്ഞാൽ സംഗീതോപകരണങ്ങളും മാത്രമുപയോഗിച്ചുകൊണ്ടുള്ള പശ്ചാത്തലമേളമേതുവിധത്തിൽ രൂപീകരിക്കണം, വയ്പോട്ടുകാരൻ പങ്കുചേരേണ്ടതേതേതു സന്ദർഭങ്ങളിൽ എന്നൊക്കെ നിശ്ചയിക്കേണ്ടതു സംഗീതസംവിധായകന്റെ കടമയാണു്. സംഗീതജ്ഞനു വിശ്രമം അനുവദിക്കുന്നതിനുവേണ്ടി, പാട്ടിന്റെ ഇടയ്ക്കു പാടിനിർത്തിയതുപോലെതന്നെ സംഗീതോപകരണങ്ങളിൽ അതേ ട്യൂൺതന്നെ ആവർത്തിക്കുകയായിരുന്നു മുമ്പുണ്ടായിരുന്ന പതിവു്. ഇപ്പോഴാണെങ്കിൽ വണ്ടുമാട്ടിനു ചേർന്നവിധത്തിലുള്ള പശ്ചാത്തലസംഗീതം പാട്ടിന്റെകൂടെ നിബന്ധിക്കാറാണു് പതിവു്.

ചില അവസരങ്ങളിൽ വികാരങ്ങൾക്കു തീവ്രത കൂട്ടുന്നതിനു ന്യായത്തിൻപേരിൽ നടിനടന്മാർ അഭിനയിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ പശ്ചാത്തലമേളം നടത്താറുണ്ടു്. ഭ്രാന്തരുടെ പിന്നത്തിന്മേലുള്ള ഏകാകിയായ ഒരാൾ കുട്ടിമൃഗങ്ങളെ ഭയന്നു അലാർത്തിസമയത്തായിരിക്കുമ്പോൾ നില്ലുകൊള്ളുന്നതു്. അപ്പോഴായിരിക്കും ഒന്നാന്തരം തബലവായനയും ഫിഡിൽവായനയും തകർത്തുപെട്ടുന്നതു്. അവിടെ ഈ തബലക്കാരനും, ഫിഡിൽക്കാരനും എങ്ങിനെ വന്യമൃഗങ്ങളെ ലേശമെങ്കിലും ഭയപ്പെടാതെ വന്നെത്തി എന്നതു് ഒരു പ്രശ്നമേയല്ല. ഈ ലേഖകൻതന്നെ എഴുതിയ "നാടകത്തിലെ ഗാനങ്ങൾ" എന്ന ലേഖനത്തിൽപറഞ്ഞ കുട്ടത്തിലുള്ള സ്ഥലത്തെ പ്രധാനികം ഇതിൽ വിമർശനത്തിനൊരുമ്പെട്ടാൽ അവിടെ ആരും കുറ്റംകാണില്ല. ഒരു നല്ല വെള്ളത്തുണി വെള്ളിത്തിരയുടെ മുകളിൽ മുഖമായി വിരിക്കപ്പെട്ടിട്ടുണ്ടു്. അതിനോടെതിരുവേണമെങ്കിലും പറഞ്ഞുകൊള്ളുക. അവൻ നിർവികാരനും, നിർഗ്രഹനും മാത്രമല്ല നിഷ്ക്രിയൻകൂടിയാണെങ്കിൽ അവനും (യവനികയും) ഈ സ്ഥലത്തെ പ്രധാനികളെ വകവയ്ക്കാതെ മുന്നോട്ടുപോകുന്നുള്ള കർത്തവ്യമുണ്ടു്.

ഗാനങ്ങളുടെ പ്രാരംഭത്തിലുള്ള പശ്ചാത്തലസംഗീതത്തിനു ഉപക്രമം എന്നും പറയാം. പ്രസ്തുത

വിദ്യാഭ്യാസശാഖകൊണ്ടു് സർവ്വകലാശാലാവിദ്യാഭ്യാസത്തിനു 3 കോടിയോളവും ശുപായാണു് ഉൾക്കൊള്ളിച്ചിരിക്കുന്നതു്. ബാക്കിയുള്ള തുകയിൽ 11 കോടിയോളം ശാസ്ത്രപരവും തൊഴിൽപരവുമായ വിദ്യാഭ്യാസത്തിനും, 1 കോടി യുവാക്കന്മാരുടെ സാമൂഹ്യപ്രവർത്തനങ്ങൾക്കും നീക്കിവയ്പ്പെട്ടിരിക്കുന്നു. പഞ്ചവത്സരപദ്ധതിക്കുശേഷം, താഴെവിവരിക്കുന്ന പുരോഗതി വിദ്യാഭ്യാസരംഗത്തു ഉണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നു.

(1) പ്രൈമറിവിദ്യാഭ്യാസരംഗത്തു് 17 ശതമാനം വിദ്യാലയവർദ്ധനവും 25 ശതമാനം വിദ്യാർത്ഥിവർദ്ധനവും ഉണ്ടാകുന്നതാകുന്നു.

(2) സെക്കണ്ടറിവിദ്യാഭ്യാസരംഗത്തു 18 ശതമാനം വിദ്യാലയവർദ്ധനവും 32 ശതമാനം വിദ്യാർത്ഥിവർദ്ധനവും ഉണ്ടാകുന്നതാകുന്നു. 11 മുതൽ 17 വയസ്സുള്ള വിദ്യാർത്ഥികളുടെ ശതമാനം, 1950-51 എന്നീവർഷത്തിൽ. പത്താകുന്നു. അതായതു് 17 ആയി വർദ്ധിക്കുന്നതായിരിക്കും.

ഇപ്രകാരംതന്നെ അദ്ധ്യാപകന്മാരുടെയും ടെക്നിക്കൽ വിദ്യാർത്ഥികളുടെ സംഖ്യയും വർദ്ധിക്കുന്നു.

പഞ്ചവത്സരപദ്ധതിയിൽ വിദ്യാഭ്യാസവികസനത്തിനുള്ള സാരമായ നിർദ്ദേശങ്ങൾകൂടെയുണ്ടു്. ഇതു പദ്ധതിപ്രമാണമോ എന്നു മാത്രമേ ഒരു പ്രശ്നമുള്ളൂ. ഈ പഞ്ചവത്സരപദ്ധതിക്കുശേഷമുണ്ടാകാവുന്ന പരിതിതിലും ഭാരതത്തിൽ വിദ്യാഭ്യാസം സാർവ്വത്രികമാക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം.

മറ്റു പല രംഗങ്ങളിലെന്നപോലെ ഭാരതം വിദ്യാഭ്യാസരംഗത്തും അത്യുന്നതമായ സ്ഥാനത്തിൽ പരിലസിക്കുമെന്നു നമുക്കു് വിശ്വസിക്കാം.

★

ഗാനങ്ങളുടേയും സന്ദർഭങ്ങളുടേയും ഭാവങ്ങൾക്ക് സജീവതപകർന്നുകൊണ്ടുള്ളതാണീമേളം. ഈദൃശമുള്ള പശ്ചാത്തലമേളങ്ങളും സംഗീതത്തിന്റെ ഇടയ്ക്കും അന്ത്യത്തിലും നിബന്ധിക്കാറുമുണ്ട്. ഇതെല്ലാം കഥാപാത്രങ്ങളുടെ സംഗീതപ്രകടനങ്ങൾക്ക് ഭാവോജ്വലതയുണ്ടാക്കുവാൻ മാത്രമാണ്. എന്നാൽ ഒരുചിത്രനിഷ്ഠയോട്ടക്കുടി നിബന്ധിക്കപ്പെടാത്ത പക്ഷം മേന്മ മുതിരുംപോലെയുള്ള രസവിഛിത്തിയായിരിക്കും അനുഭവം.

ഗാനങ്ങൾ

സിനിമയിൽ ആദ്യമായി കഥയെഴുത്തുകാരനുമായി ആലോചിച്ച കഥയിൽ എവിടെയൊക്കെയാണ് ഗാനങ്ങൾ വേണ്ടതെന്ന് ഡയറക്ടർ സ്ഥാനനിശ്ചയം ചെയ്യണം. ഗാനങ്ങൾ ചേർക്കേണ്ടതായ സന്ദർഭങ്ങൾ ഗാനരചയിതാവിനും സംഗീതസംവിധായകനും ഡയറക്ടർ പറഞ്ഞുകൊടുക്കണം. അവസരോചിതങ്ങളായ ഗാനങ്ങൾ നിർമ്മിക്കുന്നതിലുള്ള സംഘാത്മകപരമായ കഴിവുകൾ കാണിക്കേണ്ടത് ഗാനരചയിതാവാണ്. ഒരു ചിത്രപൂർവ്വമായ ഗാനങ്ങളും ട്യൂണുകളും നിർദ്ദേശിക്കേണ്ടതും അവയിൽ ഏതേതുസ്ഥാനങ്ങളിൽ പശ്ചാത്തലമേളം നിബന്ധിക്കണമെന്നുള്ള കാര്യവും സംഗീതസംവിധായകനെയാണാശ്രയിച്ചിരിക്കുന്നത്.

ഈദൃശം തയ്യാറാക്കപ്പെട്ട ഗാനത്തിനും വസ്തുവത്തിൽ പാടേണ്ടവർ ആരാണെന്നുള്ള കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടാകാറുണ്ട്. ഇതിനുള്ള കാരണങ്ങളിലൊന്ന് സംഗീതത്തിൽ വ്യുല്പത്തിയില്ലാത്തവർക്കും പെട്ടെന്നു അതനുപലിക്കാൻ സാധിക്കുമെന്നുള്ളതാണ്. ഇന്ത്യയിലെ ഒന്നാംകിട സംഗീതസംവിധായകനും ഗാനനിർമ്മാതാവുമായ തെന്നിന്ത്യൻ അലിയെ സിനിമാവേദിയുമായി പരിചയപ്പെടുത്തിയുള്ളവരെ പറഞ്ഞു പരിചയപ്പെടുത്തേണ്ടതില്ലല്ലോ. സിനിമാഗാനങ്ങൾ ഏതുവിധത്തിൽ പ്രകടിപ്പിച്ചാലാണ് സാമാന്യജനങ്ങളെ തൃപ്തിപ്പെടുത്തുവാൻ സാധിക്കുന്നതെന്ന മാറാരേയും അപേക്ഷിച്ച് അഭ്യാഹത്തിന്നറിയാം. അഭ്യാഹത്തിന്റെ അഭിപ്രായമാണ് "ശാസ്ത്രീയ സംഗീതത്തോടെനിക്ക് വലിയ മതിപ്പാണ്. പക്ഷെ ലഘുസംഗീതപ്രകടനമാണ് ഇന്നു പ്രധാനം സിലിച്ചിരിക്കുന്നത്."

പക്ഷെ ശുദ്ധസംഗീതപക്ഷപാതക്കാരായ സിനിമാപാട്ടുകൾ ഒന്നോ രണ്ടോ കേൾക്കേണ്ടതുണ്ട്. സാമാന്യമായി പറഞ്ഞാൽ സിനിമാഗാനങ്ങളുടെ അടിസ്ഥാനപരമായ ഒരു വൈകല്യം ഇന്നത്തെ 'ലോറസ്സ്' മോഡലിനെ നോക്കി "ഇന്നു ഞാൻ, നാളെ നീ" എന്നു പാടുന്നതാണ്.

സിനിമാഗാനങ്ങൾക്കുള്ള വേറൊരു പ്രത്യേകത അവ ചലച്ചിത്രസൌഗന്ധികവാടിയിൽനിന്നടർത്തിയെടുത്ത നമ്മുടെ സമക്ഷത്തുകൊണ്ടുവരുമ്പോൾ അത്രതന്നെ ആകർഷകമായിത്തോന്നാറില്ലെന്നുള്ളതാണ്. അതിന്റെ കാരണം ആ അന്തരീക്ഷത്തിൽ കാണപ്പെടുന്ന അനുകൂലപരിതഃസ്ഥിതികളും (സംഗീതോപകരണങ്ങളും മറ്റും) നമ്മുടെ മുമ്പിൽവച്ചു ഗാനാലാപനചെയ്യപ്പെടുമ്പോളുണ്ടാകയില്ലെന്നുള്ളതാണ്. പ്ലേബാക്കിൽ പാടിയ അതേ കലാകാരൻതന്നെ വേറും ഹാർമോണിയം തുടങ്ങിയ മീട്ടി അതേ സിനിമാഗാനത്തെന്നെ ആലപിക്കുമ്പോൾ അതുപ്പോലും മനോഹരമായിരിക്കാറില്ല. വേറൊന്നു, മൈക്രോഫോൺ വഴിയെത്തുമെല്ലാ നാം അവ കേൾക്കുന്നതു്.

തുടക്കവിദ്യാർത്ഥികളിൽ രചിക്കപ്പെടുന്നവയും, പ്രകടിപ്പിക്കപ്പെടുന്നവയുമായ സിനിമാഗാനങ്ങൾ എത്രതന്നെ മനോഹരങ്ങളായിത്തന്നാലും അവയ്ക്കുള്ള ആസ്വാദ്യത ശാശ്വതമായിരിക്കുമെന്നുള്ളതിക്കാൻവയ്യാ. കീർത്തനങ്ങൾക്കു മാത്രമുള്ള ആസ്വാദ്യതയങ്ങനെയല്ല. ത്യാഗരാജകീർത്തനം, ദീക്ഷിതർകീർത്തനം, സ്വാതിതിരുനാൾകീർത്തനം മുതലായവ എന്നെന്നും മാണിക്കങ്ങളായി പ്രശോഭിക്കുന്ന കലാസൃഷ്ടികളാണ്. അന്നന്നുള്ള വാർത്തകൾ വായിച്ചുകഴിഞ്ഞാൽ സാധാരണ വർത്തമാനക്കടലാസ്സുകൾ പുസ്തകപ്പുറത്തെറിഞ്ഞു വിലയുള്ള തുക്കിവിൽക്കുന്നതുപോലെ പതിവു്, നേരേമറിച്ച് രജിസ്റ്റർപ്രമാണങ്ങൾപോലെ കടലാസ്സുവിലയല്ല, ഇതാണ് സിനിമാഗാനങ്ങളും ശാസ്ത്രീയഗാനങ്ങളും തമ്മിലുള്ള അന്തരം. എന്നാൽ സിനിമാഗാനങ്ങളിലൊന്നെ ചിലതു് റിക്കാർഡുചെയ്തു വയ്ക്കുന്നവയെയുമുണ്ട്. അവ കീർത്തനങ്ങളോടും ഇണങ്ങിയിരുന്നുമോ കീർത്തനങ്ങളുടെ അനുകരണങ്ങളോ ആയിരിക്കും.

സിനിമാഗാനങ്ങളിൽ സാധാരണ കണ്ടുവരാറുള്ള ക്ഷണികതയ്ക്കു അടിസ്ഥാനപരമായ കാരണവുമുണ്ട്. ചില രാഗങ്ങളിലേയും സംഗീതരീതികളും സ്വീകരിച്ചിട്ടുള്ളതിനെത്തുടർന്നുണ്ടായിട്ടുള്ള സംഗീതത്തിനു ബാധിച്ചിട്ടുള്ള ഒരു വൈകല്യം. പക്ഷെ 'അവതാരിക കൊണ്ടു' ഇതിന്റെ ആകർഷണീയതയ്ക്കുള്ള സംക്ഷോഭത്തെ ഭേദിയിക്കുന്നതിനു ഒരു ശ്രമം കടമെടുക്കുന്നതിൽ വിരോധമില്ല.

പക്ഷെ ഈ കടമെടുപ്പിൽ നാം അല്പം ശ്രദ്ധിക്കേണ്ടതുണ്ട്. ഇംഗ്ലണ്ടിലും അമേരിക്കയിലും വസ്തുതകൾ പകപ്പുവകാശമുണ്ട്. ഇന്ത്യയിലതല്ല. ഒരു സംഗീതജ്ഞൻ വളരെ കഷ്ടപ്പെട്ടുണ്ടാക്കുന്ന സംഗീതശില്പം മമാഗാരത്തൻ ചുമ്മാ കൈകേറി കൈകാര്യംചെയ്യുമ്പോൾ അതിന്റെ അധികാരികരോടു ഒരാജ്ഞയുണ്ടാക്കുന്നതിനുള്ള കടപ്പാടുണ്ട്.

മറ്റുള്ളവർ രചിച്ച വസ്തുതകൾ അവരുടെ അനുവാദത്തോടെ അവകാശത്തോടെ അവഗണിച്ചു കൈകേറാൻ നോക്കാതെ സ്വന്തമായി വസ്തുതകൾതന്നെ സൃഷ്ടിക്കുന്നപക്ഷം അതു തീരാവും ആശാസ്യമായിരിക്കും.

ശ്രീമതി ആഗമാനന്ദസ്വാമികളുടെ കുറിപ്പ്

മാന്യരെ, നിങ്ങളുടെ സെപ്തംബർ 4-ാംനു വീക്ക്‌ലിയിൽ ശ്രീ: കുറിപ്പഴ പരമേശ്വരൻ എഴുതിയ "ഇന്നാട്ടിലെ സംസ്കൃതസ്കൂളുകളും സംസ്കൃതവിദ്യാഭ്യാസവും' എന്ന ലേഖനത്തിൽ ശ്രീശങ്കരജന്മഭൂമിയായ കാലടിയിലെ സംസ്കൃതസ്കൂളും...ഇംഗ്ലീഷ്‌വിദ്യാലയങ്ങളായി മാറിയെന്നപറഞ്ഞത് പോരേ സംസ്കൃതം മരവിച്ചെന്നു മനസ്സിലാക്കാൻ?.....ആ ആശ്രമാനന്ദസ്വാമികൾക്കും ആളും അർത്ഥവുമുള്ള ശ്രീമഠംപോലെ ഭരണധർമ്മപരിപാലനയോഗശക്തിനോപോലും സംസ്കൃതത്തെ പോറ്റാൻ കഴിവില്ലെന്നുള്ളതാണ് ഇന്നത്തെ സംസ്കൃതത്തിന്റെ നിലപാടു്" എന്നു് എഴുതിക്കണ്ടു.

ഇവിടത്തെ സംസ്കൃതസ്കൂളും ഇംഗ്ലീഷ് സ്കൂളുകളെപ്പോലെയുള്ളതായിട്ടില്ല. പഴയ സംസ്കൃതവിദ്യാലയരീതി നഷ്ടപ്പെടിരിക്കുന്നകാലത്തും ശാസ്ത്രിപരീക്ഷയിച്ച കുട്ടികൾക്കു് ഉപരിപഠനത്തിനായി ഫോർത്തുഫാറംമുതലുള്ള ഒരു ഇംഗ്ലീഷ് സ്കൂൾ ഞാൻ സ്ഥാപിച്ചു. അതു് ഇന്നും തുടർന്നുവരുന്നു. സംസ്കൃതവിദ്യാഭ്യാസത്തിന്റെരീതിക്കു നാട്ടിൽ മാറ്റംവന്നപ്പോൾ പഴയ സംസ്കൃതസ്കൂൾക്ലാസ്സുകളുടെസ്ഥാനത്തു പുതിയ സിലബസ്സനുസരിച്ചുള്ള സംസ്കൃതസ്കൂൾ തേർഡ്‌ഫാറംവരെ ഏർപ്പെടുത്തി, അതു് ഇന്നും നടന്നുവരുന്നു. സംസ്കൃതസ്കൂളിലെ ക്ലാസ്സുകൾക്കനുഭേദംചേർച്ചയിൽ ഡയറക്ടർ അനുവദിച്ചില്ല. അതിനാൽ ഇപ്പോൾ സംസ്കൃത മിഡിൽസ്കൂളും ഹൈസ്കൂളും, ഇംഗ്ലീഷ് സ്കൂളുമായി നടന്നുവരികയാണ്. സംസ്കൃതത്തിന്റെ ഹൈസ്കൂൾക്ലാസ്സുകൾ വേണ്ടെന്നുവച്ചിട്ടില്ല.

എന്നാൽ ആയുസംസ്കാരത്തോടു അവശ്യമായുള്ള ഇൻസ്പെക്ടർമാരുടെ കയ്യിൽ ആയുർഭോഷയായ സംസ്കൃതം പഠിപ്പിക്കുന്ന വിദ്യാലയം നടത്തുന്നതു പ്രയാസമാണെന്ന അഭിപ്രായവും എനിക്കില്ലാതില്ല. സംസ്കൃതകോളേജിലെ പരിക്ഷാഫലവും ലജ്ജാകരമാണെന്നുള്ളതും മറക്കുവതല്ല.

എന്നു്, ആഗമാനന്ദൻ

★

അണുകൂടനം—എക്സ്റേയ്സ്—റേഡിയോ ആക്റ്റിവിറ്റി

— ഏ കെ. ജനാർദ്ദനൻനായർ, നെടുംകുന്നം —

ശാസ്ത്രത്തിന്റെ ഉത്ഭവം വിഷമമായ കണ്ടുപിടിത്തങ്ങൾ മനുഷ്യരാശിക്ക് വളരെ ഉപയോഗപ്രദമായുള്ള ഒന്നാണ് എക്സ്റേ. സംശയാസ്പദമായ പല രോഗങ്ങളിലേയും യഥാസ്ഥിതി കണ്ടുപിടിച്ച് രോഗികളെ ശുശ്രൂഷിക്കുന്നതിനുവേണ്ടി ഡോക്ടറന്മാർ എക്സ്റേഫോട്ടോ എടുക്കാറുണ്ടല്ലോ. ഈ രശ്മികൾ എങ്ങനെ ഉണ്ടാകുന്നു? — അവയുടെ സ്വഭാവമെന്തു? — എങ്ങിനെ രോഗിയുടെ ഫോട്ടോ എടുക്കുവാൻ കഴിയുന്നു? — മുതലായ പ്രശ്നങ്ങൾ രസാവഹമായിരിക്കുവാനേ തരമുള്ളൂ.

എക്സ്റേയിലേക്ക് കടക്കുന്നതിനുമുമ്പ് പദാർത്ഥങ്ങളുടെ അണുകൂടനത്തെപ്പറ്റി നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഒരു പദാർത്ഥത്തെ വിഭജിക്കുമ്പോൾ കിട്ടുന്ന അതിന്റെ ഏറ്റവും ചെറിയ തരിക്ക് തന്മാത്ര (Molecule) എന്നു പറയുന്നു. തന്മാത്രയെ വീണ്ടും വിഭജിക്കുമ്പോൾ കിട്ടുന്നവയത്രേ അണുക്കൾ. (Atoms) ഒരു പദാർത്ഥത്തിന്റെ അണുവിന് ആ പദാർത്ഥത്തിന്റെ തന്മാത്രയെപ്പോലെ ഗുണങ്ങളുണ്ടായിരിക്കയില്ല. അണുക്കൾചേർന്ന് തന്മാത്രകളും, തന്മാത്രകൾചേർന്ന് പദാർത്ഥങ്ങളും ഉണ്ടാകുന്നു. അതുകൊണ്ട് ഒരു വസ്തുവിന്റെ ഭാരം, അതിലുൾക്കൊള്ളുന്ന അണുക്കളുടെ ഭാരത്തിന്റെ ആകെത്തുകയാണെന്നുള്ള വസ്തുത അനായാസേന മനസ്സിലാക്കാവുന്നതാണല്ലോ.

ഒരണുവിന്റെ ഭാരം മിക്കവാറും അതിന്റെ കേന്ദ്രത്തിൽത്തന്നെയാണെന്നുള്ളതു സംശയാസ്പദമല്ല. അങ്ങനെ ഒരണുവിൽ അതിന്റെ ഭാരം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്ന 'ന്യൂക്ലിയസ്' എന്നാണല്ലോ പറയുന്നതു്. അണുകൂടനയിൽ ഏറ്റവും പ്രധാനപങ്കുവഹിക്കുന്നതു് ഈ ന്യൂക്ലിയസ്സാണെന്നതാണു്. പ്രോട്ടോൺസു്, ന്യൂട്രോൺസു് മുതലായവയാണു് ന്യൂക്ലിയസ്സിലുള്ളതു്. ഇവ അണുവിനേക്കാൾ വലിപ്പക്കുറവുള്ള ചെറുതരികളാണു്. സൂര്യനുചുറ്റും ഭൂമിയും മറ്റുപല ഗോളങ്ങളും ഭ്രമണംചെയ്യുന്നതുപോലെതന്നെ ന്യൂക്ലിയസ്സിനുചുറ്റും നിരന്തരം ചലിച്ചുകൊണ്ടിരിക്കുന്ന ചെറുതരികളാണല്ലോ ഇലക്ട്രോണുകൾ. ഈ കണങ്ങളെ 'ഇലക്ട്രോൺസു്' എന്നുവിളിക്കുന്നു. ഒരു ഇലക്ട്രോണിന്റെ ഭാരം ഒരു ഹൈഡ്രജനണുവിന്റെ $\frac{1}{1845}$ ഭാരം മാത്രമേയുള്ളൂ. ഇലക്ട്രോണിനു് 'ന്യൂനശക്തി' (Negative Power)യും പ്രോട്ടോണിനു് 'അധികശക്തി' (Positive Power)യുമുണ്ടു്. ഇലക്ട്രോണിനെപ്പോലെയോ പ്രോട്ടോൺസിനെപ്പോലെയോ യാതൊരു വൈദ്യുതശക്തിയും ഇല്ലാത്തതാണു് ന്യൂട്രോൺസു്. അതിനാൽ ന്യൂക്ലിയസ്സിൽ അനുഭവപ്പെടുന്നതു് പ്രോട്ടോൺസിന്റെ അധികശക്തിയും ന്യൂക്ലിയസ്സിനു വെളിയിലനുഭവപ്പെടുന്നതു് ഇലക്ട്രോൺസിന്റെ ന്യൂനശക്തിയുമാണു്, ഇങ്ങനെ വിപരീതശക്തികളും രണ്ടുമുള്ളതുകൊണ്ടു്—അതായതു് അധികശക്തിയുള്ള പ്രോട്ടോൺസു് ഉൾക്കൊള്ളുന്ന ന്യൂക്ലിയസ്സിനു പുറം ന്യൂനശക്തിയുള്ള ഇലക്ട്രോൺസു് സഞ്ചരിക്കുന്നതുകൊണ്ടു്, അധികശക്തിയും തുല്യമളവിലുള്ള ന്യൂനശക്തിയും ചേർന്നു് ഫലം പൂജ്യമായിത്തീരുന്നതിനാൽ—സാധാരണഗതിയിൽ അണുക്കൾക്കും അവയാൽ നിർമ്മിതമായിരിക്കുന്ന പദാർത്ഥങ്ങൾക്കും വൈദ്യുതിയില്ലാതിരിക്കുന്നു; എന്ന വസ്തുത, ഫാരഡേ, ബോർ, മോസ്ലി എന്നീ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചു.

ഈ ഭാഗം കൂടെക്കൂടി വ്യക്തമാക്കുവാൻ ശ്രമിക്കാം. ഉദാഹരണമായി ഒരണുവിന്റെ കേന്ദ്രത്തിൽ അനുഭവപ്പെടുന്ന 'അധികശക്തി' (പ്രോട്ടോൺസിന്റേതു്) '+ 8' ആണെന്നു സങ്കല്പിക്കുക. അപ്പോൾ അവയ്ക്കു പുറം '− 1' വീതം ന്യൂനശക്തിയുള്ള എട്ടു് ഇലക്ട്രോണുകൾ സഞ്ചരിച്ചുകൊണ്ടിരിക്കും. അങ്ങനെ എട്ടു് ഇലക്ട്രോണുകളുടെ ശക്തിയായ '− 8' പ്രോട്ടോൺസിന്റെ ശക്തിയായ '+ 8'നെ നിഷ്പ്രഭമാക്കിത്തീർക്കുന്നു. അതുകൊണ്ടു് സാധാരണനിലയിൽ അണുവിനു് ഇലക്ട്രിസിറ്റി അനുഭവപ്പെടുന്നില്ല.

ഗ്ലാസ്സുകൊണ്ടോ, പ്ലാസ്റ്റിക്കുകൊണ്ടോ നിർമ്മിച്ചിട്ടുള്ള ചീപ്പുപയോഗിച്ചു് മുടിചീകിയശേഷം പ്രസ്തുതചീപ്പ് ഒരു ചെറിയ കടലാസ്സുകഷണത്തിനു മുകളിൽ അടുപ്പിച്ചാൽ ആ കടലാസ്സുകഷണം ചീപ്പിൽ ചാടിപ്പിടിക്കുന്നതുകാണാം. ഇതിനുകാരണം ഇലക്ട്രിസിറ്റിതന്നെ. മുടി ചീകുമ്പോൾ അതിനു നല്ല മാർദ്ദവമുള്ളതുകൊണ്ടു് ചീപ്പിന്റെ അണുക്കളിൽനിന്നു് ഏതാനും ഇലക്ട്രോണുകൾ മാറാപ്പെടുകയും ആ അണുക്കൾക്കു് പുറമേ ന്യൂനശക്തി, തന്മൂലം നഷ്ടമാവുകയും ചെയ്യുന്നു. അപ്പോഴും കേന്ദ്രത്തിലുള്ള പ്രോട്ടോൺസിന്റെ അധികശക്തിക്കു് യാതൊരുവ്യത്യാസവും സംഭവിക്കുന്നില്ല. നഷ്ടപ്പെട്ട ഇലക്ട്രോണുകളുടെ ന്യൂനശക്തിക്കുതുല്യമായ അധികശക്തി കേന്ദ്രത്തിൽ പ്രവൃത്തിരൂപത്തിൽ വരുന്നതിനാൽ കടലാസ്സുകഷണം ആകർഷിക്കുന്നതിനുള്ള അധികശക്തി ചീപ്പിന്റെ അണുക്കൾക്കുലഭിക്കുന്നു.

ന്യൂക്ലിയസ്സിൽ പ്രോട്ടോൺസും ന്യൂട്രോൺസും ഉണ്ടെന്നും അവയ്ക്കുപുറമായി ചലിച്ചുകൊണ്ടിരിക്കുന്ന ഇലക്ട്രോൺസ് ഉണ്ടെന്നും പറഞ്ഞുകഴിഞ്ഞു. ഇലക്ട്രോണുകൾ സഞ്ചരിക്കുന്നതു് ന്യൂക്ലിയസ്സിനുപുറം ചില നിശ്ചിതവൃത്തങ്ങളിലാണെന്നു് ബോർ എന്ന ശാസ്ത്രജ്ഞൻ കണ്ടുപിടിച്ചു. ഈ വൃത്തങ്ങൾക്കു് 'ഓർബിറ്റുകൾ' എന്നാണു പറയുന്നതു്. ഓരോ ഓർബിറ്റിലും ചലിക്കുന്ന ഇലക്ട്രോണുകളുടെ എണ്ണം ഓരോ പ്രത്യേകസംഖ്യയായിരിക്കും. ഉദാഹരണമായി ഒന്നാമത്തെ ഓർബിറ്റിൽ രണ്ടും രണ്ടാമത്തേതിൽ എട്ടും മൂന്നാമത്തേതിൽ പതിനെട്ടും ഇലക്ട്രോണുകൾ ചലിക്കുന്നു. ഇതിനുപുറമേ ഓരോ ഓർബിറ്റിലും ചലിക്കുന്ന ഇലക്ട്രോണുകൾക്കു് ഓരോ പ്രത്യേകവേഗതയുമുണ്ടു്. ഇതിനുപുറമേ ഓരോ ഓർബിറ്റിലും ചലിക്കുന്ന ഇലക്ട്രോണുകൾക്കു് ഓരോ പ്രത്യേകവേഗതയുമുണ്ടു്. ഇതിനുപുറമേ ഓരോ ഓർബിറ്റിലും ചലിക്കുന്ന ഇലക്ട്രോണുകൾക്കു് ഓരോ പ്രത്യേകവേഗതയുമുണ്ടു്.


ഇനി എക്സ്റേയുടെ ഉത്ഭവത്തെപ്പറ്റി നമുക്കു് ചിന്തിക്കാം. ഒരു ലോഹത്തകിടിൽ ഒരു ഇലക്ട്രോൺ ശക്തിയായി വന്നിടിക്കുമ്പോൾ ആ ലോഹത്തകിടിന്റെ അണുക്കളിലുള്ള ഇലക്ട്രോണുകൾ ഇളകിത്തെറിക്കുന്നു. ഇങ്ങനെ ഇളകിത്തെറിക്കുന്ന ഇലക്ട്രോണുകൾ അണുക്കളിൽനിന്നു് വിട്ടുപോകുമ്പോൾ അവയുടെ ഓർബിറ്റുകളിൽ ചില വിടവുകൾ ഉണ്ടാകുന്നു. ഈ വിടവുകൾ നികത്തുവാൻ പുറമേനിന്നു് ഇലക്ട്രോണുകൾ ചാടിവീഴുന്നു. ഇങ്ങനെ ചാടിവീഴുന്ന ഇലക്ട്രോണുകൾ ഓർബിറ്റുകളിൽ ചലിച്ചുകൊണ്ടിരുന്നപ്പോൾ ഉണ്ടായിരുന്ന ഊർജ്ജത്തിനുപുറമേ ഒരു ഊർജ്ജംകൂടി ഉണ്ടായിരിക്കുന്നു. ഈ ഊർജ്ജം ഈതറിൽ തരംഗരൂപത്തിൽ പ്രസരിക്കുന്നു. ഈ തരംഗങ്ങളാണു് എക്സ്റേ. ഇതിനുപുറമേ ഓരോ ഓർബിറ്റിലും ചലിക്കുന്ന ഇലക്ട്രോണുകൾക്കു് ഓരോ പ്രത്യേകവേഗതയുമുണ്ടു്

ല നിശ്ചിത കക്ഷ്യ(Orbit)കളിൽക്കൂടിയാണ്. ന്യൂക്ലിയസ്സും ഈ കക്ഷ്യകളുംതമ്മിൽ, ഒരണുവിനേസംബന്ധിച്ചിടത്തോളം സംരമായ അകലമുണ്ട്. അണുകവടനയെപ്പറ്റി ഇത്രയും മനസ്സിലാക്കിയിട്ട് ഇനി എക്സ്-റേനിലേയ്ക്കുകടക്കാം.

വിവിധതരത്തിലുള്ള ഊർജരശ്മികളുടെ കൂട്ടത്തിൽ 'കാതോഡ്രശ്മികം' എന്നറിയപ്പെടുന്ന ഒരു പ്രത്യേകം വിശേഷം കണ്ടെത്തപ്പെട്ടിട്ടുണ്ട്. സാധാരണമർദ്ദത്തിൽ ഒരു വാതകത്തിൽക്കൂടി വൈദ്യുതി പ്രവഹിപ്പിക്കുക പ്രയാസമാണ്. വാതകങ്ങളിൽകൂടി വൈദ്യുതി പ്രവഹിപ്പിക്കുവാൻ 'ഫാരഡേ' അനവധി പരീക്ഷണങ്ങളും നടത്തിയിട്ടുണ്ട്. 1859 ൽ 'പ്ലക്കർ' എന്ന ശാസ്ത്രജ്ഞനാണ് 'കാതോഡ്രശ്മികം' കണ്ടുപിടിച്ചത്. അദ്ദേഹം ഒരു ഗ്ലാസ്സ് കുഴലിലുള്ള വാതകത്തിന്റെ മർദ്ദം വളരെ കുറച്ച് അതിൽക്കൂടി വൈദ്യുതി കടത്തിയിട്ടുകയും ഒരു നിശ്ചിതമർദ്ദത്തിൽ ആ കുഴലിൽ ഘടിപ്പിച്ചിരുന്ന കാതോഡിൽനിന്നും (ന്യൂനഫലകം) ലംബമാനമായി ഒരു പുതിയ പ്രഭാകേന്ദ്രം പുറപ്പെടുന്നതായി കണ്ടെത്തുകയുംചെയ്തു. ഈ പ്രഭാവിശേഷത്തിനാണ് 'കാതോഡ്രശ്മികം' എന്നു പറയുന്നത്. സർ ജെ. ജെ. തോംസൺമുതലായ ശാസ്ത്രജ്ഞന്മാരുടെ നിരന്തര പരിശ്രമഫലമായി കാതോഡ്രശ്മികളും സൂനവൈദ്യുതിവഹിക്കുന്ന ഇലക്ട്രോണുകളാണെന്നു തെളിയിക്കപ്പെട്ടു.

1895-ൽ 'റോൺറ്റ്ജൺ' എന്ന ശാസ്ത്രജ്ഞനാണ് ആദ്യമായി എക്സ്റേ കണ്ടുപിടിച്ചത്. എക്സ്റേ ഉൽപാദിപ്പിക്കുവാൻ ഉപയോഗിക്കുന്ന ഉപകരണത്തിന് 'എക്സ്റേട്യൂബ്' എന്നു പറയുന്നു. ഈ ഉപകരണത്തിൽ 'ആൻറികാതോഡ്' എന്നു വിളിക്കുന്ന ഒരു ലോഹഫലകം, കാതോഡിൽനിന്നുവരുന്ന 'കാതോഡ് രശ്മികം' ഒരു നിശ്ചിതകേന്ദ്രത്തിൽ തട്ടത്തക്കവണ്ണം ഘടിപ്പിച്ചിട്ടുണ്ട്. കാതോഡ്രശ്മികം ഈ ഫലകത്തിൽ തട്ടുമ്പോൾ പദാർത്ഥങ്ങളിൽ കിഴിഞ്ഞുകയറുന്നതിന് ശക്തിയുള്ള ഒരുതരിതരി നവീനരശ്മികം പുറപ്പെട്ട് കൂബിനവെളിയിലേക്കുപോകുന്നു. ഈ രശ്മികളാണ് എക്സ്റേയെ'സ്'. കടലാസ്, തടി, മാംസം മുതലായവയിൽക്കൂടിയെല്ലാം കടന്നുപോകുന്നതിനുള്ള ശക്തി ഈ രശ്മികൾക്കുണ്ട്. പ്രകാശത്തേപ്പോട്ട് ഏറക്കുറെ സദൃശ്യമുള്ള ആലക്തിക കാന്തകതരംഗങ്ങളത്രേ ഇവ. സാധാരണ പ്രകാശവുമായുള്ള ഇതിന്റെ വ്യത്യാസം തരംഗായതി കുറവാണെന്നുള്ളതാണ്.

അണുകവടനയെപ്പറ്റി പറഞ്ഞപ്പോൾ ന്യൂക്ലിയസ്സും, ഇലക്ട്രോൺകളും സഞ്ചരിക്കുന്ന കക്ഷ്യകളുംതമ്മിൽ സംരമായ അകലമുണ്ടെന്നു പറഞ്ഞു. അതിനിടയ്ക്കുള്ള സ്ഥലം



ഡൂക്കും ഡ്യൂക്കുമായി ക്രിക്കറ്റുമത്സരം. എലിസബത്തു് രാജ്ഞിയുടെ ഭർത്താവായ എഡിൻബറോ ഡ്യൂക്ക് അൻഡൽ കൗസിലിൽവച്ചുനടന്ന ക്രിക്കറ്റുമത്സരത്തിലെ ഇന്നിംഗ്സിൽ. അദ്ദേഹം മത്സരിച്ചതു് നാർഫക്ക് ഡ്യൂക്കിന്റെ നേതൃത്വത്തിലുള്ള ടീം ആയിട്ടായിരുന്നു. നാർഫക്ക് ഡ്യൂക്കിന്റെ ടീം ജയിച്ചു. നഷ്ടണൽ ഫ്ലേയിംഗ്ഫീൽഡ്സ് അസോസ്യേഷന്റെ ആവശ്യത്തിലേയ്ക്കു ധനശേഖരണാർത്ഥം നടത്തപ്പെട്ടതായിരുന്നു മത്സരം.

പൊള്ളയാണ്. അങ്ങനെ പൊള്ളയായ സ്ഥലത്തുകൂടി എക്സ്റേയ്ക്കു നിഷ്പ്രയാസം കടന്നുപോകുന്നതിന് സാധിക്കും. ന്യൂക്ലിയസ്സിലും മാംസം തട്ടുന്ന രശ്മികം പ്രതിഫലിച്ച് തിരിച്ചുപോവുകയും ചെയ്യും. അങ്ങനെ രശ്മികം കടന്നുപോകുന്നതുകൊണ്ടാണ് രോഗികളുടേയും മാംസം ഫോട്ടോ എടുക്കുവാൻ സാധിക്കുന്നത്. ഇതുപോലുള്ള കഴിവുകൾ പിടിച്ചുണ്ടാക്കുന്ന 'ഫ്ലൂറസ്കോപ്പ്' ഉപയോഗിച്ചും ഫോട്ടോയും സാധാരണ പ്രകാശത്തിൽവ്യത്യസ്തമല്ല. എന്നാൽ എക്സ്റേ ഉപയോഗിച്ചാൽ ഇവയെപ്പറ്റി വേണ്ടതെളിവുകളുണ്ടാക്കുവാൻ കഴിയുകയുംചെയ്യും.

പഞ്ചഭൂതങ്ങളിലുള്ള വിശ്വാസത്തെ തകിടംമറിച്ച 90-ൽ കൂടുതൽ ഭൂതങ്ങളും (Elements) ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിട്ടുണ്ടല്ലോ. ഈ ഭൂതങ്ങളെല്ലാം ലോഹങ്ങളും അലോഹങ്ങളുമായി വിഭജിക്കപ്പെട്ടിരിക്കുന്നു. യൂറേനിയം എന്നറിയപ്പെടുന്നതു് ഇതിൽ ഒരു ലോഹമാണ്. 1896-ൽ 'ഹെൻറിബക്കറൽ' എന്ന ശാസ്ത്രജ്ഞൻ, കൂത്തകടലാസ്സിൽ പൊതിഞ്ഞുവെച്ചാലും, ഒരു ഫോട്ടോഗ്രഫിക് പ്ലേറ്റിൽ പ്രവർത്തിക്കുവാൻ കഴിവുള്ളവയാണ് യൂറേനിയം ലവണങ്ങളും എന്നു കണ്ടുപിടിച്ചു. തോറിയത്തിനും ഇതേപ്രകാരമുള്ളതെന്നു മാഡംക്യൂറി തെളിയിച്ചിട്ടുണ്ട്. ഈ വസ്തുക്കളെ 'റേഡിയോആക്ടീവ്' വസ്തുക്കളെന്നാണ് വിളിക്കുന്നത്.

മാഡംക്യൂറി, തന്റെ പരീക്ഷണങ്ങൾമൂലം, പരിശുദ്ധമായ യൂറേനിയം ലവണത്തേക്കാൾ കൂടുതൽ പ്രവർത്തനശക്തി പ്രാകൃതികമായ യൂറേനിയം ലവണത്തിനുണ്ടെന്നു മനസ്സിലാക്കി. യൂറേനിയത്തേക്കാൾ കൂടുതൽ പ്രവർത്തനശക്തിയുള്ള ഒരു പുതിയ ലോഹം അതിലുണ്ടായിരിക്കണമെന്നുള്ള നിഗമനത്തിൽ അവർ എത്തിച്ചേരുകയും അങ്ങനെ റേഡിയം കണ്ടുപിടിക്കപ്പെടുകയുംചെയ്തു. യൂറേനിയത്തേക്കാൾ ഏകദേശം പത്തുലക്ഷം ഇരട്ടിശക്തിയാണ് റേഡിയത്തിനുള്ളത്.

റേഡിയം മൂന്നരത്തിലുള്ള രശ്മികൾ വികിരണംചെയ്യുന്നുണ്ട്. അവയെ ആൽഫാറെയ്സ്, ബീറ്റാറെയ്സ്, ഗാമാറെയ്സ് എന്നിങ്ങനെവിളിക്കുന്നു. കട്ടികുറഞ്ഞ അലൂമിനിയത്തകിടിൽക്കൂടി കടന്നുപോകുവാനുള്ള കഴിവ് ഇവയ്ക്കുണ്ട്. ചെറിയ എക്സ്റേയുടെയും, കുറഞ്ഞശക്തിയിൽ ആകർഷിക്കപ്പെടുന്നവയുമാണ് ഗാമാരശ്മികൾ. ആൽഫാരശ്മികളും ബീറ്റാരശ്മികളും കുറഞ്ഞശക്തിയിൽ ആകർഷിക്കപ്പെടുന്നവയാണ്. ആൽഫാരശ്മികളേക്കാൾ കൂടുതലായി വസ്തുക്കളിൽ തുളഞ്ഞുകയറുന്നതിനുള്ള ശക്തി ബീറ്റാരശ്മികൾക്കുണ്ട്. ഇതിനേക്കാൾ രണ്ടും ഈവയുടെ തരതമ്യേനയുള്ള ചെറുപ്പവും വേഗതക്കൂടുതലുമാണ്.

റേഡിയത്തിൽനിന്നും ഒരുതരംവാതകം പ്രവഹിക്കുന്നുണ്ടെന്നുള്ള വസ്തുതയും കണ്ടുപിടിക്കപ്പെട്ടു. ഈ വാതകത്തിന്റെ ഗുണങ്ങളും പരിശോധിക്കപ്പെട്ടപ്പോൾ, ഇതു്, ഹീലിയം ആർഗോൺ മുതലായ വാതകങ്ങളുടെകൂട്ടത്തിൽപെടുന്നതാണെന്നു മനസ്സിലായി. ഈ വാതകത്തിന് 'റാഡോൺ' എന്നുപേർപറയുന്നു.

റേഡിയത്തിന വളരെവേഗം മറ്റൊന്നുസംഭവിച്ചുകൊണ്ടിരിക്കുന്നു. അതു വളരെവേഗത്തിൽ ഹീലിയമായും റാഡോണായും മാറുന്നു. റേഡിയം പോലെ ഇവ ഓരോന്നും ഓരോ മൂലകമാണ്. റാഡോൺഹീലിയവും മറ്റൊരു ഖരസാധനവും പുറപ്പെടുവിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ റേഡിയം അതിന്റെ സ്ഥിരമായ അവസാനസ്ഥിതി—അതായതു് ഈയത്തിന്റെ ഒരു രൂപഭേദം—പ്രാപിക്കുന്നതിനുമുമ്പേ ഏകദേശം എട്ടുമറ്റൊന്നുകൂടി സംഭവിക്കുന്നുണ്ട്. ഓരോ മറ്റൊന്നുസംഭവിക്കുമ്പോഴും ആൽഫാരശ്മികളോ, ബീറ്റാരശ്മികളോ, ഗാമാരശ്മികളോ വികിരണംചെയ്യപ്പെടുന്നുമുണ്ട്. റേഡിയത്തെപ്പറ്റി മറ്റുശാസ്ത്രജ്ഞന്മാരുടെ വിശ്വാസമായി പറിച്ചുതെങ്കിലും അതു കണ്ടുപിടിച്ച മാഡംക്യൂറിതന്നെയാണ് കൂടുതൽ അഭിനന്ദനാർഹ.

ശാസ്ത്രത്തിന്റെ വിവിധശാഖകളേപ്പറ്റി ചിന്തിക്കുമ്പോഴും നൂതൻ ഫോർഡ്, സർ, ജെ. ജെ. തോംസ

വൈരുധ്യാത്മകമായ ഭൗതികവാദം

★

— വില്യം ഒ. ഡഗ്ലസ് —

(തുടർച്ച)

പൂർണ്ണതയെത്തിട്ടില്ലെങ്കിലും ജനാധിപത്യരാജ്യങ്ങളിൽ ഇന്നുനിലവിലിരിക്കുന്ന ഏറ്റവും കക്ഷിയെ സഹിഷ്ണുതയോടെയിട്ടുകൂടി വീക്ഷിക്കുന്ന ഏറ്റവും പുരോഗമനോന്മുഖമായ ഒരു ഫീക്ഷണമാണ് നമുക്കുള്ളത്. ഒരു കക്ഷി അധികാരത്തിലിരിക്കുമ്പോൾ അതിന്റെ നേതാക്കന്മാർ മാത്രമാണ്. അതിന്റെ വീഴ്ചയോ വാഴ്ചയോ അതിന്റെ നേട്ടങ്ങളും ആശ്രയിച്ചിരിക്കും. എതിർപക്ഷം ഞെരുക്കി ചെയ്യുന്നതിനോ തിരഞ്ഞെടുപ്പിൽ വിജയം നേടിയ പക്ഷത്തെ അധികാരത്തിൽ പുലർത്തുന്നതിനോ പോലീസിന്റെയോ സൈന്യത്തിന്റെയോ ആവശ്യമുണ്ടാവുന്നില്ല.

സോവിയറുകൾ എതിർപക്ഷത്തെ ഇപ്രകാരം സഹിഷ്ണുതാബുദ്ധിയോടുകൂടി വീക്ഷിക്കുന്നില്ല. തിരഞ്ഞെടുപ്പിൽ വിജയം നേടുന്നതുവരെ കമ്മ്യൂണിസ്റ്റുകൾ ജനസാമ്യവാദികളെപ്പോലെ പ്രവർത്തിക്കുകയും പ്രവർത്തിക്കുകയുംചെയ്യും. പാർലമെന്ററി ഭരണസമ്പ്രദായരീതികൾ അവർ അനുവർത്തിക്കും. അവരുടെ വാക്കുകളും മുദ്രാവാക്യങ്ങളും ജനസാമ്യവാദികൾക്ക് സുപരിചിതങ്ങളും സുഖകരങ്ങളുമായിരിക്കും. അവർക്കും "സ്വതന്ത്ര തിരഞ്ഞെടുപ്പുകളിൽ" വിശ്വാസമുണ്ട്. നീതിക്കുവേണ്ടി അവർ വാദിക്കും. മനുഷ്യാവകാശങ്ങളെ അവർക്ക് വെറുപ്പാണ്. മർദ്ദനമനുഭവിക്കുന്ന ഏതൊരു വ്യക്തിയുടേയും സംഘത്തിന്റെയും ചാമ്പ്യന്മാരായി അവർ രംഗപ്രവേശംചെയ്യും. എന്നാൽ ഒരിക്കൽ അധികാരത്തിലെത്തിക്കഴിഞ്ഞാൽ പിന്നീടവർക്കു അട്ടിപ്പേറാണ്; ഉടൻതന്നെ സകല പ്രതിപക്ഷങ്ങളേയും തുടച്ചുനീക്കയായി.

ഏതൊരു മനുഷ്യാവകാശപ്രസ്ഥാനത്തിന്റെയും നിരയിൽ കമ്മ്യൂണിസ്റ്റുകൾ കാണപ്പെടുന്നതിനാൽ അവർ ദേവദൂതന്മാരുടെ കൂട്ടരാണെന്നു സാധാരണ പറഞ്ഞുകേൾക്കുന്നു. പക്ഷെ കമ്മ്യൂണിസ്റ്റുകൾ പുരോഗമനാശയങ്ങൾക്കുവേണ്ടി വാദിക്കുന്നതു്. പുരോഗമനവാദികളുടേതിൽനിന്നു് തുലോം വ്യത്യസ്തങ്ങളായ ഉദ്ദേശങ്ങളോടുകൂടിയാണ്. ഉല്പതിഷ്ണുക്കളെ മനംമയക്കി വശീകരിക്കയും യാഥാസ്ഥിതികന്മാരെ വഴിതെറ്റിക്കയും എല്ലുവെക്കും ചിന്താക്കുഴപ്പമുണ്ടാക്കുകയും ചെയ്കയാണവരുടെ ഉദ്ദേശ്യം. സാക്ഷാൽ ഉല്പതിഷ്ണുവായ ഒരു ഭരണകൂടം അവർക്ക് 'ചതുർത്ഥി'യാണ്. എങ്ങനെയും അതു തുലയ്ക്കുന്നതുമെന്നാണവരുടെ ലക്ഷ്യം. മാർഗ്ഗമെന്തുമാവട്ടെ, ലക്ഷ്യം നന്നാകേണമെന്നവർക്കില്ല; എങ്ങനെയും അധികാരം പിടിച്ചെടുക്കണമെന്നേയുള്ളു അതുകൊണ്ടാണവർ സോഷ്യലിസത്തിന്നനുകൂലമായും ഇംഗ്ലണ്ടിലെ സോഷ്യലിസ്റ്റ് ഭരണത്തിനെതിരായും സംസാരിക്കുന്നതു്. ജനാധിപത്യം, സ്വാതന്ത്ര്യം, വിശ്വാസ്യത എന്നിവയിൽ നിന്നുൽ അവർക്ക് അധികാരംകിട്ടാൻ സാധ്യതകുറവാണെന്നുള്ളതുകൊണ്ടുതന്നെ അതൊക്കെ മുച്ചൂടും നശിപ്പിക്കുന്നതിലാണ് വാസ്തവത്തിലവരുടെ ആശകിടക്കുന്നതു്

സ്റ്റാലിന്റെ കൃതികളിൽ ഈ കമ്മ്യൂണിസ്റ്റ് അടവു് സ്പഷ്ടമായി വിവരിച്ചിട്ടുണ്ട്. ഇതു് നാം ശരിക്കു മനസ്സിലാക്കേണ്ടതാണ്. സോവ്യറുകളും രണ്ടു വിപ്ലവം വിഭാവനംചെയ്യുന്നു. ഒന്നു്, ബൂർഷ്വാവിപ്ലവം, മറ്റതു് അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ വിപ്ലവം. ബൂർഷ്വാവിപ്ലവംമുഖേന കമ്മ്യൂണിസ്റ്റുകൾ നല്ല വിലുള്ള ജനാധിപത്യസ്ഥാപനങ്ങൾ പിടിച്ചടക്കുന്നു. അതാണ് ചെക്കോസ്ലോവാക്യയിൽ നടന്നതു്. ഇറാലിയിലും ഫ്രാൻസിലുമതുണ്ടാവാൻ കമ്മ്യൂണിസ്റ്റുകൾ കിണഞ്ഞുപരിശ്രമിച്ചു. നിലവിലുള്ള ജനാധിപത്യഭരണകൂടങ്ങൾ പിടിച്ചെടുക്കാൻ അവർ ജനസാമ്യമാർഗ്ഗങ്ങളെന്നെ അവലംബിക്കും. ജനസാമ്യവാദികളേക്കാൾ ഉച്ചത്തിൽ ചിലപ്പോഴവർ ജനസാമ്യമാകാത്മം വാഴ്ത്തും. എന്നാൽ അവർ ജനാധിപത്യഭരണകൂടങ്ങളെ പിടിച്ചെടുക്കുന്നതു് എന്തിനാണ്? അവ നശിപ്പിച്ചുകളയാൻ, അട്ടത്തുവടി, അവയുടെ അധികാരങ്ങളും മേന്മയുമെല്ലാം കേന്ദ്രസംഘടനയ്ക്കു അടിയറവയ്ക്കുക അതാണ് അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ വിപ്ലവം. പടനീക്കങ്ങളോ ബോംബുവർഷങ്ങളോ ഒന്നും കൂടാതെയാണു് രണ്ടു വിപ്ലവവും സാധിക്കുന്നതു്. വാസ്തവത്തിൽ വ്യവസ്ഥാപിതഭരണത്തിന്റെ പുറംപൂച്ചു് അവർ അണിഞ്ഞിരിക്കും.

ഈ രണ്ടു വിപ്ലവങ്ങൾക്കിടയിൽ കമ്മ്യൂണിസ്റ്റുകൾ പ്രതിപക്ഷങ്ങളും ഇല്ലായ്മചെയ്യാൻ ഒരു പഴയ രാഷ്ട്രീയ അടവാണ പ്രയോഗിക്കുന്നതു് — അതിപുരാതനകാലംമുതലേ പ്രജാപീഡകന്മാർ പ്രയോഗിച്ചുപോരുന്ന ഒരു അടവു് — കൊലയും ഭീഷണിയും. പൊതുക്കാര്യങ്ങളിൽ പേടി ഏറ്റവും വലിയ സ്വാധീനം ചെലുത്തുന്നു. ജനങ്ങളുടെ ഹൃദയങ്ങളിൽ പേടി കടന്നുകൂടുന്നതിനെ തുടർന്നു കമ്മ്യൂണിസ്റ്റ് അണികൾ തഴയുന്നു.

ജനാധിപത്യവാദികളും കുറ്റം വിധിച്ചുകളയുന്ന ഒരു രാഷ്ട്രീയഅടവാണിതു്. കള്ളവും വഞ്ചനയും പൊതുക്കാര്യനിർവ്വഹണമാകരുതെന്നുള്ളതുകൊണ്ടുതന്നെയിട്ടെടുക്കാൻ നമുക്കു സാധ്യമല്ല. കൊലയും ഭീഷണിയും രാഷ്ട്രീയയുദ്ധങ്ങളാക്കാൻ നാം തയ്യാറല്ല.

മേൽ പ്രതിപാദിച്ച ത്രിവിധമായ മൗലികഭിന്നതകളും നമുടെ സ്വദേശകാര്യങ്ങളിലും വിദേശബന്ധകാര്യങ്ങളിലും ഗുരുതരങ്ങളായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. സോവ്യറുകളും ലോകം മുഴുക്കുന്നതിനുള്ള ആശയ വ്യവഹാരങ്ങളുടെതിരിച്ചടിയും സൂക്ഷ്മബുദ്ധിയും സൂക്ഷ്മവീക്ഷണവുമായ ഒരു പരിപാടി നമുക്കുണ്ടായിരിക്കണം.

സ്വദേശകാര്യങ്ങളിൽ നമുടെ മാർഗ്ഗം സുഗമമാണ്.

1. ഈരാജ്യത്തെ കമ്മ്യൂണിസ്റ്റുകളെ നാമിനി പേടിക്കേണ്ടതില്ല. കാരണം, അവർ എണ്ണത്തിൽ ഏറ്റവും ചെറിയ ഒരു കൂട്ടമാണ്. എന്നാൽ നാം പേടിക്കേണ്ട കാര്യമെന്നുണ്ട്. കമ്മ്യൂണിസ്റ്റുകളുടെ പ്രചരണങ്ങളും നമ്മെ മയക്കിക്കളയാനുള്ള സാധ്യത. അതിനാൽ നമുടെ ജന്മാവകാശത്തെ കർത്തവ്യം അവരുടെ ഉദ്ദേശ്യങ്ങളും പ്രവർത്തനരീതികളും മനസ്സിലാക്കികയാണ്. നാം അവ മനസ്സിലാക്കുന്തോറും ശക്തരാണ് കമ്മ്യൂണിസ്റ്റുകൾക്കു തങ്ങളുടെ ശക്തിയിൽ കവിഞ്ഞ സ്വാധീനംചെലുത്താൻ കഴിയുന്നതു്. ജനാധിപത്യരാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് സ്വാധീനശക്തി, ഭിന്നിപ്പുണ്ടാക്കുന്ന നയമാണവർ സ്വീകരിക്കുന്നതു്. ഉല്പതിഷ്ണുക്കളെ പരസ്പരം കൂട്ടിയടിപ്പിക്കുക, യാഥാസ്ഥിതികന്മാർക്കെതിരായി ഉല്പതിഷ്ണുക്കളെ ഇളക്കിവിടുക, വർഗ്ഗത്തിനെതിരായി മറ്റൊരുവർഗ്ഗത്തെയും മുതലാളിമാർക്കെതിരായി തൊഴിലാളികളെയും അണിനിരത്തുക — ഇതെല്ലാമാണവരുടെ തന്ത്രങ്ങൾ. ഈവക അടവുകൾക്കു ജനാധിപത്യവിശ്വാസികളുടേയും നാം ഇരയായിത്തീരരുതു്.

2. നമുടെ രാഷ്ട്രീയനടപടികളും തികച്ചും ആത്മാർത്ഥവും സത്യസന്ധവുമായിരിക്കാൻ നാം നിശ്ചയിക്കണം. പുരോഗമനപരമായ ഒരു പരിഷ്കരണത്തിനുവേണ്ടി വാദിക്കുയോ പാവങ്ങളുടെ നന്മയ്ക്കുള്ള ഒരു പരിപാടിയിൽ സഹായിക്കുയോ ചെയ്യുന്ന ഏതൊരുവനെയും കമ്മ്യൂണിസ്റ്റ് എന്നു മുദ്രയടിക്കുന്ന ലജ്ജാവഹമായ പതിവു് നാം അവസാനിപ്പിക്കണം. തനിക്കേറ്റവും പ്രിയംകരമായ 'ടിവിഎ'യുടെ പുരോഗതിക്കായി പ്രയത്നിച്ചുകൊണ്ടു് ജോർജ്ജ് നോറിസ് ഇന്നു ജീവിച്ചിരുന്നെങ്കിൽ ചിലർ അദ്ദേഹത്തെ കമ്മ്യൂണിസ്റ്റ് എന്നു മുദ്രകുത്തുമായിരുന്നു റഷ്യയിൽ ശക്തിജനകപരിഷ്കരണം ദേശസാൽകൃതങ്ങളാണെന്നവർ പുണ്ടിക്കാട്ടും. അതേ യുക്തിവച്ചുനോക്കിയാൽ ഇംഗ്ലണ്ടിലെ മഹത്തായ തൊഴിലാളിക്ഷേമവും കമ്മ്യൂണിസ്റ്റാണെന്നും പറയേണ്ടിവരും.

ഉല്പതിഷ്ണുക്കളെ ഇപ്രകാരം പൊതുജനസമക്ഷം അവഹേളിക്കാൻതുടങ്ങുമ്പോൾ അവർ കൊലയും ഭീഷണിയും കൊണ്ടു നമ്മെ നേരിടുന്നതിനുള്ള മുന്നൊരുക്കമാണു് നടത്തുന്നതു്. ഇതിനെതിരായി നാം ജാഗരൂകരായിരിക്കണം. ഇതിനുള്ള ഏറ്റവും നല്ല മാർഗ്ഗം കമ്മ്യൂണിസ്റ്റുകളുടെ പ്രവർത്തനങ്ങളെപ്പറ്റി പൊതുജനങ്ങളെ ബോധവാന്മാരാക്കുകയാണ്. കമ്മ്യൂണിസ്റ്റുകൾ ഏതെങ്കിലും ഒരു പ്രസ്ഥാനത്തിൽ നുഴഞ്ഞുകയറിയാൽ അതിന്റെ നേതാക്കന്മാരെ അവർ ഉപയോഗിക്കുന്നതെങ്ങനെയെന്നു ജനങ്ങൾ അറിഞ്ഞിരിക്കണം. കമ്മ്യൂണിസ്റ്റുകൾ ഏതെങ്കിലും ഒരു പ്രസ്ഥാനത്തിൽ നുഴഞ്ഞുകയറിയാൽ അതിന്റെ നേതാക്കന്മാരെ അവർ ഉപയോഗിക്കുന്നതെങ്ങനെയെന്നു ജനങ്ങൾ അറിഞ്ഞിരിക്കണം. കമ്മ്യൂണിസ്റ്റുകൾ ഏതെങ്കിലും ഒരു പ്രസ്ഥാനത്തിൽ നുഴഞ്ഞുകയറിയാൽ അതിന്റെ നേതാക്കന്മാരെ അവർ ഉപയോഗിക്കുന്നതെങ്ങനെയെന്നു ജനങ്ങൾ അറിഞ്ഞിരിക്കണം.

ൻമുതലായവരെപ്പറ്റിയുള്ള സ്മരണതന്നെ നമുടെ ഹൃദയത്തിൽ ഉദിച്ചുകൊള്ളും. മനുഷ്യജീവിതത്തെ നന്ദനസദൃശം ആക്കിത്തീർക്കുന്നതിനുപയോഗിക്കാവുന്ന ശാസ്ത്രോദ്യാനത്തിലേ വാടാമലരുകളത്രേ അവർ.

★


ങ്ങിയാൽ കമ്യൂണിസ്റ്റ്‌ഐക്യത്തിന ശക്തി വളർന്ന പടരുകയേയുള്ളൂ. അ നുലം കമ്യൂണിസ്റ്റ്‌കളും ഉല്പതിഷ്ണു ക്കളും തമ്മിൽ കൂട്ടുതൽ അടുക്കണമെ യാകും. അപ്പോൾ ജനസാമ്യവാദിക ളുടെ അണികളിൽ ഛിദ്രമുളവാക്കി ജനതയെ ചരസ്സായിരോധികളായ വിവിധപാളയങ്ങളായി തിരിക്കാൻ യാഥാസ്ഥിതികന്മാർക്കവസരമുണ്ടാവും

സ്വതന്ത്രമായി ചിന്തിക്കയും വാ യിക്കയും സംസാരിക്കയും ചെയ്യാൻ അടുക്കുംക്കോടിയല്ലാത്ത മനു നാടായി നമ്മുടെ രാജ്യത്തെ നാം സൃ ക്ഷിക്കേണ്ടതുണ്ട്.


3. നാം കൂട്ടുതൽ രാഷ്ട്രീയബോ ധമുള്ളവരാകണം. കമ്യൂണിസ്റ്റ്‌ക കം അവരുടെ 'ജനകീയകേന്ദ്ര സാൽക്കരണം' (ഡെമോക്രാറ്റിക് സെൻട്രലിസം) മുഖന അവരുടെ അഭിപ്രായവ്യത്യാസങ്ങളും അവരുടെ അണികൾക്കുള്ളിൽതന്നെ ഒതുക്കി നിർത്തുന്നു. പാർട്ടിനയം നിശ്ചയി ച്ചുകഴിഞ്ഞാൽപിന്നെ അവർ ലോക സമക്ഷം ഒരേ ഐക്യമുന്നണിയായി പ്രത്യക്ഷപ്പെടും. കമ്യൂണിസ്റ്റുക ളെപ്പോലെ ഇത്ര ഉജ്ജ്വലസഘടനയെ രാഷ്ട്രീയമണ്ഡലത്തിൽ ലോകത്തി ലിതേവരെ ഉണ്ടായിട്ടില്ലെന്നതന്നെ പറയാം. ബാക്കിയുള്ള നമ്മളെ ഇള ച്ചുകൊണ്ടിരിക്കുമ്പോൾ കമ്യൂണിസ്റ്റ് പ്രവർത്തകർ വീട്ടുകാരെ സന്ദർശിച്ചും ലഘുലേഖകളും എഴുതിയും തങ്ങളുടെ മതം പ്രചരിപ്പിച്ചും തികഞ്ഞ തിര ക്കിൽ കഴിയുകയായിരിക്കും. കമ്യൂ ണിസ്റ്റുകളെപ്പോലെ പാർട്ടിനയ ത്തിൽ കെട്ടുപെട്ടവരായി കഴഞ്ഞു കൂടാൻ നമ്മുടെ സ്വാതന്ത്ര്യബോധ വും മനസികാടിജ്ഞാവും നമ്മെ അ നുവദിക്കുന്നില്ലെങ്കിലും രാഷ്ട്രീയകാ ര്യങ്ങളിൽ നാം കൂടുതൽ കാര്യമായി ശ്രദ്ധിക്കണം.

രാഷ്ട്രീയസംഘടനകളിലും രാ ഷ്ട്രീയപ്രവർത്തനങ്ങളിലും നമ്മുടെ ശക്തികളെ മുഴുവൻ വിനിയോഗി ച്ചാൽ നമ്മുടെ കാര്യങ്ങളിൽ കമ്യൂണി സ്റ്റുകൾക്ക് ഒന്നുംചെയ്യാൻ കഴി കയില്ല. നമ്മുടെ തൊഴിലാളിയു ണിയനുകളെപ്പറ്റിതന്നെ ഇതു വസ്തുത ഒരു ളിയിച്ചു കാട്ടിയിരിക്കുന്നു.

4. കമ്യൂണിസത്തിനുള്ള രാഷ്ട്രീ യമരുന്ന് സഫലമായ ജനസാ മൃഭരണമാണ്. പിന്തിരിപ്പൻ ഭര ണങ്ങളാണ് കമ്യൂണിസം തഴച്ചുവള രാൻ പാറിയ കാലാവസ്ഥ സൃഷ്ടിക്കു ന്നത്. കമ്യൂണിസ്റ്റുകൾ സ്വാധീന ശക്തിയെ മുടിക്കുയാൻ പോന്നത് ജനസാമ്യസക്തർ ഏതാണ്? മനു ഷ്യാവകാശങ്ങളും അംഗീകരിക്കയും എല്ലാ ജയങ്ങളുടെയും ജീവിതനില ഉയർത്തുകയും ഈ വ്യവസായികയു ഗത്തിലെ ഞരക്ഷിതാവസ്ഥകളെ പ രിഹരിക്കയും മനഷ്യചരിത്രത്തിന്റെ പുലർകാലംമുതൽ മനുഷ്യനെ അല ട്ടിക്കൊണ്ടിരിക്കുന്ന ദാരിദ്ര്യം തുടച്ചു മാറുകയുംചെയ്യുന്ന പുരോഗമിയാ യ ഒരു സക്കാരായിരിക്കുമത്. കാ മ്യൂണിസ്റ്റുകളെക്കൂടാതെ തന്നെ ശ്രമിക്കുന്നത് രാഷ്ട്രിയമോ വ്യാവസായി കമോ ആയ അടിത്തറകളാണ്. ഇവ വും സ്ഥിതിവിശേഷങ്ങളിൽനിന്ന് മുതലെടുക്കാൻ കമ്യൂണിസ്റ്റുകൾക്കു മാത്ര വിയുന്നതരത്തിൽ അവരുടെ രാഷ്ട്രീ യസംഘടനയ്ക്ക് ലോകം മുഴുവനുമുള്ള പുരോഗമനശക്തികളുമായി ചേരുവാൻ കഴിയുന്നതരത്തിൽ അവരുടെ പ്രവർത്തനരീതികൾ മാറ്റിയെടുക്കുവാൻ അവർ നിർബന്ധിതരായിത്തീരുന്നു. ഇതിനുള്ള ഒരു ചട്ടക്കൂടുണ്ടാക്കുവാൻ ഇടമ







മുകളിൽ — ഇടത്തുനിന്നു് —

യാക്ഷയർഡിസ്ട്രിക്റ്റിലെ ചാമ്പ്യൺ ആണു് ഡ്രോഗൺ II എന്ന (3½ വയസ്സു്) മാൻ. ഏവംസ്കോർട്ടിലെ ഒരു പ്രദർശനത്തിൽ സംബന്ധിക്കുന്നതിനെത്തിയിരിക്കുകയാണയാൾ.

എം. പി. മാരുടെ ക്രിക്കറ്റു മത്സരംകഴിഞ്ഞു ശ്രീ. നെഹ്റു അദ്ദേഹത്തിനു സംഭാവനയായി ലഭിച്ച ഒരു ബാറ്റു് ലേലം ചെയ്യുന്നു.


ആർക്ടിക്പ്രദേശത്തെ ഒരു തരം താറാവുകളാണു സിറിയോപ്സിസ് (Cereopsis or Cape Barren Geese). ഇവ ഇംഗ്ലണ്ടിൽ സ്ലിംബ്രിഡ്ജിൽ വളർത്തപ്പെട്ടവരുന്നു.


താഴെ — ഇടത്തുനിന്നു് —

കണ്ടാൽ സുന്ദരി, നല്ലവൾ — "മിസ്സ് ലിയോൺസ് 1953"










ആയിത്തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന മധുരപ്രതിനേഴുകാരി ഫില്ലിസ് റാങ്കർട്ട്സ്. ലണ്ടനിലെ ഒരു "കേറ്ററിംഗ്" സ്ഥാപനത്തിലെ ജോലിക്കാരിയാണ് അവർ. എന്താണ് അഭിപ്രായം.

ഇജിപ്റ്റിലെ രാജാവായിരുന്ന ഫറൂക്കിന്റെ മൂത്തപുത്രി ഫെമറിയാൽ റോമിൽ ഒരു ആസ്പത്രിയിൽവച്ചു ശസ്ത്രക്രിയ നടത്തുകയുണ്ടായി. ഫെറിയാൽരാജകുമാരി ആസ്പത്രിവിട്ടപ്പോൾ എടുത്ത ഫോട്ടോ.

രാജകുമാരിയുടെ പ്രതിഷേധം—നെതർലൻഡ്സിലെ മാരിജൂക്കു് (6 വയസ്സു്) രാജകുമാരിക്കു് ഒരു വിരുന്നിൽ സംബന്ധിക്കുന്നതിനിഷ്ടമില്ല. പക്ഷെ മാതാവു ജൂലിയാനാരാജ്ഞി പ്രസ്തുത നിസ്സഹകരണം ബലപ്രയോഗത്താൽ അമർച്ചചെയ്യുകയാണു്.



ചീത്ത മനുഷ്യൻ

★

— കളങ്ങര ബാലകൃഷ്ണൻ —

"ഒരു നിഷ്പക്ഷമതിയാണെങ്കിൽ, തീർച്ചയായും തനിക്കു, സമ്മതിച്ചുപോകുന്ന ഒരു പരമാർത്ഥമാണ് പുരുഷൻ സ്വതന്ത്രയുടെ മുത്തിരിക്കണമെന്നുള്ള വസ്തുത. പ്രത്യേകിച്ച് വിവാഹസംബന്ധമായ കാര്യങ്ങളിൽ, സാമൂഹ്യജീവിതത്തിൽ എത്ര സമുന്നതമായ നിലയെ അലങ്കരിക്കുന്ന ആളാണെങ്കിലും ശരി, പുരുഷനെ ഭരിക്കുന്നതു് സ്വതന്ത്രമാത്രമായിരിക്കും.

നിങ്ങളും അവിവാഹിതനായ ഒരു പുരുഷനാണോ? എങ്കിൽ നിങ്ങളോടു ഞാനൊന്നു ചോദിച്ചുകൊള്ളട്ടെ. അപ്രതീക്ഷിതമായ ഒരു സാഹചര്യത്തിൽപ്പെട്ടു്, തികഞ്ഞ വൈമനസ്യത്തോടുകൂടിയാണെങ്കിലും, ശത്രുന്തരമില്ലാത്തതുകൊണ്ടു്, തന്റെ കന്യകാത്വം പണയപ്പെടുത്തേണ്ടിവന്ന ഒരു യുവതിയെ, പലയുവതികളുടെ കന്യകാത്വത്തെ നിസ്സാരമായി നശിപ്പിച്ച ആളാണെങ്കിൽ നിങ്ങളെങ്കിൽതന്നെയും, നിങ്ങളും വിവാഹംചെയ്യുവാൻ തയ്യാറാകുമോ?

നിങ്ങളുടെ ഉത്തരം എന്തായിരിക്കുമെന്നു് പുരുഷന്റെ കഴിഞ്ഞകാല ചരിത്രം അറിയാവുന്നവർക്കു നിങ്ങൾപ്രയാസം ഗ്രഹിക്കാവുന്നതേയുള്ളു.

വളരെ പുരോഗമിച്ചതാണു് ഇന്നത്തെ ലോകം എന്നു് വീമ്പിളക്കുന്ന പലരോടും, ഞാൻ ചോദിച്ചുപോവുകയാണു്, മനുഷ്യന്റെ സ്വഭാവത്തിനു് മൗലികമായ എന്തെങ്കിലും മാറ്റം സംഭവിച്ചിട്ടുണ്ടോ?

പുരുഷനെ പ്രസവിക്കുന്ന സ്ത്രീയ്ക്കു് സമൂഹത്തിൽ അനന്യതയായിരുന്ന സ്ഥാനത്തിൽനിന്നു വ്യത്യസ്തമായ എന്തെങ്കിലും സ്ഥാനമിന്നുണ്ടോ?".....

"ടാജ്മഹാളി"ന്റെ ആ തണുത്ത മാർബിൾതറയിൽ ഇരുന്നുകൊണ്ടു് എന്റെ ആ പുതിയ സ്നേഹിതൻ, പൂട്ടിനിറഞ്ഞ ചിന്തകളെ എന്നിലേക്കു വലിച്ചൊഴിയുകയാണു്.

ആയിരമായിരം രഹസ്യങ്ങളും ഭേദിക്കുവാൻ, കരകവിഞ്ഞൊഴുകുന്ന യമുനാനദി, പ്രഗത്ഭമായ ഒരു യുവതിയെപ്പോലെ, മന്ദമന്ദമൊഴുകി, "ടാജ്മഹാളി"ൽ വന്നരസി എന്തോ മന്ത്രിച്ചുകൊണ്ടു കടന്നുപോവുകയാണു്. എന്റെ സ്നേഹിതന്റെ സംഭാഷണം ജ്ഞാനമയ ഒരു വിഷയത്തെപ്പറ്റിയാണെന്നു് എനിക്കുതോന്നി. ഞാൻ പറഞ്ഞു.

"ഞാൻ സമ്മതിക്കുന്നു. പുരുഷൻ സ്വതന്ത്രനാണു്. പക്ഷെ, ചിത്തയായ ഒരു സ്ത്രീയെ വിവാഹംചെയ്യുവാൻ വിസമ്മതിക്കുന്നതുകൊണ്ടു് പുരുഷൻ കൂട്ടത്തിൽ സ്വതന്ത്രനാണു്, എന്നു തറപ്പിക്കുവാൻ ശ്രമിച്ചാൽ..."

"ഛേയ്", നിങ്ങളെന്നെ തെറ്റിദ്ധരിക്കുന്നു. ഞാൻ പറഞ്ഞതിന്റെ അർത്ഥം അതല്ല. ഒരേതൊഴുത്തിലെ രണ്ടു പുരുഷന്മാരും, സ്ത്രീയും അതിനവരെ ഭയിപ്പിക്കുന്നവരുന്ന ശിക്ഷാരണ്ടുരീതിയിലുണ്ടെങ്കിൽ അതു ന്യായീകരിക്കത്തക്കതാണോ?"

എനിക്കു മനസ്സിലായി, എന്റെ സ്നേഹിതൻ പറഞ്ഞതെന്തെന്നു്. ഇന്നത്തെ സാമൂഹ്യജീവിതത്തിലെ ഒരു സുപ്രധാന ഘടകം അപഗ്രഥിക്കുകയാണു് എന്റെ സ്നേഹിതൻ.

എനിക്കൊരു സമാധാനവും തോന്നിയില്ല. എന്റെ സ്നേഹിതന്റെ അഭിപ്രായം ന്യായയുക്തമാണെന്നു മാത്രം എനിക്കുതോന്നി. ഞാൻ മിണ്ടാതെ, വിസ്മയത്തോടെ തെങ്ങളെ സമീപിക്കുന്ന ആ യമുനാനദിയെ നോക്കിക്കൊണ്ടുനിന്നു.

"നിങ്ങൾക്കറിയാമോ ഞാനാരാണെന്നു്?" എന്നോടു് സ്നേഹിതൻ ചോദിച്ചു.

എനിക്കുത്തരംതോന്നി ആ ചോദ്യം കേട്ടിട്ടു്. എന്റെ സ്നേഹിതനെ അറിയാത്തവരായി ആരുംതന്നെ ആഗ്രാപട്ടണത്തിലില്ല. ഒരു നീതിമാനായ കച്ചവടക്കാരനായി നാട്ടുകാർ പലരും ഈ ഭാഗത്തെ പുകഴ്ത്തിപ്പറയുന്നതു് ഞാൻതന്നെ പലപ്പോഴും കേട്ടിട്ടുണ്ടു്. ഞാൻ ചിരിച്ചുകൊണ്ടുപറഞ്ഞു.

"എങ്ങനെ! എനിക്കറിഞ്ഞുകൂടാ."

"നിങ്ങളും ചിരിക്കണം. വാസ്തവം അതാണു്. നിങ്ങൾക്കെന്നെ അറിഞ്ഞുകൂടാ."

വീണ്ടും ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

"ശരി, സമ്മതിച്ചു. എനിക്കറിഞ്ഞുകൂടാ. ഒന്നു പറഞ്ഞുതരാമോ, തങ്കളെ ആരാണെന്നു്."

"നിങ്ങൾക്കാത്മാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ പറയാം. പക്ഷെ ഒരു നിമന്ത്രണത്തിൽ നിങ്ങളെത്തിച്ചേരുന്നതു വളരെ സൂക്ഷിച്ചുവേണം.

ഈ പട്ടണത്തിലെ ഒരെണ്ണപ്പെട്ട വ്യക്തിയാണു് ഞാനിന്നു്. എന്നെ അറിയാത്തവരായി ഈ നാട്ടിൽ വളരെ കുറച്ചു് ആളുകളേ ഉണ്ടായിരിക്കുകയുള്ളു.

ഞാൻ നല്ലവനാണു് എന്നു് ആരെങ്കിലും പറഞ്ഞുകേൾക്കുന്നതു്, എനിക്കു് വളരെ അസംതൃപ്തിയാണു്. കാരണം, ഞാൻ ഒരു ചിത്തമനുഷ്യനാണെന്നു് എനിക്കുതന്നെ അറിയാമെന്നുള്ളതാണു്. പക്ഷെ ഇന്നത്തെ പല നല്ലയാളുകളെക്കാളും, നല്ലവനാണു് ഞാനെന്നും എനിക്കുതന്നെ അറിയാം.

ഇന്നു് ആളുകൾ എന്നെ ബഹുമാനിക്കുന്നുണ്ടു്. എന്നെയല്ല, എന്റെ പണത്തെ.

തൊഴുകൈയുടെ ആകെത്തുകയായിരുന്നു എന്റെ കഴിഞ്ഞ കാലങ്ങൾ. എങ്ങിനെയെന്നല്ലേ.....?

ആത്മാർത്ഥപ്രണയത്തിന്റെ ചിതീകരണമാണതു്, ഇൗടാജ്മഹാൾ. ആഗ്രാപട്ടണം പേരെടുത്തിരിക്കുന്നതു്, ഈ ടാജ്മഹാളിലൂടെയും, പിന്നെ ഇവിടുത്തെ വേശ്യത്തെരുവുകളിലൂടെയുമാണു്. അതെ: രണ്ടു വിഭാഗവശങ്ങളിലൂടെയാണു്, ആഗ്രാപട്ടണത്തിന്റെ നിലനിൽപു്.

ആവശ്യംപോലെ ചിലവാക്കാൻ പണമുണ്ടായിരുന്നതുകൊണ്ടു് "കിനാരിബസാർ" (അതാണു് തെരുവിന്റെ പേരു്) എന്നും കൂട്ടമായി ആകർഷിച്ചു. തിളയ്ക്കുന്ന യുവരക്തം കതിച്ചുപൊങ്ങുന്ന യുവതരുണത്തേടി, ആ തെരുവുകളിൽ, രാത്രിയും പകലും, അലഞ്ഞു. അങ്ങിനെ, ആ തെരുവിലെ സ്ത്രീകൾക്കു് ഞാനൊരാരാധനാപാത്രമായി. അവരുടെ മാലിന്യമായിരിക്കണം അളവറ്റതെന്നു്.

അച്ഛന്റെ മരണം എന്നെ ഒരു നടക്കുതാലിലെത്തിച്ചു. ആയിരമായിരം ഉത്തരവാദിത്വങ്ങൾ എന്നിൽ ബലംപ്രയോഗിച്ചു. അച്ഛൻ അന്തസ്സോടുകൂടി നടത്തിവന്ന കച്ചവടം എങ്ങിനെ നടത്തണമെന്നെനിക്കറിഞ്ഞുകൂടായിരുന്നു.

എന്നെ ഉപദേശിക്കാൻ ധാരാളം പേർ മുന്നോട്ടു വന്നുകൊണ്ടിരുന്നു. എന്നെ കാണുന്നതുപോലും പാപമെന്നു കരുതിയിരുന്നവർ, ആദരപൂർവ്വമെൻറോട്ടത്തെത്തി. പക്ഷെ അവരെയെല്ലാം എനിക്കു നേരത്തേതന്നെ അറിയാമായിരുന്നു.

ഞാൻ സ്വയം നന്നാകുകയാണു്. കച്ചവടം എന്റെ പുമതലയിൽ പുരോഗമിച്ചുതുടങ്ങി.

അവിവാഹിതനായിരുന്നതുകൊണ്ടു മാത്രമല്ല, അച്ഛന്റെ പണത്തിന്റെ "ഭൂതഭൂപ്പു"കൊണ്ടുകൂടിയാണു് ചില 'ഉല്ലാളുകൾ' എന്നെ സമീപിച്ചതു്. പക്ഷെ, തല്ലുംപിടിച്ചു വിവാഹബന്ധം വേണ്ടെന്നുപറഞ്ഞു ഞാനൊഴിഞ്ഞു.

കച്ചവടസംബന്ധമായ കാര്യങ്ങളിൽ ഞാൻ കൂടുതൽശ്രദ്ധചെലുത്തി. ന്യായവും സത്യവും മുൻനിർത്തി എന്റെ പ്രവർത്തനങ്ങളെ ഞാൻ നിയന്ത്രിച്ചു. അങ്ങിനെ ഒരേരീതിവസം കഴിയുംതോറും ഞാൻ കൂടുതൽകൂടുതൽ ആത്മാർത്ഥമായി നന്നായിക്കൊണ്ടിരുന്നു.

എന്റെ ഏകാന്തവേളകളിൽ കഴിഞ്ഞുപോയ ആ കാലങ്ങളുടെ സ്മരണകൾ വേണ്ടവണ്ണം എന്നെ അലട്ടിക്കൊണ്ടിരുന്നു.

ആയിട്ടല്ലാണു് ഒരു രസകരമായ സംഭവമുണ്ടായതു്. എന്റെ അച്ഛന്റെ സേവകനായിരുന്ന ഒരുത്തൻ ഒരു വിവാഹാലോചനയുമായി എന്റടുത്തെത്തി. അയാൾ പറഞ്ഞു:

"കുഞ്ഞേ, കുഞ്ഞിനു കിളിപോലെ സൗന്ദര്യമുള്ള ഒരു പെണ്ണിനെ ഞാൻ കണ്ടുവെച്ചിരിക്കുന്നു."

"അതിനു ഞാനെന്തുവേണം?"

"കുഞ്ഞു് അതിനെ വിവാഹംചെയ്യണം. തങ്കംപിടിച്ച സ്വഭാവമാണതിന്റെ."

"ആങ്ങഹാ, പക്ഷെ എന്റെ സ്വഭാവം വളരെ മോശമാണല്ലോ. ഞാനെത്രയോ സ്ത്രീകളുടെ ചാരിത്ര്യം അപഹരിച്ചിട്ടുണ്ടു്?"

"ഉവ്വ, ആണുങ്ങളുടെയിടയിൽ അങ്ങിനെയൊക്കെയിരിക്കും. അതു സാരമില്ല. അതുകൊണ്ടു് കുഞ്ഞു്..."

"ആട്ടെ, ഇയാളിപ്പോൾ പോകൂ."

ഞാനവിടെനിന്നും എഴുന്നേറ്റുപോന്നു. ആ മൂപ്പിലിന്റെ ന്യായശാസ്ത്രമനുസരിച്ചു് ആണുങ്ങളെ തെറ്റുചെയ്യുന്നതിനു കുത്തകയുള്ളവരാണു്. പക്ഷെ, അതേതെറ്റു് ഒരു സ്ത്രീ ചെയ്യുമ്പോഴെങ്കിൽ അവൾ വഴിയാധാരമായിക്കൊള്ളണം.

മൂന്നുമാസങ്ങളോളം യാതൊരു ചീത്തപ്രവർത്തിക്കും പോകാതിരുന്ന എന്റെ പണത്തിലായിരിക്കും, സൗന്ദര്യം ഭ്രമിച്ചതു്.

ഒരു ചീത്തയായ ചെറുപ്പക്കാരനായി, എന്നെ എല്ലാവരും, പുറംതള്ളിയിരുന്നു. എന്നേപ്പറ്റി അഭിപ്രായം ചമയ്ക്കുന്ന, ആ സമുദായത്തിലെ പലേ മാന്യന്മാരേയും, ആ തെരുവുകളിൽവച്ചു് ഞാൻ കണ്ടിട്ടുണ്ടു്. പക്ഷെ അവർ തൊഴുകൈയ്ക്കലും അതു തെറ്റല്ല. ഈ ലോകത്തിന്റെ നീതിശാസ്ത്രം അതു വിചിത്രമാണു്.

പിന്നെയും നടത്തിക്കൊണ്ടിരുന്ന കച്ചവടം വളരെ ആദായകരമായിരുന്നു. അതുകൊണ്ടു്, പണത്തിനു ഞാൻ വളരെ ബുദ്ധിമുട്ടിയിട്ടില്ല. എന്റെ കൈകളുടെ തഴക്കംകൊണ്ടു് വേണ്ടവണ്ണം അവ പ്രോത്സാഹനമേകി.

എന്റെ ദുഷ്പ്രവർത്തികളും ആ പിതൃഹൃദയത്തെ വളരെ വേദനിപ്പിച്ചു. പക്ഷെ ഇന്നത്തെ, നമ്മുടെ ചുറ്റിലുമുള്ള മനുഷ്യന്മാരുടെയിടയിലുണ്ടോ ഞാൻ നന്നാകാൻപോകുന്നു? ഞാൻ എന്റെ തൊഴിൽ തുടർന്നുകൊണ്ടിരുന്നു.

മാസങ്ങളും രണ്ടുമൂന്നുകഴിഞ്ഞു അപ്രതീക്ഷിതമായിട്ടാണു് എന്റെ അച്ഛൻ മരിച്ചതു്. എന്റെ പ്രവൃത്തികളുടെ ആഘാതമേറ്റാണു് അദ്ദേഹത്തെ കൊന്നതു്.

എനിക്ക് വീണ്ടും തോന്നി, ആ പഴയ സംഭവിച്ചുങ്ങളുടെ സ്വാധ ഒന്നുകൂടി ഓർക്കണമെന്ന്. തൊഴിലാളിയുടെ ഹൃദയം മന്ത്രിച്ചെങ്കിലും യുക്തിബോധം എന്നെ ആ തെരുവിൽ എത്തിച്ചു.

എനിക്ക് സുപരിചിതമായ ആ ഗന്ധത്തിലോട്ടു ഞാൻകയറി. പുകയുന്നു ആ 'മാനേജർ കിളവി' വെറുത്തിട്ടുമായിരിപ്പുണ്ട്. എന്നെ കണ്ടതോടെ, പല്ലുകളുടെ അവശിഷ്ടം മുഴുവൻ പുറത്തുകാട്ടിക്കൊണ്ട് അവർ കുശലമന്വേഷിച്ചു. അവർ ഒടുവിൽ പറഞ്ഞു.

"എന്തായാലും ധാരാളം പണമൊക്കെ കയ്യിൽ വന്നപ്പോൾ ഞങ്ങളെയൊക്കെ പാടെ മറന്നുപോയല്ലോ."

ഞാനൊന്നും പറഞ്ഞില്ല. ഹൃദയത്തിൽ ഒരു നൊമ്പരപ്പ്. ചെയ്യാൻ പാടില്ലാത്തതു ചെയ്തുകയാണെന്നൊരു തോന്നൽ!

എന്നെ നിശ്ശബ്ദനാക്കണ്ടിട്ട് അവർപറഞ്ഞു.

"പതിയ ഒരെണ്ണം വന്നിട്ടുണ്ട്."

"ആണോ!" പിന്നെ ഞാനൊന്നും പറഞ്ഞില്ല. അവർ അവിടെ നിന്നും എഴുന്നേറ്റു നടന്നു. ഞാനവരെ അനുഗമിച്ചു.

അവർ എനിക്ക് ഒരുമുറി കാണിച്ചുതന്നു. ഞാനതിൽ പ്രവേശിച്ചു, മുറുപാടിലൊന്നു കണ്ണോടിച്ചു. അതിനകത്താരുമില്ല. ഞാൻ ആ സോഫയിൽ തെല്ലുനേരം കിടന്നു.

വളകിലുക്കംകേട്ടാണ് ഞാനെണീറ്റത്. ഞാൻ വാതിലിലേക്കുനോക്കി. അവളായിരുന്നു. ആ പുതിയവൾ.

കണ്ണടച്ചിരിക്കാതെ തെല്ലുനേരം ഞാനവളെ സൂക്ഷിച്ചുനോക്കി. ആ കൃത്രിമസൗന്ദര്യത്തിന്റെ പുകകെട്ടുകയാണവളുടെ കണ്ണുകളിൽ കൂടിലതയുടെ കരിനിഴലല്ല; ശാന്തതയുടെ നീലിമയാണഞാൻ കണ്ടത്. പക്ഷെ അവളൊരു വേശ്യയാണ്. ഇല്ലെങ്കിൽ ആ സ്ഥാനത്തു് അവളെങ്ങിനെ പ്രത്യക്ഷപ്പെട്ടു?

അവൾ എന്നോടൊന്നും ഉരിയാടുന്നുണ്ടായിരുന്നു; തികഞ്ഞ ശാന്തതയിൽ. ആ ശബ്ദങ്ങളെ കാതുകൊണ്ടു ഒരു നോട്ടമായിരുന്നില്ല അതു്. അവജ്ഞയുമായിരുന്നില്ല അതു്. അവ ഒരു നോട്ടം. എനിക്കതു പിടിച്ചില്ല അല്പം മദ്യപിച്ചുകേട്ട സ്വരത്തിൽ ഞാൻ ചോദിച്ചു

"നീ എന്തിനാ ഇങ്ങനെ ഉറിച്ചുനോക്കുന്നതു്?"

"മനസ്സുഖമായിട്ടു?" അവജ്ഞയും ഔദാര്യവും കലർന്നസ്വരത്തിൽ അവൾ മറുപടി നൽകി.

ഞാനമ്പരന്നുപോയി. ഒരു വേശ്യയുടെപെരുമാറ്റം, ഇതു അഹങ്കാരമടിലമായി എനിക്കനുഭവപ്പെട്ടിട്ടേയില്ല. എങ്കിലും ഞാനതുസഹിച്ചു. പുരുഷനല്ലേ? കായ്പ്പുംപുകിവേണ്ടി.....

ഞാൻ ചിരിച്ചുകൊണ്ട് അവളെ, എന്റെ സോഫായിലേക്ക് ക്ഷണിച്ചു. ഞാൻ പറഞ്ഞു.

"ഇവിടിരിക്കൂ..."

"ഉം, ഞാനിരുന്നിട്ടെന്തുവേണം?"

"ഒന്നുമില്ല, സ്നേഹംകൊണ്ടിരിക്കാൻ പറഞ്ഞതാ." ശാന്തസ്വരത്തിൽ ഞാൻ പറഞ്ഞു.

"ങ്ഹും! സ്നേഹം" ഇടിവെട്ടുന്ന സ്വരത്തിൽ അവളും പറഞ്ഞു.

"നിങ്ങളുടെ കുട്ടിമ്മയുടെ, ആ വകയുള്ള ബന്ധം? പാവംപിടിച്ച സ്ത്രീകളെ നശിപ്പിക്കുന്നതിന്, സ്നേഹമെന്നാണോ നിങ്ങളുടെ നിഘണ്ടുവിലെ വാക്ക്. പുരുഷന്മാരുടെ കൊള്ളരുതായ്മകൾക്കും, എന്നെ നോക്കുമായി അധഃപതിച്ചുകൊള്ളണ്ടു്, പാവംപിടിച്ച സ്ത്രീകൾ!"... അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

എനിക്ക് എന്തുചെയ്യണമെന്നറിഞ്ഞുകൂടായിരുന്നു. ഞാൻ വീണ്ടും, എന്റെ തൊഴിനെപ്പറ്റി മനസ്സിലാക്കി. ഞാൻ അവിടെ ചെല്ലുവാൻ പാടില്ലായിരുന്നു പക്ഷേ അവൾ! എത്ര ആലോചിച്ചിട്ടും എനിക്കവളെ മനസ്സിലായില്ല. ഞാൻ ശാന്തസ്വരത്തിൽ പറഞ്ഞു. "നിങ്ങൾ കരയുന്നതു് ഞാൻ നിമിത്തമാണെങ്കിൽ, ഞാൻ മാപ്പുചോദിക്കുന്നു. മൻപു് പലപ്പോഴും ഞാനിവിടെ വന്നിട്ടുണ്ടു്. അതുപോലെ ഇപ്പോഴും വന്നുവെന്നുമാത്രം."

അവൾ ഒന്നും പറഞ്ഞില്ല. പൊട്ടിക്കരയുകമാത്രം ചെയ്തു. എനിക്കതു മനസ്സിലാക്കുന്നില്ല. അവളെന്തിനാണു കരയുന്നതു്?

"ഞാനിതാ പോവുകയാണു്. നിങ്ങൾ ഞാൻനിമിത്തം കരയണമെന്നില്ല." അവളെന്നാലെങ്കിലും കരച്ചിൽ നിർത്തുമെന്നുവിചാരിച്ചു ഞാൻ പറഞ്ഞു.

"ഞാൻ കരയുന്നതു് അങ്ങുനിമിത്തമല്ല. എന്റെ വിധിയെയോർത്തു്" അവൾ ശബ്ദഗദ്ഗദസ്വരത്തിൽ പറഞ്ഞു, "ഞാനങ്ങയോടു് കയർത്തു സംസാരിച്ചതു് എന്റെ അഹങ്കാരംകൊണ്ടല്ല; എന്റെ സങ്കടംകൊണ്ടു്. വഴിപിഴച്ച പുരുഷലോകം, എന്റെ സ്ത്രീത്വത്തെ നശിപ്പിക്കുകയാണല്ലോ എന്നോർത്തുകൊണ്ടു പറഞ്ഞുപോയതാണു്." അവളുടെ സംസാരിയുടെ അറ്റംകൊണ്ടു് കണ്ണുനീരൊപ്പി.

"നിങ്ങളേതാണു്, ഇവിടെങ്ങിനെ വന്നു?" ഭയംവിഷ്ണുവായി ഞാൻ ചോദിച്ചു,

"ഞാനും അങ്ങയെപ്പോലെ, ഒരു പണമുള്ള വീട്ടിൽ ജനിച്ചുവളർന്നു. സാമാന്യവിദ്യാഭ്യാസംകഴിഞ്ഞു് വീട്ടിൽ കൂടിയിരിക്കുകയായിരുന്നു.

"ദശരാം" ഉത്സവംകാണാൻ ഞാനും എന്റെ പ്രായംചെന്ന അച്ഛനും കൂടി പോയിരുന്നു. ആൾക്കൂട്ടത്തിനടയിൽവെച്ചു്, അച്ഛനെന്നെ വിട്ടുപിരിഞ്ഞു. അദ്ദേഹത്തെ അന്വേഷിക്കുന്നവഴിയിൽ രണ്ടുപേർ ചെറുപ്പക്കാർ ബലമായിലെന്നെ അകപ്പെടുത്തി. ഇവിടത്തെ സ്ത്രീയ്ക്കു വിറ്റു തന്നു. എന്റെ സകല പ്രതീക്ഷകളും അങ്ങിനെ തകർന്നു തരിപ്പണമായി. ഇവിടെ അവരുടെ കടിഞ്ഞീലവിപ്പിക്കുന്നതിന്, വന്നുകേറുന്നവരുടെയെല്ലാം തൃപ്തിനു ഞാൻ ഉള്ളിക്കൊടുക്കണം.

ആദ്യമാദ്യം ഞാനെതിർത്തു. അവർ എന്നെ കൊല്ലുമെന്നു ഭീഷണിപ്പെടുത്തി. ഒടുവിൽ, മരിക്കുന്നതിലും പേടികൊണ്ടു്, ഞാൻ അവർ പറയുന്നതുപോലെയൊക്കെ ചെയ്യുവാൻതുടങ്ങി. അങ്ങിനെ ഒരു സ്ത്രീയായ ഞാൻ ഒരു പിശാചായി ഇവിടെ ജീവിക്കുകയാണു്."

അവൾ വീണ്ടും പൊട്ടിക്കരഞ്ഞു...

നനഞ്ഞുകുതിർന്ന ആ നിമിഷങ്ങൾ എന്നെ ശ്വാസംമുട്ടിക്കുന്നതുപോലെ എനിക്കു തോന്നി. ഒരു പക്ഷെ ഈ സ്ത്രീയുടെ കൃത്രിമത്തെ നരകയാതന അനുഭവിക്കുന്നവരായിക്കും, വേശ്യാവൃത്തിയിലേറിയപങ്കും. എനിക്ക് എന്നോടുതന്നെ അതിയായ വിദ്വേഷം തോന്നി.

"ഒരു, നോക്കൂ നിങ്ങളോടു ഞാൻ ഇതാ സത്യംചെയ്യുന്നു ഒരു ചീത്ത ഉദ്ദേശത്തോടുകൂടി ഈ തെരുവിലിനി ഞാൻ കാൽ കുത്തുകയില്ല. ഞാൻ നിമിത്തം ഒരു സ്ത്രീയും ഇനി അധഃപതിക്കേണ്ടതായി വരുകയും ഇല്ല."

ആ സ്ത്രീയുടെ മുഖത്തു് ഒരു പുഞ്ചിരി പരന്നു. അടുത്ത ക്ഷണത്തിൽ ആ പുഞ്ചിരി മാഞ്ഞുകയുംചെയ്തു. അവൾ പറഞ്ഞു.

"അങ്ങയെ ഈശ്വരൻ സഹായിക്കും."

ഞാനൊന്നും പറഞ്ഞില്ല. എന്തോ ആലോചിച്ചുകൊണ്ടു് ഞാനങ്ങിനെ അവിടെ നിന്നു.

ആ സ്ത്രീയെപ്പറ്റിയാണു് ഞാനാലോചിച്ചതു്. അവൾക്കുമുണ്ടായിരിന്നിരിക്കണം മധുരപ്രതീക്ഷകളും; ഇന്നവയെല്ലാം മറക്കാൻ അവൾ പ്രേരിതയാണു്. അവളുടെയോ അതിനു തൊഴുകാരി? യാതൊരു തെറ്റുംചെയ്യാത്ത അവൾ എന്തിനീ യാതന അനുഭവിക്കണം?.....

'അങ്ങനെതാണാലോചിക്കുന്നതു"?' അതു് അവളുടെ ചോദ്യമായിരുന്നു.

"ഒരു ഒന്നുമില്ല...പിന്നെ, നിങ്ങളുടെ പേരെന്താണു്?'

"സുക്ഷമ" തെല്ലു സങ്കോചത്തോടുകൂടി അവൾ പറഞ്ഞു.

"സുക്ഷമേ, ഞാനൊരു കാര്യം ചോദിക്കട്ടെ. സുക്ഷമ ദേഷ്യപ്പെടുമോ?"

"ഇല്ല ചോദിക്കൂ"...

"സുക്ഷമേ, ഞാൻ വിവാഹംചെയ്യുകൊള്ളട്ടേ.....?"

എന്റെ ചോദ്യം കേട്ടിട്ടായിരിക്കണം അവൾ സ്പഷ്ടമായി ഞെട്ടുന്നതു ഞാൻ കണ്ടു. ഇന്നത്തെ സാമൂഹ്യനീതിയിൽ, ഒരു സ്ത്രീക്കു്, സപ്പോർട്ടും കൊണ്ടുകഴിയാത്തൊരു പുരുഷനു്, ഇങ്ങിനെയൊരു വിവാഹം.

അവൾ പറഞ്ഞു. "പാടില്ല, ഞാനതു സമ്മതിക്കയില്ല, അങ്ങിനെയൊരു ജീവിതത്തിനു്, എനിക്കിനി അവകാശമില്ല."

"ജീവകുശലമൊക്കെ നാം ഉണ്ടാക്കുന്നതുതന്നെ. സുക്ഷമേ, ഇന്നത്തെ നിന്റെ ഈ ജീവിതത്തിനു്, ഉത്തരവാദിത്വം നിയല്ലെന്നു് എനിക്കുബോധ്യമുണ്ടു്."

"എങ്കിലും, ചാരിത്ര്യനഷ്ടപ്പെട്ട ഒരു സ്ത്രീ....." അവളുടെ കണ്ണിൽ വീണ്ടും ജലം തങ്ങിനിന്നു.

അവളെ സാന്ത്വനപ്പെടുത്താനെന്നാണ്ണം ഞാൻ പറഞ്ഞു.

"സുക്ഷമ എന്നേക്കാളും എത്രയോ ഭേദം. ഞാനറിഞ്ഞുകൊണ്ടു തൊഴുചെയ്തു, സുക്ഷമ ശരീരത്തിലുള്ളതുകൊണ്ടു തൊഴുചെയ്തു.....സുക്ഷമേ, ഞാൻ തീരുമാനിച്ചു; സുക്ഷമയേ വിവാഹം ചെയ്യാൻ."

അവൾ ഒന്നും പറഞ്ഞില്ല. ജീവിതത്തിലുള്ള, അഭിലാഷം മുഴുവൻ നശിച്ചിരുന്ന അവൾക്കു്, എന്റെ വാക്കുകളെ വിശ്വസിക്കാൻതന്നെ വിഷമം തോന്നിക്കാണണം.

തെല്ലിട ആരും ഒന്നും പറഞ്ഞില്ല. ജീവിക്കാനുള്ളആഗ്രഹം അവൾക്കുമുണ്ടു്. പക്ഷെ.....

അവൾ എഴുന്നേറ്റു്, എന്റെ കാലിൽവന്നുവീണു ഒരു പക്ഷെ, ഹൃദയംകവിഞ്ഞ കൃതജ്ഞതയുമുലമായിരിക്കണം

ഞാനവളെ പിടിച്ചെഴുന്നേല്പിച്ചു. അവളുടെ കണ്ണുകളിൽ തങ്ങിനിന്ന കണ്ണുനീർ ഞാൻ തുടച്ചുകളഞ്ഞു.....

... ...

അഞ്ചാറുദിവസം, ആ "മാനേജർ കിളവി" കൊടുത്തു്, ഞാൻ സുക്ഷമയേ അവിടെനിന്നും സ്വതന്ത്രയാക്കി. ജീവിതത്തിലാദ്യമായി ഒരു നല്ലപ്രവൃത്തിചെയ്ത തൃപ്തിയോടെ അവളെ ഞാൻ വീട്ടിൽ കൊണ്ടുവന്നു.

ഒരു "ചീത്തസ്ത്രീ"യായ എന്റെ പ്രവൃത്തിയെയുണ്ടോ, നാട്ടുകാർ ചോദ്യം ചെയ്യാൻ പോകുന്നു?

അനാഡംബരമായി ഞങ്ങളുടെ വിവാഹം ഞാനാഘോഷിച്ചു. ഒരുത്തമപതിനായി, കൃതജ്ഞതനിറഞ്ഞ ഹൃദയത്തോടുകൂടി അവൾ എന്റെ കൂടെ കഴിയുകയാണ്.....

ഇന്നും നാട്ടിലെ ചില മാന്യന്മാർ പായാറുണ്ടു്.

"എന്തായാലും അവനൊരു പെൺതന്മനുഷ്യനാ. ഒരു തേവിടിശ്ശിയേ അന്നാണ്ണല്ലേ, അവൻ വിവാഹം ചെയ്തിരിക്കുന്നതു?"

എനിക്കുവരോടു് അനുകമ്പമാത്രമേയുള്ളൂ. ഈ മാന്യന്മാന്യന്മാർമുലമാണ്, സ്ത്രീകൾ അധഃപതിക്കുന്നതു്. പക്ഷെ അവർ അവരുടെ തൊഴു സമ്മതിക്കുന്നില്ലെന്നേയുള്ളൂ.....

ആരെന്നുപറഞ്ഞാലും രണ്ടു തൊഴുകൾ, ഒന്നിച്ചു ശരിയായതാണ് എന്റെ ഇന്നത്തെ ജീവിതം.

നിങ്ങൾ പറയുന്നോ, ഞാൻ വാസ്തവത്തിൽ ഒരു ചീത്ത മനുഷ്യനാണോ?'.....

എന്റെ സ്നേഹിതൻ കഥ പറഞ്ഞു

പത്രവില്പനക്കാരൻ ബാലൻ ജേണലിസ്റ്റ് പ്രഫസ്സറായി

പത്രവില്പനക്കാരനായിരുന്നപ്പോൾ ഹൈസ്ക്കൂൾ എഡിറ്റർ, കോളേജ് റിപ്പോർട്ടർ, വർത്തമാനപത്രസ്ഥാപകൻ, യൂണിവേഴ്സിറ്റിയിലെ ജേണലിസംപ്രഫസ്സർ — എന്നിവയായിത്തീർന്ന ഹിസ്ലപ്പ് കോളേജിലെ ജേർണലിസം ഡിപ്പാർട്ടുമെൻറ് ഡയറക്ടർ ഹ്യൂഗോ ഡ്. കെ. ബാസ്സൂറിന്റെ ജീവിതമാർഗ്ഗത്തിലെ നാഴികക്കല്ലുകളും, ഹൃദയപ്രധാനിയായ വ്യക്തിയിലേയ്ക്കുള്ള മടിയപരിപാടിയൻസർച്ച്, ഒരു വർഷം നാഗപ്പൂർ ഹിസ്ലപ്പ് കോളേജിൽ ജേണലിസം ഡിപ്പാർട്ടുമെൻറിന്റെ സന്ദർശകഡയറക്ടറായി ജോലിനോക്കുകയാണുണ്ടായത്.

അമേരിക്കയിലെ പല പ്രമുഖ പത്രപ്രവർത്തകരെയുംപോലെ പ്രഫസ്സർ ബാസ്സൂറും ഒരു പത്രവില്പനക്കാരൻ ബാലനായിട്ടാണ് ജീവിതമാരംഭിച്ചത്. ഒരു റെയിൽവേ എഞ്ചിനീയറുടെ പുത്രനായ ബാസ്സൂറിന് കോളറാഡോവിൽ "ഹോംസ്റ്റഡ്" ആക്ടനുസരിച്ച് കുറെ നിലം കിട്ടി. പള്ളിക്കൂടം വിട്ടുകഴിഞ്ഞുള്ള സമയത്തു പത്രങ്ങൾ വിറ്റു ബാസ്സൂറ് ചെറുപ്രായത്തിൽ ഒരു ചെറിയ വരുമാനമുണ്ടാക്കിയിരുന്നു. ഡ്യൂറേഞ്ചോ ഹൈസ്ക്കൂളിൽ പഠിക്കുന്നകാലത്ത് ബാസ്സൂറ് അവിടത്തെ കുട്ടികളും നടത്തുന്ന പത്രത്തിന്റെ എഡിറ്ററായി.

ഹൈസ്ക്കൂൾവിദ്യാഭ്യാസം കഴിഞ്ഞയുടനെ അദ്ദേഹം മിസ്സൂറി യൂണിവേഴ്സിറ്റിയിലെ ജേണലിസം സ്ക്കൂളിൽ ചേർന്നു. അവിടത്തെ പ്രധാനപ്രവേശനപരീക്ഷയ്ക്കു കേഴ്സിൽ ചേർന്നു പഠിച്ചുതീർന്നപ്പോഴേക്കും, സ്ക്കൂളിലെ പത്രത്തിന്റെ റിപ്പോർട്ടറുടെയും കോപ്പിറീഡറുടെയും മുഖ്യപ്രധാനിയുടെയും ജോലികൾ ബാസ്സ്കറും നോക്കിയിരുന്നു.

1932-ൽ ബിരുദംനേടി വെളിയിൽവന്ന ബാസ്സൂറ്, ഭാഗ്യമെന്നേ പറയേണ്ടൂ, "ഡെയിലി ക്രിയർ" (അലമോസ, കോളറാഡോ) എന്ന പത്രത്തിന്റെ സ്റ്റാഫിൽ നിയമിതനായി. "ഭാഗ്യവശാൽ എന്നു പറയാൻ കാരണമുണ്ട്. അക്കാലത്തു പത്രപ്രവർത്തകനായി ജോലിചെയ്യാൻ വലിയ പാടായിരുന്നു. എന്റെ സഹപാഠികളിൽ നല്ലപോലെ പഠിത്തംകഴിഞ്ഞവരുടെ ജോലി കിട്ടിയുള്ളൂ;" ബാസ്സൂറ് ഒരിക്കൽ അനുസ്മരിച്ചു.


ജോർജിയാ സംസ്ഥാനത്തിൽ ഏമേറി യൂണിവേഴ്സിറ്റിയിൽ ജേണലിസം പഠിപ്പിക്കുന്ന കാലത്താണ് പ്രഫസ്സർ ബാസ്സൂറിനു ഇന്ത്യയുടെ കയ്യിൽ താല്പര്യമുദിച്ചതു. അന്നദ്ദേഹം ഒരു പ്രമുഖദിനപത്രമായ "അറ്റ്ലാന്റാ കോൺസ്റ്റിട്യൂഷനിൽ" ജോലിചെയ്യുന്നുമുണ്ടായിരുന്നു. "കോൺസ്റ്റിട്യൂഷന്റെ എഡിറ്റർ റാൽഫ് മക്ഗിൽ ഇന്ത്യയിൽ പര്യടനംനടത്തി, പുതുതായി സ്വതന്ത്രം നേടിയ ആ രാജ്യത്തെപ്പറ്റി ഒരു ലേഖനപരമ്പര തയാറാക്കിക്കൊണ്ടിരുന്നകാലത്തു്, പത്രത്തിന്റെ മുഖ്യ സംഗങ്ങൾ മിക്കതുമെഴുതിയതു ബാസ്സൂറാണു്.

ഒമ്പതുവർഷം ഏമേറി യൂണിവേഴ്സിറ്റിയിൽ ജോലി നോക്കിയശേഷം പ്രഫസ്സർ ബാസ്സൂറ് സ്വദേശത്തേക്കുമടങ്ങി. കോളറാഡോ യൂണിവേഴ്സിറ്റിയിൽ പത്രങ്ങൾക്കും റേഡിയോയ്ക്കും ലേഖനങ്ങളെഴുതുന്ന വിഷയം പഠിപ്പിക്കാൻ അദ്ദേഹം നിയുക്തനായി. ഇക്കാലത്തു് അദ്ദേഹം റേഡിയോ ജേർണലിസം സംബന്ധിച്ച ദേശീയകൗൺസിലിന്റെ പ്രസിഡണ്ടുകൂടിയായിരുന്നു.

ഹിസ്ലോപ്പ് കോളേജിൽ ജോലി നോക്കുന്ന ഇക്കാലത്തും അദ്ദേഹം അദ്ധ്യാപനത്തോടൊപ്പം ലേഖനവൃത്തി തുടരുന്നുണ്ടു്. ഡെൻവർ "പോസ്റ്റി"ൽ ഇന്ത്യൻ തീവണ്ടികളെപ്പറ്റി ഒരു ലേഖനം ഇതിനകം അദ്ദേഹം എഴുതി. മദ്ധ്യപ്രദേശത്തെ സാമൂഹ്യോൽകർഷപദ്ധതിയുടെ പ്രവർത്തനത്തെപ്പറ്റി ഒരു ലേഖനം എഴുതിവരുന്നു.

സഹോദരിയും കൗമാരീൽ (15 വയസ്സ്), കെന്നത്ത് (12 വയസ്സ്) എന്നീ രണ്ടുമക്കളും ബാസ്സൂറിനോടൊന്നിച്ചു് ഇന്ത്യയിലുണ്ടു്. ഹിസ്ലപ്പ് കോളേജിലെ ജോലിയെപ്പറ്റി അദ്ദേഹത്തിനു് അത്യധികമായ ഉത്സാഹവും ശുഭാപ്തിവിശ്വാസവുമുണ്ടു്.

പ്രഫസ്സർ ബാസ്കറുപറഞ്ഞു: "ഇവിടത്തെ എഡിറ്റർമാർ നൽകുന്ന സഹകരണം വിസ്മയാവഹമാണു്. എന്റെ മുപ്പതു വിദ്യാർത്ഥികളും — ഇവരിൽ യുവതികളും നല്ലപോലെ കഴിവുറ്റവരാണെന്നു തോന്നുന്നു. ഇന്ത്യൻ ജേർണലിസത്തിന്റെ ഭാവിയെപ്പറ്റി അവർക്കെല്ലാം തികഞ്ഞ വിശ്വാസവും പ്രത്യാശയുമാണുള്ളതു്."



ഡൽഹി നാഷണൽസ്റ്റേഡിയത്തിലെ ക്രിക്കറ്റുമത്സരം (സെപ്റ്റംബർ 12). വെള്ളപ്പൊക്കംമൂലം ഭൂരിതമനുഭവിക്കുന്നവർക്കു് ആശ്വാസംനൽകുന്നതിനായി പ്രധാനമന്ത്രി നെഹ്റുവിന്റെയും വൈസ് പ്രസിഡൻറ് രാധാകൃഷ്ണന്റെയും നേതൃത്വത്തിൽ പാർലമെൻറ് അംഗങ്ങളുടെ രണ്ടു ടീമുകൾ തമ്മിൽ നാഷണൽ സ്റ്റേഡിയത്തിൽവച്ചു നടത്തിയ ക്രിക്കറ്റുമത്സരം. പ്രസിഡൻറ് രാജേന്ദ്രപ്രസാദ് ആണ ഉൽഘാടനം നടത്തിയതു്. ചിത്രത്തിൽ വൈസ് പ്രസിഡൻറിന്റെ ടീം.

നിർത്തി.

ഞാൻ പറഞ്ഞു "തെറ്റുചെയ്യാത്തവനേക്കാൾഭേദം, തെറ്റുചെയ്തിട്ടു തിരുത്തിയവനാണു്."

നിങ്ങൾ പറയൂ, എന്റെ സ്നേഹിതൻ ഒരു ചീത്തമനുഷ്യനാണോ?"

സഹോദരനും കമ്മിഷനും.

കാരക്കുടി സാംബശിവയ്യർ

★

— ചെന്നിത്തല കൃഷ്ണയ്യർ —

സംഗീതസാമഗ്രികളിൽ ഏറ്റവും മുഖ്യമായിട്ടുള്ളതാണ് വീണ. വീണയിൽ സാധകം എത്രത്തോളം ക്ലേശകരമോ അത്രത്തോളം വായനയ്ക്കു മാധുര്യവും കൂടും. വളരെക്കാലം നിരന്തരമായിസാധകംചെയ്യുക, വീണവായനയിൽ നല്ല പാടവം നേടുകയെന്നതു് എല്ലാവർക്കും ശക്യമായ ഒരു കാര്യമല്ല. ഇന്നു തമിഴ്നാട്ടിൽ പ്രസിദ്ധവൈണികനായി പ്രശോഭിക്കുന്ന കാരക്കുടി സാംബശിവയ്യർ, സ്വതസിദ്ധമായ വാസനാസമ്പന്നതയും അസാധാരണമായ അഭ്യാസബലവും നിമിത്തം ആ നിലയിലെത്തീട്ടുള്ള ഒരു വിശിഷ്ടവ്യക്തിയാണ്. 1952-ൽ ഇൻഡ്യാഗവർമ്മെൻറിൽനിന്നു് അദ്ദേഹത്തെ പ്രസിദ്ധ കണ്ണാടകസംഗീത വാദ്യവിദ്വാൻശരഭനായി പരിഗണിച്ചു് ആയിരം രൂപ സമ്മാനംനൽകുകയുണ്ടായി.

ഒരു വിദ്വാന്റെ വൈദഗ്ദ്ധ്യത്തെപ്പറ്റി എല്ലാവരും ഒരേ അഭിപ്രായം പറയുക എന്നതു സംഭാവ്യമല്ല. എന്നാൽ സാംബശിവയ്യരുടെ വിഷയത്തിൽ എല്ലാവരും ഏകാഭിപ്രായക്കാരാണ്. ഇപ്പോഴുള്ള വൈണികന്മാരിൽ അഗ്രഗണ്യൻ അദ്ദേഹമാണെന്നു സകല സംഗീതമർമ്മജ്ഞന്മാരും ഐകകണ്ഠ്യേന സമ്മതിക്കുന്നുണ്ട്.

സാംബശിവയ്യരുടെ സംഗീതവൈദുഷ്യം പാരമ്പരാഗതമാണ്. അദ്ദേഹത്തിന്റെ പിതാമഹൻ, വീണസുബ്ബരാമയ്യർ എന്ന പ്രസിദ്ധനായ ഒരു മഹാപുരുഷനായിരുന്നു. സുബ്ബരാമയ്യർ, പുതുക്കോട്ട സംസ്ഥാനത്തിലെ രാമചന്ദ്രതൊണ്ടമാൻ എന്ന രാജാവിന്റെ സദസ്സിൽ വീണവായിച്ചു് ആ സംഗീതകോവിദന്റെ ഹൃദയം കവരുകയും, അദ്ദേഹത്തിന്റെ അമാത്യനായി സേവനം അനുഷ്ഠിക്കുകയുംചെയ്തിട്ടുണ്ട്. വീണവായനയിൽ സുബ്ബരാമയ്യർക്കുള്ള അന്യാദൃശമായ സാമർത്ഥ്യത്തെ അഭിനന്ദിച്ചു് രാജാവു് ആ വൈണികശിഖാമണിക്കു് അനേകം പാരിതോഷികങ്ങളും ബിരുദങ്ങളും നൽകീട്ടുമുണ്ട്.

സുബ്ബരാമയ്യരുടെ പിതീയപുത്രൻ വീ. സുബ്ബരാമയ്യരാണ്. അദ്ദേഹത്തിന്റെ പുത്രന്മാരാണു സുബ്ബരാമയ്യരും സാംബശിവയ്യരും. സാംബശിവയ്യർ 1888-ൽ പുതുക്കോട്ടയിലുള്ള തന്റെ തറവാട്ടിലാണു ജനിച്ചതു്.

ഈ രണ്ടു സഹോദരന്മാരും സംഗീതലോകത്തിൽ നിശ്ശബ്ദസഞ്ചാരം പ്രസരിപ്പിച്ച സത്പുരുഷന്മാരായിരുന്നു. കാരക്കുടി സഹോദരന്മാർ എന്ന സംയുക്തനാമത്തിലല്ലാതെ ഒറ്റയായി ഇവർ അറിയപ്പെട്ടിരുന്നില്ല. അങ്ങനെ പ്രസിദ്ധമായ അവശ്യം ഒന്നിട്ടാൽ കാരക്കുടി ജ്യേഷ്ഠസഹോദരൻ, കാരക്കുടി കനിഷ്ഠസഹോദരൻ എന്നിങ്ങനെ പറയാറുണ്ട്. രണ്ടുപേരും ബാല്യത്തിൽത്തന്നെ തങ്ങളുടെ പിതാവിന്റെ അടുക്കൽ വീണവായന പരിശീലിച്ചു.

സാംബശിവയ്യർ പതിമൂന്നാമത്തെ വയസ്സിൽ തിരുനൽവേലിയിൽ ഒരു വിദ്വൽസദസ്സിൽ പാടിക്കൊണ്ടു വീണവായിച്ചു് ശ്രോതാക്കൾക്കു് അതിയായ അത്ഭുതവും ആനന്ദവും പ്രദാനംചെയ്തു എന്നു നാമക്കൽ നരസിംഹയ്യങ്കാരുടെ, ശിഷ്യനായ ററി. കെ. ശേഷയ്യങ്കാർ പ്രസ്താവിച്ചിരിക്കുന്നു.

പതിനേഴു സംവത്സരങ്ങൾക്കുമുൻപു മൈസൂർ മഹാരാജാവിന്റെ ഡർബാറിൽ ഈ സഹോദരന്മാരുടെ പാട്ടുകച്ചേരി നടന്നു. മഹാരാജാവു് ഇവരുടെ വീണാഗാനമാധുരിയിൽ മുഴുകി മതിമറന്നുപോയി. കച്ചേരി അവസാനിച്ചുടനെ അദ്ദേഹം, "ഇങ്ങനെയൊരു വീണാഗാനം ഞാൻ ഇതുവരെ കേട്ടിട്ടില്ല. പല പട്ടങ്ങളിൽ എനിക്കു രോമഹർഷമുണ്ടായി. നിങ്ങളും നീണാൾ വാഴുക!" എന്നുപറഞ്ഞു് അവർക്ക് അനേകംസമ്മാനങ്ങളും നൽകി.


അടുത്തവർഷത്തിൽ ജ്യേഷ്ഠസഹോദരൻ സുബ്ബരാമയ്യർ പരലോകപ്രാപ്തനായി. എപ്പോഴും ഒന്നിച്ചിരുന്നു പാടിക്കയും, വീണാഗാനം പൊഴിക്കുകയും ചെയ്യുകൊണ്ടിരുന്ന കാരക്കുടി സഹോദരന്മാരിൽ മൃത്യുയാമം പിരിഞ്ഞതോടുകൂടി ഇളയവനായ സാംബശിവയ്യർ നിരുത്സാഹനും നിഷ്ക്രിയനുമായിത്തീർന്നു. കുറെക്കാലം അദ്ദേഹം കച്ചേരിനടത്തിയില്ല. അതു സംഗീതലോകത്തിനു വലിയ കുണ്ഠിതത്തിനു കാരണമായി. 'കാരക്കുടി ബാണി' എന്നു് ഒരു പുതിയ മാർഗ്ഗം സൃഷ്ടിച്ചു് സംഗീതരസികന്മാരെ ആനന്ദക്കടലിൽ ആറാടിച്ചവരാണു് കാരക്കുടി സഹോദരന്മാർ. ഒരാൾ മൺമറഞ്ഞതോടെ, മറേറ ആളും ജീവിച്ചിരിക്കുന്നതുകൊണ്ടു്, ആ സംഗീതമാർഗ്ഗം നിലനിലക്കുമെന്നു് എല്ലാവരും വിശ്വസിച്ചു. പലരും അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു്, വീണാഗാനം തുടരണമെന്നു് അപേക്ഷിച്ചു.

ചിരകാലം വീണമീട്ടിപ്പരിചയിച്ച കയ്യുണ്ടോ നിശ്ശേഷമായിരിക്കുന്നു? അയ്യർ വീണ്ടും കച്ചേരിനടത്താൻ ആരംഭിച്ചു. നാല്പതു വർഷങ്ങൾക്കു മേലായി അദ്ദേഹം വീണയുമായിട്ടു വിജയശ്രീലാളിതനായി വിരാജിക്കുന്നു.

ഹൈന്ദവമന്ദിരത്തിൽ

★

ഇതു ഞങ്ങൾക്കു് ഒരു സ്ഥാപനമല്ല, ഭവനമാണു്—വിദ്യാർത്ഥികൾ



ഇരിക്കുന്നവരിൽ നടുവിൽ: ശ്രീ: ശാസ്ത്രി ദാമോദരൻ. അടുത്തു വലത്തു് വാർഡൻ ശ്രീ: ഏ. എൻ. നമ്പൂതിരി എം. എസ്സ്സി.

സാംബശിവയ്യരെപ്പോലെ സാധകംചെയ്യുന്നവർ ഇപ്പോൾ ഇല്ലതന്നെ. പ്രതിദിനം പന്ത്രണ്ടും പതിനഞ്ചും മണിക്കൂർ അദ്ദേഹം സാധകംചെയ്യും. ഈ വാർദ്ധക്യദശയിൽപ്പോലും, എന്നും അതിരാവിലെ നാലുമണിക്കു് എഴുന്നേറ്റിരുന്നു് സരളി, ജണ്ട മുതലായ 'വരിശകം' അദ്ദേഹം സാധകംചെയ്യാറുണ്ട്.

പ്രസിഡൻറു് ഡാ: രാജേന്ദ്രപ്രസാദ് ഈ അടുത്തകാലത്തു സാംബശിവയ്യരെ ഡൽഹിയിൽ ക്ഷണിച്ചുവരുത്തി, അനേകംസമ്മാനങ്ങൾ നൽകുകയുണ്ടായി. ഇങ്ങനെ വിശ്രുതനായിരുന്നിട്ടും തന്റെ പാട്ടുകൾ റിക്കാർഡുചെയ്യാൻ ഗ്രാമഫോൺകമ്പനിക്കാരെ അദ്ദേഹം അനുവദിച്ചിട്ടില്ല. ഡൽഹിയിലുള്ള അഖിലേന്ത്യാറേഡിയോക്കാർ എങ്ങനെയോ അദ്ദേഹത്തിന്റെ അനുമതിവാങ്ങി, ഏതാനും മണിക്കൂർനേരം അദ്ദേഹത്തെക്കൊണ്ടു വീണ വായിപ്പിച്ചു്, ഇലക്ട്രിക്ക് റിക്കാർഡ് എടുക്കുകയുണ്ടായി. തദവസരത്തിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു:—"കണ്ണാടക സംഗീതലോകത്തിലെ ത്രിമൂർത്തികളായ ത്യാഗയ്യർ, ദീക്ഷിതർ, ശ്യാമശാസ്ത്രികൾ എന്നിവരുടെ കൃതികളും ശരിയായവിധത്തിൽ വായിക്കുന്നതിനു നല്ല സാധകംതന്നെ വേണം. ഈശ്വരാനുഗ്രഹം കൂടി വേണം. രാത്രിമുഴുവനും ഈ കൃതികളെ ഞാൻ പാടിയ കാലമുണ്ട്. ഇപ്പോൾ വാർദ്ധക്യമായി. അതുപോലെ പ്രവർത്തിക്കാൻകഴിയുന്നില്ല; എന്തു ചെയ്യാം!"

അയ്യരുടെ ഈശ്വരഭക്തി അന്യാദൃശമാകുന്നു. അദ്ദേഹം സരസ്വതീദേവിയുടെ ഉപാസകനാണ്. സമ്പ്രദായസംഗീതത്തിൽ കൂടുതൽ പ്രിയമുണ്ട് കാരക്കുടിക്ക്. അദ്ദേഹം പറയുന്നു:—"കർണ്ണാടകസംഗീതത്തിൽ കൂടുതൽ എളുപ്പത്തിൽ പ്രശസ്തിനേടുന്നതു് ഒരു മഹാകാര്യമല്ല. വീണയ്ക്കു പ്രത്യേകമായ പല നല്ല വഴികളുമുണ്ട്. അവ സാധകംചെയ്തു പ്രയോഗിച്ചു വിജയംവരിക്കുന്നതു സുകരമല്ല. എന്നിരുന്നാലും, അങ്ങനെ പ്രവർത്തിച്ചു വിജയം നേടുന്നവനാണ് യഥാർത്ഥവിദ്വാൻ."

'കാരക്കുടി ബാണി' എന്ന സമ്പ്രദായം ഇന്നു സംഗീതലോകത്തിൽ വളരെ വിലമതിപ്പുള്ളതാണ്. അതു രണ്ടോ രണ്ടര ദിവസംകൊണ്ടു് ഉടലെടുത്തതല്ല. ചിരകാലത്തെ സാധകത്തിന്റെ മാത്രമല്ല, മേധാശക്തിയുടേയും ഈശ്വരാനുഗ്രഹത്തിന്റേയും പരിണതഫലമാണതു്. ഈ രീതിയിൽ, ഗാംഭീര്യവും ലയവും സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നു.

സാംബശിവയ്യരുടെ തനിവായന കേൾക്കേണ്ടതുതന്നെയാണ്. അദ്ദേഹം വീണയിൽ പ്രദർശിപ്പിക്കുന്ന ഇന്ദ്രജാലവിദ്യ വിസ്മയജനകമാകുന്നു. അദ്ദേഹം പ്രയോഗിക്കുന്ന സംഗതികളുടേയും കല്പനകളുടേയും രസം അനുഭവിച്ചുതന്നെ അറിയണം. കാരക്കുടി തനിയെ വായിക്കുമ്പോൾ ഘനരാഗപഞ്ചകം വിസ്തരിക്കാറുണ്ട്; കൂടാതെ

അമേരിക്കയിലെ കാർഷികമേളകൾ

★

അമേരിക്കയിലെ കൗണ്ടികളുടേയും സ്റ്റേറ്റുകളുടേയും ആഭിമുഖ്യത്തിൽ ആണ്ടുതോറും സെപ്തംബറിൽ നടത്തിവരുന്ന കാർഷികമേളകൾ വാണിജ്യപരവും സാമൂഹികവുമായ ഉത്സവങ്ങൾതന്നെയാണ്. വിനിമയത്തിനും വിനോദത്തിനും കർഷകന് സൗകര്യങ്ങൾ നൽകുന്നതിനാരംഭിച്ച ഈ ഉത്സവങ്ങൾ ഇപ്പോൾ എണ്ണത്തിൽ നാലായിരത്തോളമുണ്ട്. മത്സരങ്ങളിൽ സമ്മാനാർഹമാകുന്ന കന്നുകാലികളും കാർഷികോല്പന്നങ്ങളും മേളകളിൽ പ്രദർശിപ്പിക്കുന്നതു മനോഹരമായ ഒരു കാഴ്ചയാണ്.

ഈ മേളകൾ കർഷകരിലും കർഷകജീവിതത്തിലും താല്പര്യമുള്ള എല്ലാവരേയും ആകർഷിക്കുന്നു. ഇവ വിവിധങ്ങളായ കാഴ്ചകളുടെയും ശബ്ദങ്ങളുടെയും സുഗന്ധങ്ങളുടെയും കേളീരംഗങ്ങളുമാണ്. കർഷകരുടെ ഏറ്റവും നല്ല ഉല്പന്നങ്ങൾ അവർ മേളയിൽ പ്രദർശിപ്പിക്കുന്നു. കർഷകർ വളർത്തുന്ന മൃഗങ്ങളിൽ ഏറ്റവും നല്ലതിനെ മത്സരങ്ങൾ നടത്തി നിശ്ചയിക്കുന്നു. സമ്മാനാർഹങ്ങളായ മൃഗങ്ങളുടെ ഗുണവിശേഷതകൾ വിധികർത്താക്കൾ പ്രേക്ഷകർക്ക് മനസ്സിലാക്കി കൊടുക്കും.

ഉത്സവങ്ങളിൽ പങ്കുകൊള്ളുക സ്ത്രീകൾക്കും കുട്ടികൾക്കുംകൂടി ആവേശജനകവും ആനന്ദപ്രദവുമായ ഒരു അനുഭവമാണ്. ഗാർഹികരംഗത്തിനു സ്തുത്യർഹങ്ങളായ സംഭാവനകൾ ചെയ്ത സ്ത്രീകൾക്ക് സമ്മാനങ്ങൾ നൽകുന്നു. കുട്ടികൾക്കുവേണ്ടി പ്രത്യേകം പരിപാടികൾ ഏർപ്പെടുത്തിയിരിക്കുന്നു. കുട്ടികളുടെ കൃഷിത്തോട്ടങ്ങൾ, കുട്ടികൾ വളർത്തുന്ന കന്നുകാലികൾ, കുട്ടികൾ തയ്ക്കുന്ന വസ്ത്രങ്ങൾ, കുട്ടികൾ പാകം ചെയ്യുന്ന ഭക്ഷണപദാർത്ഥങ്ങൾ എന്നിവയ്ക്ക് സമ്മാനങ്ങൾ നൽകുന്നു. കുട്ടികൾക്കുവേണ്ടി പ്രത്യേകം പ്രത്യേകം മത്സരങ്ങൾ നടത്തുന്നു. കുട്ടികൾക്കുവേണ്ടി പ്രത്യേകം പ്രത്യേകം പ്രദർശന

സർവ്വോദയയാത്ര

★

— കെ. നീലകണ്ഠപ്പിള്ള, ചുനക്കര —

വനംവസിഷ്ഠന്റെകാമധേനുവായ് നിന്നാലും
മുമ്പെന്നോ സുമേരുവിൻ പാർശ്വത്തിയമേവി
ധേനുവിൻകിടാവായിത്തീർന്ന ഭരതനെ
മേനിയായ് തടിച്ചോഠം കൊഴുത്തുകുത്തുടവേ
വിശ്വമംവസിഷ്ഠന്റെ ശത്രുവായ് ഭവിക്കയാൽ
ഉസ്സഹൻവിശ്വമിത്രൻ ഹരിച്ചുനയോനയേ
മന്നവർപലരടക്കീടിനാരീവണ്ണം — പി
ന്നെന്നല്ലം ബലാൽ കവന്നീടിനാർപലവട്ടം.

അങ്ങനെപായുംകിലും വീണ്ടുംനൽകുമെന
ത്യംശയംകാമധേനോ, സ്വതന്ത്രേ ജയിപ്പു നീ. 1

ഉഗ്രമംതപശ്ചര്യ കാൺകയാൽ ഭയപ്പെട്ട
വ്യഗ്രനായിന്ദ്രൻവിട്ട മേനകയാശ്ലേഷിച്ചോൻ
ചീനവുംതിങ്ങുന്നുമം പൊന്മയപീഠത്തിന്മേൽ
ഭീനനംതൃശങ്കുവിൻ സ്വർഗ്ഗത്തേച്ചമച്ചവൻ
മന്ത്രഭൂശ്രീവിളയാടുമന്നതിൻ ബ്രഹ്മർഷിയായ്
മന്ത്രമാമലയകം ഭീമവിഗ്രഹമാന്നോൻ
വന്ദ്യനാംഗുരുശിഷ്യൻതന്നാശ്രമത്തിങ്കൽതന്നെ
മുമ്പിലത്തേപ്പോലവം യജ്ഞതാത്പര്യംവസിക്കയാം
വിശ്രുതമഹായോനോ സേവകർഭരതീയ-
രാശ്രമസന്താനങ്ങളം — കാത്തുരക്ഷമവരേനി 2

അദ്വൈതമണ്ണിൽസ്നേഹശാന്തികൾപെയ്തുന്ന-
(നോലം
ദ്വൈതവാദങ്ങളംവനം ചോട്ടകൾകരകുന്ന
ഭേദഭേവനനീളെ നരകംതീക്കട്ടെന്നോ
ഭീതിയൽപിടയുന്ന ലോകരേ മാടിക്കൊണ്ടെന്നോ-
ദ്വൈതന്മാർ ഭീമിഭാഗമൽ പ്രാണനെവോടുക്കു-
(പോർ
ദ്വൈതത്താൽ മതവർഗ്ഗവൈരങ്ങളംവളർന്നല്ലോ
മർത്ത്യരായ് പകൽപോക്കി രാവിൽമക്കടരാകം
മർത്തരംമരങ്ങോടി മനുഷ്യരായലോനാം.
ഗ്രാമങ്ങൾതോറും സ്നേഹബീജങ്ങൾപാകിപ്പുകി
ക്കോമളംസർവോദയസൗഭാഗ്യംകൊതിക്കയോ ൽ
ഹിംസയുംബലാൽക്കാരവിദ്വേഷങ്ങളുംകൊണ്ട
നാശമാംനരകസമുദ്രവും നാം സൃഷ്ടിച്ചുലോ
തീപ്പൊരിയുകം ശാസ്ത്രപ്രതാപമുനനീട്ടി പ്രജ്ഞ
യിപ്പൊരിൽ മമംപൊളിക്കുന്നതോ പരാശ്ചാരം.
ശാസ്ത്രമംവയിൽനീളംവൻവിഷപ്പല്ലാൽ-പ്രജ്ഞതാ
സപ്തമിപ്പൊരിൽ ജീവൽപ്രോക്ഷണമോ? ലജ്ജാകരം.

സ്നേഹകാരുണ്യാദികൾ ഭരതധർമ്മാദിയെല്ലാം
മോഹത്താൽമറയുന്ന മട്ടുകൾകയലിപ്പ വം
യജ്ഞതമാചരിക്കുവാനാശ്രമമായ്യുനായ
വിജ്ഞനംവിനോബാജി സംക്ഷിപ്തപദേശിപ്പു
ഉള്ളമേവിശാലമം സ്നേഹകാരുണ്യവായ്പാൽ
അല്ലെന്നാലിടഞ്ഞിപ്പോം സുചിതഭേദംപോലെ
"കാലത്തിനാവശ്യമായ് ചേച്ചുണ്ടാക്കുന്നു കാലത്താൽ പഴയതാണെങ്കിലും ക്രിയായോഗാൽ
തക്കതാംസമയത്തു നൂതനാർത്ഥത്തിൽ രൂപം
കൈക്കൊണ്ടുവന്നിടും-വിപ്ലവം സൃഷ്ടിക്കുന്നു." 4

മാർഗ്ഗത്തിൻവൈവിധ്യമോക്ഷസന്താനങ്ങൾ
വക്രമായ് തമ്മിൽപിരിഞ്ഞകന്നാൽ മുന്നേതന്നെ.

ആശ്രമപരമ്പരയാർജ്ജിച്ച സമ്പത്തിനെ
യാത്രയിച്ചെല്ലുംവക്രം ജീവിപ്പാൻതക്കവണ്ണം
ട്രേപ്രശ്നംപരിഹരിച്ചിടുവാനായിട്ടല്ലോ
ഭിക്ഷുവംവിനോബാജി സഞ്ചരിക്കുന്നു നീളേ
"എന്നമേസമസൃഷ്ടിവർഗ്ഗത്തേയാരാധിക്ക
യെന്നതുതന്നെയജ്ഞം— ആയജ്ഞംചെയ്യാത്തവർ
പാപമുണ്ണുവോർ — അവർ മുള്ളുകൾനിരത്തുന്ന
പാതകൾതോറും കഷ്ടം! പൂക്കൾക്കുപകരമായ്
കിട്ടിയവിഭവങ്ങളുൽപ്പാദകർക്കേകാതെ
തട്ടവോർകട്ടതിന്മേലെന്നല്ലോശിതാന്തം."
ത്യാഗപൂർവ്വമേയൊരു വല്ലതും ഭുജിക്കുവാൻ
ത്യാഗഭോഗങ്ങളംചേർന്ന ജീവിതമേകമാം.
പാവങ്ങളംകയിപ്പിച്ച നൽകവിൻ യഥാശക്തി
ക്രിമിയോനംണ്ണുങ്ങളോ കാലിയോകലപ്പയോ. 5

ശാർവ്വഹസ്വം ഭോഗത്യാഗവൻതരംഗങ്ങളംകിങ്ങി
മോഹനം — പീയൂഷത്തെ പൂർത്തിയപൊങ്ങുടൽ.
പയ്യാറവയേപ്പണ്ടേശീലിച്ച നാട്ടുക്കണ്ടോ
പാൽക്കടൽകടയുവാനിന്നിയും പണിതെല്ലോ?
ഒന്നിപ്പിൻകടയുവിൻ ഭോഗത്തോടൊപ്പംത്യാഗ-
സന്നദ്ധരായ് നേടുവിൻ ശാന്തിയാംമഹാമൃതം.
തിന്നിട്ടുംകുടിച്ചിട്ടും പാവങ്ങളം തെളിയുമ്പോളം
തന്നടെപശിപോകും സ്നേഹശീലന്മാക്കില്ലോം.
അന്നമുണ്ടാകും ഭ്രമിയപ്പിച്ചുലേതിൽപ്പരം
പുണ്യമെന്തുള്ളൂ — ? ദാനംചെയ്യുവിൻ സ്നേ-
ഹാർദ്രരായ്. 6

കൗശികാശ്രമത്തിലെ സാമ്യഗായകൻ — യജ്ഞ
കൗശലംകണ്ടറിഞ്ഞോൻ - തദ്വചകൈശ്രവിച്ചുലും
ദാനമോസംവിഭാഗം — വേണ്ടപോൽസമ്പത്തെയ-
ന്യൂനമായ് വിഭജനം ചെയ്കയെന്നത്രേസാരം —
നൂതനപരിഷ്കാരപ്രപഞ്ചത്തിൽ കിരാതത്വം
ചേതനകളെത്തുഞ്ഞുമാറവാൻ വെമ്പീടുമ്പോൾ
ദുസ്സംഹാരപൊരിയുന്ന പാത്രത്തിലാണീലോകം
ശാശ്വതസ്നേഹത്തിനേ ശാന്തിയേകുവാൻപാരൂ
സ്വാശമംധ്വജത്തിന്മേൽ ശംശയം കൊടിക്കൂറ
ഭംഗിയിൽവിജയത്തിൽ ചിഹ്നമായ് പാരുകുമ്പോൾ
സ്വന്തമാത്മാവേസ്വയം കണ്ടെത്തിയോരിന്ത്യയും
ഭ്രാന്തുപായ് - സ്വസംസ്കാരരക്ഷകളണിയട്ടെ.
യന്ത്രത്തിൽസർവോദയംകാംക്ഷിക്കുവോരിബ്ഭിക്ഷാ
പാത്രത്തെപ്പരിപ്പിക്കിൻ പുണ്യഭിക്ഷനങ്ങളാൽ.
നിരത്തിൻതന്മിതത്തിലലിഞ്ഞുമേന്നിടുവിൻ
നിരപ്പുസംഭവിക്കുമ്പോൾ നീരുകരയുംപോലെ. 7

---

1 × സുമേരുവായ വിശ്വം വസിഷ്ഠനും ഹിമാലയം വിശ്വമിത്രനും സുമേരുവേപ്രാവിക്കിടക്കുന്ന ഭൂമി കാമധേനുവും ഭരതം കിടാവും എന്നത്രേ പുരാണികസങ്കല്പം.

— കാമ്പോനൃംഗ-കാമ്പോനൃംഗം (കിമ്പുണ്ണോ) എന്ന കന്നഡ- യുള്ളത്. -പൊന്നകെട്ടിയ കൊമ്പുള്ളത്.

2 കൗശികാശ്രമം ഭരതന്തന്നെ-ഹിമാലയമായ കൗശികൻ ഭരതത്തിന്റെ വടക്കേഅറ്റത്താണല്ലോ.

—വിശ്വത്തിന്റെ അഥവാ വസിഷ്ഠന്റെ അമിത്രം (ശത്രു) ആകയാൽ വിശ്വമിത്രൻ എന്നപേരുണ്ടായി. എങ്കിലും ഒടുവിൽ മിത്രമായിത്തീർന്നു.

പാടത്തെ പട്ടയാളി

★

—ഇന്ദിരാ കെ. സി. നായർ, വയലാ—

(കേരളം)

വൃദ്ധശേയക്കൻതന്റെ പൊൻകതിർത്തുകി-
(ക്കൊണ്ടിരു-
യുവിയെ പ്രഭാപൂതമക്കുവാനണയവേ,
അക്ഷീണമണിനീരാദരൽ പ്രഭാതത്തെ-
പ്പക്ഷികൾതോക്കുത്തോട്ടെ സ്വാഗതംചെയ്തിടവേ;
ആഴിതന്നേതേടിവ്യുകമം സന്ദേശത്തെ-
യദ്രിയിലെത്തിക്കവേൻ വായുവും ശമിക്കവേ;
ശാന്തമംപുലരിതന്നാകാരസൗന്ദര്യത്തെ-
സ്സന്തോഷഭാവംപൂണ്ട ദിക്കുകൾ വീക്ഷിക്കവേ;
ആ വയൽമരുത്തിലൂടഴകിൻ മൈക്കവ്യംപോലെ-
യാളുമാവരമ്പിന്റെ മേലെയായ് നോക്കുനിങ്ങളം;
സന്തതസഖാക്കളം വൃക്ഷഭായക്കളോ-
ടൊത്തതാഗമിക്കുന്ന പാടത്തെപ്പട്ടയാളി.
തോളിലായ് ഹലായുധം തൻവലംകയ്യിൽ നകം-
കാളകൾമുന്നിൽ; നീണ്ടനെല്പാടവരമ്പുകൾ.
ശാന്തഗംഭീര്യം തുകമുഖം സംതൃപ്തിതൻ-
ശാന്തിഃകേതനം, നിത്യസുന്ദരം, മനോഹരം.
ദാരിദ്ര്യദുർഭ്രൂതത്തെത്തൻ കലപ്പയാൽകൊന്നോ-
രാരിനെപ്പാലിക്കുവാൻ പോയിട്ടം പോരാളിയാം
അല്പനഗ്നമാംശരീരമെങ്കിലു,മഴകിന്റെ-
വല്ലഭനമം രൂപമവിടെക്കാണ്മിലെന്നാം?
പട്ടണപ്പുരേടയിൽ പങ്കകൾ കറക്കുവാൻ-
പാതയിൽവെട്ടംകൂട്ടാൻ വൈദ്യുതിയുണ്ടാക്കുവാൻ
പട്ടണപരിഷ്കാരപ്രകൃതിതന്റെ-
പവ്രത്യംശത്തിലേയ്ക്കുയർത്താൻ വേണ്ടിത്തന്നെ;
അന്നിയാരോളം പാടുപെട്ടിടം കൃഷിക്കാരേ-!
നന്ദ്യരോ ലോകത്തിന്റെ നിർമ്മാണവിശാരദർ?
ചാലുകൾനിർമ്മിക്കയായ് കർഷകൻപാടത്തെങ്ങു-
മാലസ്യവിവശയായ് പോകയായ് ദാരിദ്ര്യവും.
ഇപ്പരിഷ്കാരഭ്രാന്തുബാധിച്ച ലോകം തെല്ല-
മോർക്കുമോ പാടത്തിന്റെ ശാന്തമാമിജ്ജീവിതം.
കർഷകാ നമസ്കാരം പാരിനെപ്പോറ്റാൻവേണ്ടി-
ത്തുമ്പയുംകലപ്പയും കൈക്കൊണ്ട മഹാത്മാവേ!


---

5 കൗശികന്റെ (വിശ്വാമിത്രന്റെ-ഹിമാലയത്തിന്റെ) ആകൃമപരമ്പര ഉണ്ടാക്കിയ സമ്പത്താണ് ഭരതം-അതു് ഭാരതിയരുടെ പൊതുവകയാണ്.

6-ശാർവ്വഹസ്വം ഭോഗത്യാഗങ്ങളുകൊണ്ട അമൃകം കുടിക്കുന്നു ഇരിക്കുന്ന ഒരു കടലാണ്-ഗൃഹസ്ഥാശ്രമമാകുന്ന കടലു കടയണം-ഗൃഹസ്ഥജീവിതത്തിൽ ഭോഗങ്ങളും അനുഭവിക്കയും അതോടൊപ്പം പരമാർത്ഥവേണ്ടി തൃജിക്കയും വേണം.

7-നിരപ്പുമുതു്-നീത്-
കരയുന്നതു് (അലിഞ്ഞുചേരുന്നതു്) കര.

ഭദ്രാചലം



ക്രച്ച് ബിഹാർ മഹാരാജാവു യാത്രപറയുന്നു. മിസ്സ് വിക്കി മാർട്ടിൻ എന്ന 21 കാരിയുമായി മോട്ടോർയാത്ര ചെയ്യവേ അപകടം സംഭവിച്ച പരുക്കുപറ്റിയ 36 വയസ്സുള്ള ക്രച്ച് ബിഹാർ മഹാരാജാവു് ആസ്പത്രിയിൽനിന്നു് വാർഡ് സിസ്റ്റുമായി യാത്രപറഞ്ഞു പിരിയുന്നു. ബാംഗ്ലൂക്കിനുസമീപംവച്ചു കാർ അപകടത്തിൽ മഹാരാജാവിനും മിസ്സ് മാർട്ടിനും പരുക്കേറ്റു. മഹാരാജാവു മിസ്സർ ആസ്പത്രിയിൽ (ഹെർട്ട്ഫോർഡ്ഷയർ) അഭയം പ്രാപിക്കുകയാണുണ്ടായതു്.



കൊറിയയിലെ അമൈനികമേഖലയിലേയ്ക്കു ഇൻഡ്യൻ ഭടന്മാരെ ഹെലിക്കോപ്റ്റർമാർഗ്ഗം വഹിച്ചുകൊണ്ടുപോകുന്നു. 1700 ഇൻഡ്യൻ ഭടന്മാർ ഇപ്പോൾതന്നെ സെപ്തംബർ 1-നു കപ്പൽമാർഗ്ഗം എത്തുകയുണ്ടായി. ബ്രിഗേഡിയർ ഹർബക്സ്സിംഹ്, ബ്രിഗേഡിയർ രാജേന്ദ്രസിംഹ്, പെയിൻറാം എന്നിവരുൾപ്പെടെ ഏതാനും ഉദ്യോഗസ്ഥന്മാരും കപ്പലിൽ യാത്രചെയ്തിരുന്നു.

രാമപാദസ്പർശത്താൽ പവിത്രമായ നമായിട്ടുള്ള ഒരു ഭൂവിഭാഗമാണ് ഭദ്രാചലം; രാമസീതാലക്ഷ്മണന്മാർ ആവാസം നയിച്ച ദണ്ഡകാരണ്യപ്രദേശമാണ അതു്. ഇവിടെവച്ചാണ പോൽ പൊന്മാൻരൂപമണിഞ്ഞ മാരീചൻ സീതയുടെ മനംകവരൻ് സീതാപഹരണത്തിനു രാമനെ സഹായിച്ചതു്.

ഈ പുണ്യഭൂമി ദർശിച്ചു ജന്മസാഫല്യമടയുന്നതിനു ഭാരതഭൂമിയുടെ നാനാഭാഗങ്ങളിൽനിന്നും ഭക്തജനങ്ങൾ ശ്രീരാമജയന്തികാലത്തു ഈ സ്ഥലത്തെ ലാക്കാക്കി പ്രവഹിക്കുന്നു. ഭദ്രാചലവും ഭക്തനായ ഗോവണ്ണായുമായുള്ള അഭേദ്യബന്ധം ഭക്തരാമദാസന്റെ പുണ്യചരിത്രം ശ്രവിച്ചിട്ടുള്ളവർക്ക് സുപരിചിതമാണല്ലോ.

നിരക്ഷരകുക്ഷിയായ ഒരു സ്ത്രീ സീതാരാമലക്ഷ്മണന്മാരെ ഒരു സ്വപ്നത്തിൽ ദർശിച്ചു; അവർ സ്വപ്നത്തിൽ കണ്ട സ്ഥലത്തുതന്നെ ഒരു കുന്നിൻമുകളിൽ, അടുത്തദിവസം ദേവന്മാരുടെയും ദേവിയുടെയും വിഗ്രഹം കണ്ടെത്തി. ചെറിയ ഒരു ക്ഷേത്രത്തിൽ അവർ വിഗ്രഹങ്ങളെ പ്രതിഷ്ഠിച്ചു ആരാധിച്ചുവന്നു.

ഗോവണ്ണാ എന്ന ബ്രാഹ്മണയുവാവു് പ്രസ്തുത ക്ഷേത്രത്തിൽ ദർശനം നടത്തുന്നതിനായിപ്പുറപ്പെട്ട കബീർദാസിന്റെ സംഘത്തിൽ ചേർന്നു് യാത്രതുടർന്നു. പക്ഷെ നിർദ്ദിഷ്ടസ്ഥാനത്തെത്തിയപ്പോൾ ക്ഷേത്രത്തിലെ അർച്ചകന്മാർ മുസ്ലീങ്ങൾക്കു ക്ഷേത്രത്തിൽപ്രവേശിക്കുന്നതിനു അനുമതി നിഷേധിച്ചു.

എന്തുചെയ്യും! ക്ഷേത്രത്തിനുള്ളിൽ നിന്നു രാമസീതാലക്ഷ്മണന്മാരുടെ മനോഹരവിഗ്രഹങ്ങൾ അന്തർദ്ധാനം ചെയ്തു!

ഗോവണ്ണായുടെ നിർബന്ധപ്രകാരം മുസ്ലീംഭക്തന്മാർക്കുകൂടി പ്രവേശനാനുവാദംലഭിച്ചപ്പോൾ ദിവ്യവിഗ്രഹങ്ങൾ യഥാസ്ഥാനത്തു കാണപ്പെട്ടു. ഗോവണ്ണായാണ് രാമഭക്തശിരോമണിയായ ഭക്തരാമദാസ്. അദ്ദേഹത്തിന്റെ ഭക്തിപാരമ്യത്തിന അദ്ദേഹത്തിന്റെ കീർത്തനങ്ങൾ ഇന്നും സാക്ഷ്യംവഹിക്കുന്നു.

വള്ളത്തിലോ തീവണ്ടിയിലോ കാളവണ്ടിയിലോ യാത്രചെയ്തു ഭദ്രാചലസമീപത്തുമ്പോൾ കാണായ്വരുന്നതു് 24 ഗോപുരങ്ങളാൽ ചുറ്റപ്പെട്ടതും ഉത്തുംഗവുമായ സുവർണ്ണഗോപുരമാണ്.

Courtesy: Dr. P. V. Pathy.

—o—

അമേരിക്കൻകർഷകർ ഇന്ത്യൻഗ്രാമങ്ങളം സന്ദർശിക്കുന്നു

★

ന്യൂഡൽഹി — പത്തു അമേരിക്കൻകർഷകയുവാക്കളം ഈ മാസം ആദ്യം ഇവിടെയെത്തി. 10 ആഴ്ച്ചക്കാലം അവർ ഇന്ത്യൻകർഷകരുടെ അതിഥികളായി 12 സംസ്ഥാനങ്ങളം സന്ദർശിക്കുന്നതാണ്. 30 ഇന്ത്യൻ കർഷകർ ഇപ്പോളം അമേരിക്കയിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുന്നു. ഫോർഡ് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിലാണ് ഈ കൈമാറ്റസന്ദർശനങ്ങളം നടക്കുന്നത്.

★


7 നാൾക്കുള്ളിൽ പ്രമേഹം സുഖപ്പെട്ടു

മൂത്രത്തിലധികം പഞ്ചസാരപോകുന്നതിനാണ് പ്രമേഹ (Diabetes) മെന്നു പറയുന്നത്. ഇതു ഒരു ഭയങ്കരവ്യാധിയാണ്. പ്രമേഹരോഗി അനദിനം മരണത്തിലേയ്ക്കു നീങ്ങുന്നു. പ്രമേഹചികിത്സയ്ക്കു ഡാക്ടർമാർ വിധിച്ചിട്ടുള്ളതു് ഇൻസുലിൻ കുത്തിവെപ്പാണ്. ഈ കുത്തിവെപ്പുകൊണ്ടൊന്നും രോഗശമനമുണ്ടാകുന്നതല്ല. കുത്തിവെപ്പിന്റെ ശക്തിയുള്ളകാലത്തോളം പഞ്ചസാര തല്ക്കാലം ഇല്ലാതായി കാണാം.

അധികമാഹാരം, വിശപ്പ്, ഇടയ്ക്കിടെ മൂത്രം പോകുക (പഞ്ചസാരയോട്ടക്കുടി), ക്ഷീണിയ്ക്കുക എന്നിവയാണ് ഈ രോഗത്തിന്റെ പ്രധാന ലക്ഷണങ്ങൾ. ഇതു കഠിനമായാൽ പ്രമേഹക്കുരു, വീക്കം, തിമിരം മുതലായ രോഗങ്ങളം ബാധിക്കുന്നു.

"വീനസ്സ്"ചൂരം" ആധുനികശാസ്ത്രത്തിന്റെ ഒരു അത്ഭുത കണ്ടുപിടിത്തമാണ്. ഇതുപയോഗിച്ചു് ആയിരമായിരം പ്രമേഹരോഗികളം മരണത്തിന്റെ പിടിയിൽനിന്നം രക്ഷപ്പെട്ടിട്ടുണ്ട്. "വീനസ്സ്"ചൂരം" രണ്ടുനേരം ദിവസം ഉപയോഗിക്കുമ്പോൾത്തന്നെ മൂത്രത്തിലെ പഞ്ചസാര കുറയുകയും ഇടയ്ക്കിടെ മൂത്രം ഒഴിയുന്നതു് നിൽക്കുകയും ചെയ്യുന്നു. മൂന്നാലുദിവസം കൊണ്ടുതന്നെ പകുതി സുഖമായ അനുഭവം ഉണ്ടാകുന്നു. യാതൊരു പ്രത്യേകപഥ്യമോ കുത്തിവെപ്പോ ആവശ്യമില്ല. കൂടുതൽ വിവരത്തിനു് ഇംഗ്ലീഷ്ലഘുലേഖയ്ക്കു് ആവശ്യപ്പെടുക. 50 ഗുളികയുള്ള കുപ്പിക്കു് വില 6 രൂ. 12 ണ. പാക്കിങ്ങ് ഫ്രീ പോസ്റ്റേജ് സൗജന്യം.

Venus Research Laboratory,
P.B. No. 587. Calcutta, (MNW)



പ്രതിവർഷം 1200 ലക്ഷം ടൺ ചരക്കു കയറ്റിറക്കുമതി ചെയ്യുന്ന ന്യൂയോർക്കിന്റെ മുഖം. മൻഹാറ്റൻ ദ്വീപിന്റെ ഒരുഭാഗത്തായി ഇടതു ഹഡ്സൺ, വലതു പൂർവനദി എന്നിവയുടെ പാർശ്വങ്ങളിൽ ഡോക്കുകളുമായി സ്ഥിതിചെയ്യുന്നതാണ് ന്യൂയോർക്ക് തുറമുഖം. പുരോഭാഗത്തുകാണുന്ന അംബരചുംബികളായ ശേഷപ്പുരങ്ങൾ ബ്രാഡ്വേ, വാൾസ്ട്രീറ്റ് എന്നീഭാഗങ്ങളിലുള്ളവയാണ്. പശ്ചാത്തലത്തിൽ വിദൂരതയിൽ കാണുന്ന "എംപയർ സ്റ്റേറ്റ്"ബിൽഡിംഗ്" തുടങ്ങിയവ നഗരമദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നവയാണ്.

H. O. തൊടുപുഴ ഫോൺനമ്പർ 36. Branch: കോട്ടയം ഫോൺനമ്പർ 486.

നിങ്ങളുടെ ആരോഗ്യം

വർദ്ധിച്ചു് യൌവനം നിലനിൽക്കുന്നതിനു് സാഹ്യാദ്രിസാനുപ്രദേശങ്ങളിൽനിന്നും ലഭിക്കുന്ന ദിവ്യമൂലികകളുടെ സാരാംശത്തെ സമാഹരിച്ചു് പ്രത്യേകരീതിയിൽ തയ്യാർചെയ്തിട്ടുള്ള ഞങ്ങളുടെ

ച്യവനപ്രാശംലേഹ്യം

ഉപയോഗിക്കുക. ഇതു് പ്രായഭേദമെന്യേ ഉപയോഗിക്കാവുന്നതും ഹൃദ്രോഗം, കാസശ്വാസം, മൂത്രാശയരോഗങ്ങളം ഇവകളെ നശിപ്പിക്കുന്നതിനു ശക്തിയുള്ളതുമാകുന്നു. ശരീരബലം, ബുദ്ധിശക്തി, ഓജസ്സശക്തി ഇവകളെ വർദ്ധിപ്പിക്കുകയുംചെയ്യും. സ്ത്രീകൾക്കു് പ്രസവരക്ഷയ്ക്കു സേവിപ്പാനും വളരെ വിശേഷമാകുന്നു. എല്ലാം ബ്രാഞ്ചുകളിലും ഹെഡാഫീസിലും എപ്പോഴും തയാറുണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്കു് എഴുതുക:

ധന്വന്തരിവൈദ്യശാല, H. O. തൊടുപുഴ, തിരുവിതാംകൂർ.

ബ്രാഞ്ചുകൾ:

1. ആലപ്പുഴ	10. ക്രുത്താട്ടുകുളം	19. തക്കല	27. പാറശ്ശാല	35. പൊൻകുന്നം
2. ആലുവാ	11. കൊട്ടാരക്കര	20. തിരുവനന്തപുരം	28. പന്തളം	36. മദ്രാസ്
3. ആറന്മുള	12. കൊച്ചി	21. തിരുവല്ലാ	29. ബാംഗ്ലൂർ	37. മാത്താണ്ഡം
4. ഇടപ്പള്ളി	13. കൊല്ലം	22. തുപ്പൂണിത്തുറാ	30. പാലാ	38. മാവേലിക്കര
5. ഈരാറ്റുപേട്ട	14. കോതമംഗലം	23. തൃശ്ശൂർ	31. പിറവം	39. മുണ്ടക്കയം
6. ഏറണാകുളം	15. കോഴിക്കോട്	24. നാഗർകോവിൽ	32. പുനലൂർ	40. മൂവാറ്റുപുഴ
7. കായംകുളം	16. കോട്ടയം	25. നെടുമങ്ങാട്	33. പൂഞ്ഞാർ	41. വാഴക്കുളം
8. കാഞ്ഞാർ	17. ചങ്ങനാശ്ശേരി	26. നെയ്യാറ്റിൻകര	34. പെരുമ്പാവൂർ	42. വൈക്കം
9. കിളിമാനൂർ	18. ചേർത്തല			



ചെറുകഥ

അത്യാഗ്രഹത്തിന്റെ ഫലം ആപത്ത്

ഒരു ഗ്രാമത്തിൽ ഈശ്വരഭക്തിയും, പിതൃഭക്തിയും ഉള്ള ഒരു പ്രഭു താമസിച്ചിരുന്നു. അയാളുടെ പിതാവു് ചെറുപ്പത്തിൽത്തന്നെ മരിച്ചുപോയി. അതിനാൽ പ്രഭു ആയിരുന്നു വീട്ടുകാര്യങ്ങളും അനേഷിച്ചുവന്നതു്.

സമീപത്തുള്ള ഒരു ക്ഷേത്രത്തിലെ പുരോഹിതൻ ഒരു അത്യാഗ്രഹി ആയിരുന്നു. ആരുടെയെങ്കിലും പക്കൽ നല്ല സമ്പാദനം കണ്ടാൽ അതു് അയാൾക്കു വേണം. ഒരിക്കൽ നമ്മുടെ പ്രഭു ഒരുനല്ല പൊൺകുതിരയെ വാങ്ങി. അതുകണ്ടപ്പോൾ പുരോഹിതനു് അതുവേണമെന്നായി. പിറ്റേദിവസം രാവിലെ പുരോഹിതൻ പ്രഭുവിന്റെ അടുക്കൽചെന്നു് ഇപ്രകാരംപറഞ്ഞു:—

"പ്രഭോ! ഞാൻ ഇന്നലെ ഒരുസ്വപ്നംകണ്ടു. അവിടുത്തെ അച്ഛനു് സ്വർഗ്ഗത്തിൽ വലിയസുഖം ആണു്, പക്ഷേ അവിടുത്തേക്കു് ഒരു നല്ലകുതിരയെ ആവശ്യമുണ്ടു്. അതു് ഒരു ഉത്തമബ്രാഹ്മണനു് നൽകിയാൽ ആ കുതിരയെ സ്വർഗ്ഗത്തിലിരിക്കുന്ന അവിടുത്തെ അച്ഛനു് കിട്ടുമെന്നായിരുന്നു എന്റെ സ്വപ്നം."

ഇതുകേട്ടു് പ്രഭു, തന്റെ കുതിരയെ പുരോഹിതനു് ദാനംചെയ്തു. പ്രഭുവിനു പിറ്റേദിവസത്തിൽ കോപാക്രാന്തനായ പ്രഭുവിന്റെ സഹോദരൻ പിറ്റേദിവസം പ്രഭുവിന്റെ അടുക്കൽചെന്നു പറഞ്ഞു:

"ജ്യേഷ്ഠാ നമ്മുടെ അച്ഛനു് സ്വർഗ്ഗത്തിൽ കുതിരയെക്കിട്ടി, പക്ഷേ കുതിരപ്പുറത്തുകയറിയപ്പോൾ അച്ഛൻ താഴെവീണു് മുറിവുപറ്റി. സ്വർഗ്ഗത്തിലെ വൈദ്യന്മാരുടെ അഭിപ്രായപ്രകാരം ഒരു ഉത്തമബ്രാഹ്മണനു ദാനംകൊടുത്താൽ സ്വർഗ്ഗത്തിൽ കിട്ടുമെന്നു ഞാൻ ഇന്നലെ സ്വപ്നംകണ്ടു" ഇതുകേട്ടു് പ്രഭു പുരോഹിതനെ വരുത്തി സ്വപ്നത്തിന്റെ വിവരം പറയാൻ ആരംഭിച്ചു. അപ്പോഴേക്കും പ്രഭുവിന്റെ ആജ്ഞപ്രകാരം ഭൃത്യന്മാർ കയ്യിപിടിച്ചുപുരോഹിതന്റെ പുറത്തുവെച്ചു. അയാളുടെ പുറം വെണ്ണീറായി. അത്യാഗ്രഹം മൂലമായി വന്നതു് അനുഭവിച്ചു് ഇതാണു്. അല്ലേ കേച്ചി.

കേച്ചിക്കു് അനേകം നമസ്കാരം.

കുമാരി മാലതി (അ: നം: 556).

★

ഒരു രാജാവിനു പറ്റിയ അമളി

പണ്ടു് ഒരിടത്തു് ഭയങ്കരമായ ഒരുവനം ഉണ്ടായിരുന്നു. ആ കാട്ടിൽ ധാരാളം മൃഗങ്ങളും അവരുടെ രാജാവായി ഒരു സിംഹവും അധിവസിച്ചിരുന്നു. ആ മൃഗരാജാവു് കണ്ണിൽ കണ്ടമൃഗങ്ങളെ എല്ലാംപിടിച്ചുഭക്ഷിച്ചുവന്നിരുന്നു. ഈ ഉപദ്രവം സഹിക്കാൻ പാടില്ലാഞ്ഞു് മൃഗങ്ങളും എല്ലാംകൂടി ഒരുസഭകൂടി.

അപ്പോൾ ഒരു കുറുക്കൻ എഴുന്നേറ്റുപറഞ്ഞു:—"ഓരോ ദിവസവും ഓരോ മൃഗം വീതം രാജാവിന്റെ അടുത്തുപോകണം അതിനെ ഭക്ഷിച്ചു സിംഹം തൃപ്തിപ്പെട്ടുകൊള്ളണം" എന്നനുമതി അദ്ദേഹത്തിനോടു പറയണം. ഈ അഭിപ്രായത്തെ എല്ലാവരും പിൻതാങ്ങി. അവർ രാജാവിന്റെ അടുത്തുചെന്നു ഈ കാര്യം പറഞ്ഞു. രാജാവു് അതു അനുവദിച്ചു. ഇതനുസരിച്ചു് ഓരോ ദിവസവും ഓരോമൃഗം പോവുക പതിവായിരുന്നു.

ഒരുദിവസം ഒരുമുയലാണു പോകേണ്ടിവന്നതു്. എന്നാൽ മുയലിനു സിംഹത്തിന്റെ ഗുഹയിൽ പോകുന്നതിനു വളരെ വൈമനസ്യംതോന്നിയതിനാൽ അതു വഴിയരികിൽ കിടന്നു ഉറങ്ങുകയും എഴുന്നേറ്റു നോക്കിയപ്പോൾ സമയംപോയല്ലോ എന്നവിചാരിച്ചുകൊണ്ടു് സിംഹത്തിന്റെ ഗുഹയിലേയ്ക്കു നടക്കുകയുംചെയ്തു. അവിടെ എത്തിയപ്പോൾ വിശപ്പുകൊണ്ടു പരവശനായിരുന്ന സിംഹം ഗർജ്ജിച്ചു. മുയൽ വളരെ ബുദ്ധിപൂർവ്വമായി നേരത്തെതന്നെ ആലോചിച്ചുവച്ചിരുന്ന ബുദ്ധി പ്രയോഗിച്ചു. മുയൽ ഇപ്രകാരം പറഞ്ഞു: "അല്ലയോ മൃഗരാജാവെ! ഞാൻ ഇങ്ങോട്ടുവന്നവഴിക്കു അങ്ങയെപ്പോലെ ഒരു രാജാവിനെ കണ്ടു. ഞാൻ ഒരുവിധത്തിൽ അദ്ദേഹത്തിന്റെ പിടിയിൽനിന്നും രക്ഷപ്പെട്ടു പോന്നു. ഈ കാട്ടിൽ മറ്റൊരു രാജാവു് ഉണ്ടോ എന്നു ഞാൻ അൽഭുതപ്പെട്ടു!

സിംഹം പറഞ്ഞു. "എന്നാൽ ഇന്നു അവൻ തന്നെയാണു" എന്റെ ഭക്ഷണം." മുയലുമായി സിംഹം യാത്രയായി. അവർ ഒരു വഴയവഴിക്കിണറിന്റെ സമീപത്തെത്തി. അപ്പോൾ മുയൽ സിംഹത്തിനോടു കിണറ്റിൽ എത്തിനോക്കുവാൻ പറഞ്ഞു. സിംഹം എത്തിനോക്കിയപ്പോൾ തന്നെപ്പോലെ മറ്റൊരു സിംഹത്തെ ആ വെള്ളത്തിൽകണ്ടു. സിംഹം വളരെ ഉച്ചത്തിൽ അലറി. അപ്രകാരംതന്നെ കിണറ്റിൽനിന്നും ഒരുശബ്ദം പുറപ്പെട്ടു. സിംഹം കോപത്താൽ വീണ്ടും ഗർജ്ജിച്ചുകൊണ്ടു വെള്ളത്തിലേയ്ക്കു ചാടി. ആ വിഡ്ഢി അങ്ങനെ തുലഞ്ഞു.

മുയൽ രക്ഷപ്രാപിച്ചു.

"ബുദ്ധിതന്നെ മഹാബലം."

റാണി. എൻ. രാമചന്ദ്രൻ, (അ: നം: 1545).

★

പശ്ചാത്താപം പ്രായശ്ചിത്തം

പണ്ടു് യഹൂദദേശത്തിൽ ഒരു പിതാവും രണ്ടു പുത്രന്മാരും ഉണ്ടായിരുന്നു. ഉർവൃത്തനായ കനിഷ്ഠപുത്രൻ അച്ഛന്റെ സ്വത്തിൽ തനിക്കുള്ള ഭാഗവും വാങ്ങിക്കൊണ്ടു വിദേശത്തേയ്ക്കു യാത്രയായി. കുറച്ചുദിവസംകൊണ്ടു് കൈയിലുള്ള ധനമൊക്കെയും അവൻ ധൂർത്തടിച്ചുകളഞ്ഞു.

അങ്ങനെയിരിക്കെ ആ രാജ്യത്തിൽ ഒരു വലിയ ക്ഷാമം സംഭവിച്ചു. ഉപജീവനത്തിനു മറ്റൊരു മാർഗ്ഗവുമില്ലെന്നു കണ്ടപ്പോൾ യഹൂദൻ ഒരു കൃഷിക്കാരന്റെ ഭൃത്യനായി ചേർന്നു യജമാനന്റെ പന്നികളെ മേയ്ക്കുകയായിരുന്നു അവന്റെ പ്രവൃത്തി, പന്നികൾപോലും ഭക്ഷിക്കാത്ത ഉമിയായിരുന്നു അവൻ ഭക്ഷിച്ചിരുന്നതു്. ഇങ്ങനെ കുറെദിവസങ്ങൾ കഴിഞ്ഞു. അവന്റെ ശരീരം ദൈന്യം ദിനം മെലിഞ്ഞുവന്നു. ഒരുദിവസം അവൻ പന്നികളെ മേയ്ക്കുമ്പോൾ ഇപ്രകാരം വിചാരിച്ചു: "അയ്യേ! എന്റെ കൈകൊല്ലുകയും കുഴയുന്നു. ദാഹവും വിശപ്പും അസഹ്യമായിരിക്കുന്നു. കഷ്ടം! ഞാൻ എന്തൊരു മഹാപരാധമാണു് പ്രവർത്തിച്ചതു്? അച്ഛൻ എന്നെ എത്രമാത്രം സ്നേഹിച്ചിരുന്നു! ഞാൻ ഒരു മഹാപാപിയാണെന്നുള്ളതിനു സംശയമില്ല. കഷ്ടം! ഞാനിതാ! എന്റെ അപരാധം ക്ഷമിക്കണമേ! എത്ര ഭൃത്യന്മാരാണു് എന്റെ ഭവനത്തിൽ സുഖമായിക്കഴിയുന്നതു്. ഞാൻമാത്രം കഷ്ടപ്പെടണമെന്നോ? ഇല്ല. ഇനി ഞാൻ ഇവിടെ താമസിക്കുകയില്ല സ്വദേശത്തേയ്ക്കു മടങ്ങിപ്പോകും. ഇതുപോലെ ആലോചിക്കുമ്പോഴേയ്ക്കും ആ പാവം പൊട്ടിക്കരഞ്ഞുപോയി. ഏറെ താമസിയാതെ അവൻ സ്വരാജ്യത്തിലേക്കു മടങ്ങി.

വീടുവിട്ടപോയ മകനെ പിതാവു ദൂരെവച്ചുകണ്ടു. അദ്ദേഹം ഓടിയടുത്തു മകനെ ആലിംഗനംചെയ്തു. ആ പുത്രൻ അച്ഛന്റെ പാദങ്ങളിൽവീണു നമസ്കരിച്ചു. അച്ഛൻ അവനെ എഴുന്നേൽപ്പിച്ചു ഇപ്രകാരം അനുഗ്രഹിച്ചു. നഷ്ടപ്പെട്ടുപോയ അമൂല്യരത്നമേ നീ നിനക്കുവായി വാഴുക. ഈ പിതാവിനെപ്പോലെയാണു് ജഗദീശ്വരൻ. സന്മാർഗ്ഗത്തിൽനിന്നു് അണുപോലും തെറ്റാതെ ജീവിതം നയിക്കുന്നവരെ അദ്ദേഹം വളരെ സ്നേഹിക്കുന്നു. എന്നാൽ പാപംചെയ്യുവരെയും അദ്ദേഹം കൈവെടിയുന്നില്ല. ഏതൊരു മഹാപാപിയും പശ്ചാത്തപിച്ചാൽ ജഗദീശ്വരന്റെ ഹൃദയം അലിഞ്ഞുപോകും.


എം. പി. രാമഗോപാൽ
അംഗനയർ 1587

—o—

സ്വർണ്ണം

അപൂർവ്വം ചിലരൊഴിച്ചു് മറ്റെല്ലാവരെല്ലാം സ്വർണ്ണത്തെ വിലമതിക്കുകയും ആരാധിക്കുകയും ചെയ്യുന്നവരാണു്. ഇതു വിലയേറിയ സ്വർണ്ണം ആഴ്കാലങ്ങളിൽ നദീതടങ്ങളിൽനിന്നാണു് ലഭിച്ചിരുന്നതു്. കാലക്രമത്തിൽ നദീതടങ്ങളിലെ സ്വർണ്ണം തീർന്നുപോയി. നമ്മുടെ പെരിയാറിൽനിന്നും സിന്ധുനദിയിൽനിന്നും പ്രാചീനകാലങ്ങളിൽ സ്വർണ്ണം എടുത്തിരുന്നു.

ഇന്നു് സ്വർണ്ണം ലഭിക്കുന്നതു് ഭൂഗർഭത്തിൽ സ്ഥിതിചെയ്യുന്ന പാറകളിൽനിന്നാണു്. വൈദ്യുതശക്തികൊണ്ടു പ്രവർത്തിക്കുന്ന യന്ത്രങ്ങളുടെ സഹായത്താൽ സ്വർണ്ണം അടങ്ങിയിട്ടുള്ള പാറ പുറത്തുകൊണ്ടുവരുന്നു. ആദ്യമായി ഈ പാറകളെ പൊടിക്കുന്നു. അനന്തരം ഈ പൊടികളെ രസം ഒഴിച്ചിട്ടുള്ള തട്ടുകളിലേക്കു പകരുന്നു. കുറേ സ്വർണ്ണം രസത്തിൽ അലിഞ്ഞുചേരുന്നു. ഈ രസത്തെ യന്ത്രങ്ങളിൽവച്ചു തിളപ്പിക്കുമ്പോൾ രസം ആവിയായിപോകുകയും സ്വർണ്ണം ശേഷിക്കുകയുംചെയ്യുന്നു. രസത്തട്ടുകളിൽകൂടി പുറത്തുവരുന്ന പാറപ്പൊടി വെള്ളത്തിൽ കലക്കി, രോമവസ്ത്രം വിരിച്ചിട്ടുള്ള ചരിഞ്ഞ മേശകളിൽകൂടി ഒഴുക്കും. അപ്പോൾ ഘനം കുറഞ്ഞ സ്വർണ്ണപ്പൊടികരടു് എഴുന്നുനിൽക്കുന്ന രോമങ്ങളിൽ രുങ്ങും. ഇപ്രകാരത്തിൽ അരിച്ചുശേഷം പൊട്ടാസ്യം സൈനൈഡ് കല



കിയിട്ടുള്ള പാത്രങ്ങളിലേക്കു പകരണം. ഈ പാത്രത്തിൽക്കൂടി മീതെപ്പറഞ്ഞതു പ്രവർത്തിപ്പിക്കുമ്പോൾ സപ്പോട്ടപ്പൊടി മുഴുവൻ പാത്രത്തിലടിയും. ശേഷിക്കുന്ന മണലിൽ സപ്പോട്ടയിന്റെ മയം പേടിപ്പാനും ഉണ്ടായിരിക്കയില്ല. പിന്നീട് ഈ സപ്പോട്ടപ്പൊടിയെയെല്ലാം ഉരുക്കി കട്ടികളാക്കണം. ഒരു കട്ടയ്ക്ക് ഏകദേശം 29 പൗണ്ട് ഘനമുണ്ടായിരിക്കും. ഈ കട്ടകൾ ബാങ്കുകാർ എന്ന പേരിൽ അറിയപ്പെടുന്നു.

എൻ. ഗോപിനാഥൻപിള്ള

(1500)

—o

കാഷ്നട്ട്

പറങ്കിമാവ് (പോർട്ടുഗീസുകാർ) ആണല്ലോ നമ്മുടെ നാട്ടിൽ ആദ്യമായി പറങ്കിഅണ്ടി കൊണ്ടുവന്നത്. പറങ്കിമാവ് കൊണ്ടുവന്നതുകൊണ്ട് അതിനെ പറങ്കിഅണ്ടി എന്നു നാം വിളിക്കുന്നു.

പറങ്കിഅണ്ടി എന്നതിന് ഇംഗ്ലീഷിൽ കാഷ്യുനട്ട് എന്നാണല്ലോ പറയുന്നത്. ഈ പദത്തിന്റെ ഉത്ഭവത്തെപ്പറ്റി ഒരു കഥയുണ്ട്...ഒരിംഗ്ലീഷുകാരൻ കേരളത്തിൽവന്നു. ഒരു സ്ത്രീ പറങ്കിഅണ്ടി വിറ്റുകൊണ്ടിരുന്നതു് അയാൾ കണ്ടു. അതിന്റെ പേരെന്താണെന്ന് ഇംഗ്ലീഷിൽ "What is that" എന്ന് അയാൾ ചോദിച്ചു. സ്ത്രീക്ക് ഈ ഭാഷ മനസ്സിലായില്ല. എങ്കിലും സാധാരണ ഒരാളോടെന്നപോലെ ചോദിക്കുന്നതു് "വിലയെങ്ങനെയാണ്?" എന്നായിരിക്കുമെന്നു കരുതി "കാശിനെട്ട്" എന്ന് സ്ത്രീ മറുപടി പറഞ്ഞു. ഇംഗ്ലീഷുകാരൻ കരുതി ആ സാധനത്തിന്റെ പേര് കാശിനെട്ട് എന്നാണെന്നു ധരിച്ചു.....കാശിനെട്ട്, കാഷ്യുനട്ടുമായി! ഇനിയുമുണ്ട് ഇതിനപ്പുറത്തുള്ള അഭിപ്രായങ്ങൾ.....

[കാശ് = പണം.
നട്ട് = അണ്ടി.
കാശ് നട്ട് - പണംതരുന്ന അണ്ടി.

പറങ്കിഅണ്ടി പണംതരുന്ന ഒരു കായാണല്ലോ. പറങ്കിഅണ്ടി വ്യവസായംമൂലം ഇന്ന് എത്രയോ പാവങ്ങൾ ജീവിക്കുന്നു. മുതലാളിക്കും തൊഴിലാളിക്കും ജീവിക്കാൻ വകനൽകുന്ന ഈ കായ് ഒരു കാശ്യുനട്ടുതന്നെയാണ്. അതിൽ തർക്കമില്ലല്ലോ!

വൈ. തോമസ്, അ: നി: 60

"മീറീ, മീറീ, മീറായീ"

നിങ്ങളെല്ലാരും കണ്ടിരിക്കും; മീറായി, ഓറഞ്ചു മുതലായ സാധനങ്ങളും വില്പാൻകൊണ്ടുനടക്കുന്ന ചില്ലറക്കച്ചവടക്കാരെ. അതിലൊന്നാണ് നമുടെ മിട്ടായിക്കാരനും.

"മീറീ മീറീ മീറായീ പൊതിക്കുരണണാ" അതു നീട്ടിയുള്ളവിളി! അതു കുട്ടന്റെ അടുത്തുവന്നപ്പോഴു, അവനും ആവശ്യമുണ്ടായി. കുട്ടന്റെ നാക്കിൽ വെള്ളമൂറി. ഒരു പൊതിവാങ്ങി; തിന്നു. ഹാ! എത്രരസം!!

ഒരു കാശ്മീരുകാരൻ "മീനും തേങ്ങയും" വാങ്ങാൻ അമ്മയെയുച്ചരിച്ചതാണ് കുട്ടനെ. ഇനി രണ്ടണയേയുള്ളൂ. രണ്ടു സാധനവുംകൂടി കിട്ടില്ല.

വീട്ടിൽചെന്നപ്പോൾ അമ്മ ചോദിച്ചു; "എന്തുവാടാ മീനും തേങ്ങയും."

കുട്ടന്റെ കണ്ണുകൾ "കണ്ണീർത്തടാകമായി." ദേഹത്തുള്ളമുണ്ടും അഴിച്ചുതടവിത്തുമ്മിക്കൊണ്ട് അവൻ കരഞ്ഞു. അതിനിടയിലൂടെ പറഞ്ഞു: "ഉരുണ്ടുചീമ്പുപ്പം...രണ്ടണ...കളഞ്ഞു...പോയി: ബാക്കി തേങ്ങേ."

ഉണ്ടായതെല്ലാം നഷ്ടത്തിൽ അമ്മ ഖേദിച്ചെങ്കിലും അപ്പോൾ കുട്ടൻകുറിച്ചു. മകന്റെ യുക്തിയിൽ അമ്മ പൊട്ടിച്ചിരിച്ചു.

എൻ. ദേവകി അന്തർജ്ജനം,
അംഗനമണ്ഡലം 1392

★

"ഐകമത്യം മഹാബലം"

ഒരു മരത്തിന്റെ മുകളിൽ കുറെ തേനീച്ചകൾ ഉണ്ടായിരുന്നു. ഒരു ദിവസം ഒരു കരടി തേനീച്ചക്കൂട്ടിന്റെ അടുത്തുവന്നു. അപ്പോൾ തേനീച്ചകൾ കരടിയെ കുത്തി. കരടി കേറിച്ചെന്ന് നിങ്ങളുടെ കൂട് നശിപ്പിച്ചുകളയും എന്നു പറഞ്ഞു. അപ്പോൾ ഒരു തേനീച്ച കരടിയോടു പറഞ്ഞു: "വലിയവർ ചെറിയവരോടു കേറിക്കുന്നതു് ശരിയല്ല. അവിടുന്ന് വേണ്ടാത്തകാര്യത്തിൽ തലയിട്ടു. അതിനാൽ അല്പം വേദന സഹിക്കേണ്ടിവന്നു. അതിനുപകരം അങ്ങ് ഞങ്ങളെ ഉപദ്രവിക്കുന്നതു ഞങ്ങൾക്കു സങ്കടമാണ്. അങ്ങു വലിയവനാണ്. വലിപ്പംകൊണ്ട് ഒരു ഫലവും ഇല്ല. ഞങ്ങൾ ചെറുജീവികളും ഐകമത്യമുള്ളവരാണ്. അ

ണ്ട് അയ്യ് രാക്കണം. മൻകോപി കുപ്പക്ക് ആപത്തുപറ്റും. അതിനാൽ കുഴപ്പം ഒന്നും ഉണ്ടാക്കാതെ ഇവിടുന്ന തിരിച്ചുപോകുന്നതാണ് നല്ലത്".

കരടിക്ക് വലിയ കോപം ഉണ്ടായി. "നിങ്ങൾ യോജിപ്പുള്ളവരാണ്; അല്ലേ?" എന്നു പറഞ്ഞ് ഒരു കൊണ്ട് കരടി തേനീച്ചയുടെ കൂട്ടിൽ ശക്തിയിൽ അടിച്ചു. അപ്പോൾ ആ കൂടിന്റെ മുൻഭാഗം പൊളിഞ്ഞു താഴെവീണു.

ഉടൻ തേനീച്ചകൾ കൂട്ടമായി ഇളകി കരടിയെ കുത്തിത്തുടങ്ങി. കരടി ഓടി. തേനീച്ചകൾ പിന്നാലെ എത്തിക്കുത്തി. അവ കൂട്ടത്തോടെ കരടിയെ പൊതിഞ്ഞു. കടിയേറ്റ് കരടി തളർന്നു.

നേരം സന്ധ്യയായി. തേനീച്ചകൾ അവയുടെ കൂട്ടിലേക്കു പോയി.

എസ്സ്. ബാലകൃഷ്ണവാര്യർ
വയസ്സ് 13

നമ്പർ 1433

—o—

മധുരനാരങ്ങ

വിലതീരാത്ത സമ്മാനം
ലഭിക്കുന്നിതുദാരനു്,
കായ്കലഭത്തിനായുള്ള
ദേനശിലമശുണ്ടാകും.

പരിശ്രമശീലനായ ഒരു കൃഷിവേലക്കാരന്റെ പറമ്പിൽ ഒരു വിശേഷപ്പെട്ട മധുരനാരകം ഉണ്ടായിരുന്നു. ആ നാരകത്തിൽ കായ്ക്കുന്ന നാരങ്ങയോട് തുല്യം പറയാൻ ആരിക്കിൽ എന്നല്ല അയൽപ്രദേശങ്ങളിലും മറ്റൊന്നില്ലായിരുന്നു. അങ്ങനെയിരിക്കെ അതിവിശിഷ്ടമായ ഒരു നാരങ്ങ അതിലുണ്ടായി. വേലക്കാരൻ അതു പറിച്ചെടുത്തു് ആ നാട്ടിലെ പ്രഭുവിനു കാഴ്ചവെച്ചു. അദ്ദേഹം അതുകണ്ടു സന്തോഷിച്ചു് അവന്റെ അപഹാരശീലത്തെ വാഴ്ത്തിപ്പറഞ്ഞു. അവനെ ആ തൊഴിലിൽ പ്രോത്സാഹിപ്പിക്കുന്നതിനു് അഞ്ചുപവൻ സമ്മാനിച്ചു. പരിശ്രമിയായ വേലക്കാരൻ സംതൃപ്തനായി വീട്ടിലേക്കു മടങ്ങി.

ഈ സമ്മാനവിവരം അവന്റെ അയൽക്കാരൻ അറിഞ്ഞു. അയാളും പണക്കാരനാകാൻ അത്യാഗ്രഹിയും ആയിരുന്നു. ഒരു മധുരനാരങ്ങയ്ക്കു് അഞ്ചുപവൻ കിട്ടിയവിവരം അയാളുടെ അത്യാശയെ അധികമാക്കി. അതിനാൽ ഇപ്രകാരം നിശ്ചയിച്ചു:— "രണ്ടോമൂന്നോ അണമാത്രം വിലപിടിക്കുന്ന മധുരനാരങ്ങയ്ക്കല്ലയോ പ്രഭു അഞ്ചുപവൻ കൊടുത്തതു്. ഞാൻ എന്റെ ഒരു മുന്തിരത്തോപ്പു തന്നെ കൊടുത്താൽ എനിക്കു രണ്ടുകൈനിറച്ചു പവൻ കിട്ടാതിരിക്കുന്നതല്ല."

പിറ്റേദിവസം രാവിലെ ഈ നിശ്ചയത്തോടുകൂടി പഴക്കൂടയുമായും കൊണ്ടു് ഇയാൾ പ്രഭുവിന്റെ വാസസ്ഥലത്തേക്കു പോയി. പ്രഭു ഈ അത്യാഗ്രഹിയെ കണ്ടമാത്രയിൽത്തന്നെ കാര്യം മനസ്സിലാക്കി. അയാളുടെ ദുരഭിപ്രായത്തെക്കുറിച്ചു വിസ്മയിച്ചു. പഴക്കൂടയെ വേണ്ടെന്നു പറഞ്ഞു. അയാൾക്കു ലജ്ജയും വ്യസനവുമുണ്ടായി. ഈ കാഴ്ചയെ തള്ളരുതെന്നു പ്രാർത്ഥിച്ചു.

പ്രഭു—"നിങ്ങൾ ഇപ്രകാരമൊക്കെ നിർബ്ബന്ധിക്കുന്നതുകൊണ്ടു് ഞാനിതിനെ സ്വീകരിക്കാം. നിങ്ങളുടെ ഈ ദുരഭിപ്രായത്തിനു പകരംചെയ്യേണ്ടതെങ്ങനെയാണെന്ന സംശയിച്ചു് ഞാൻ പരുങ്ങുന്നു. എന്നാൽ ഒന്നു ചെയ്യാം. എനിക്കെന്തെല്ലാം ഇഷ്ടമുള്ള ഒരു സാധനംവേണമല്ലോ ഞാൻ പകരംതരാൻ." എന്നു പറഞ്ഞുകൊണ്ടു് ക്രൂരിക്കാരൻ കാഴ്ചവച്ച ആ മധുരനാരങ്ങ പ്രഭു ആ അത്യാഗ്രഹിക്കു കൊടുത്തു. അയാളാ അത്യാഗ്രഹിച്ചു തലതാഴ്ത്തിക്കൊണ്ടു് വീട്ടിലേക്കു പോയി.

അത്യാഗ്രഹിക്കു് ഉള്ളതും ഇല്ലാതാകും.

എം. പി. രാമചന്ദ്രൻപിള്ള,
മുതുകുളം, അ: ന 1539.

★

സത്യസന്ധത

ഞാൻ ഗാന്ധിജിയുടെ സത്യസന്ധതയെപ്പറ്റിയുള്ള ഒരു കഥയാണു് ഇവിടെ പറയുവാനുദ്ദേശിക്കുന്നതു്.

ഗാന്ധിജി സ്കൂളിൽ പഠിച്ചിരുന്ന അവസരത്തിൽ ഒരുദിവസം ഇൻസ്പെക്ടർ സ്കൂൾ പരിശോധനയ്ക്കായി ചെന്നു. ഗാന്ധിജിയുടെ ക്ലാസ്സിൽ ഇൻസ്പെക്ടർ വന്നു കുട്ടികളോടു പല ചോദ്യങ്ങളും ചോദിച്ചു.

ഒടുവിൽ ഇൻസ്പെക്ടർ കുട്ടികളോടു് "കെറ്റിൽ" എന്ന ഇംഗ്ലീഷ്വാക്കു് കാണാതെ എഴുതുവാൻപറഞ്ഞു.

എല്ലാവരും എഴുതി. എന്നാൽ ഗാന്ധിജി എഴുതിയതു തെറ്റായിരുന്നു. അധ്യാപകൻ അതുകണ്ടപ്പോൾ ഗാന്ധിജിയോടു് അടുത്തിരുന്ന ഒരു കുട്ടിയുടേതു നോക്കി എഴുതുന്നതിനു വേണ്ടി ആംഗ്യംകാണിച്ചു. എന്നാൽ സത്യസന്ധനായ ഗാന്ധിജിയാകട്ടെ അങ്ങനെ ചെയ്തില്ല.

ഇൻസ്പെക്ടർ ക്ലാസ്സുവിട്ടു പോയപ്പോൾ അധ്യാപകൻ ഗാന്ധിജിയോടു ദേഷ്യപ്പെട്ടു.

അപ്പോൾ അദ്ദേഹം ഇങ്ങനെ പറഞ്ഞു:—"തങ്കളും എന്നെ തല്ലുമായിരിക്കും. എന്നാലും ഞാൻ സത്യം അല്ലാത്ത പ്രവൃത്തി ചെയ്കയില്ല."

ഇപ്രകാരമുള്ള ഗാന്ധിജിയുടെ വാക്കുകൾ മാറാമ്പി കുട്ടികളുടെ ഇടയിൽ അത്ഭുതമുണ്ടാക്കി. അവർ ഗാന്ധിജി ഒരു മഹാനായിത്തീരുമെന്നു് ആശിച്ചു.

സ്വാതന്ത്ര്യദിനത്തിൽ ആടിയിരിക്കുന്ന സഹോദരരെ! നിങ്ങളും ഒന്നു് ആലോചിക്കുവിൻ! ആ ശാന്തസ്വരൂപൻ എത്ര സത്യവാനായിരുന്നു എന്നു്!

അംഗങ്ങളുടെ പേരുവിവരം

★

(തുടർച്ച)

1671 കെ. മുരളീധരൻനായർ, ചെറുശ്ശേരിൽവീട്, കോടിമതകര, കോട്ടയം. (സംഗീതം)
1672 വി. സുകുമാരപിള്ള, ഫോറം I A എൻ. എസ്. എസ്. ഇ. എച്ച്. സ്കൂൾ കരുവാറ്റാ. (തീപ്പെട്ടിലേബിൽ)
1673 എൽ. ദേവദത്ത, ദേവദത്തഭവനം, കൃഷ്ണറാബാങ്കിനുസമീപം, കൊല്ലം.
1674 എം. ശിവശങ്കരപ്പിള്ള, പൊളിയിൽവീട്, കുന്നിമേൽചേരി, കിളികൊല്ലൂർ കൊല്ലം. (ചെറുകഥ)
1675 വി. കെ. ജോസഫ് IV A. ഡിവിഷൻ എൻ. എസ്. ഇ. എച്ച്. എസ്. മാന്നാർ.
1676 എം. നാരായണൻനായർ, ടി ടി (തീപ്പെട്ടിപടം ശേഖരണം)
1677 പി. സി. മാത്യുക്കുട്ടി, ടി ടി (സ്റ്റാമ്പുശേഖരണം)
1678 ജി. നാരായണൻനായി, ടി ടി (പഞ്ചകളി)
1679 കെ. നടേശൻആശാരി, ടി ടി ടി)
1680 കെ. ചാക്കോ, ടി ടി (തീപ്പെട്ടിപടം ശേഖരണം)
1681 പി. നാരായണൻനായർ, ടി ടി (പഞ്ചകളി)
1682 പി. കെ. നാരായണപിള്ള, ടി ടി (സ്റ്റാമ്പുശേഖരണം)
1683 എൻ. കരുണാകരൻആശാരി, ടി ടി (പൂന്തോട്ടപ്പണി)
1684 പി. വി മത്തായി, ടി ടി
1685 പി. എം. മാത്യു, കയ്യാലത്തുപടവയിൽ, മല്ലപ്പള്ളി. (സ്റ്റാമ്പുശേഖരണം)
1686 പോത്തൻ അലക്സാണ്ടർ C/o വി. അലക്സാണ്ടർ. സ്പെഷ്യൽ ഇഞ്ചിനീയർ, ചെങ്കൽ ഡാം സൈറ്റ്, ചിത്തിരപുരം. (ഫോട്ടോശേഖരണം)
1687 ടി. എൻ. രങ്കനാഥൻ, കോട്ടിൽവീട്, ചിറയിൻകീഴ്. (ചെറുകഥ)
1688 ജെ. സുമതി, ഫോം III എം. റ്റി. ഇ. എച്ച്. സ്കൂൾ, കൊട്ടാരക്കര.
1689 സി. സതുശീലൻ, ഫോം V C. ഡിവിഷൻ, ശവമ്മൻസ് ഇംഗ്ലീഷ്ഹൈസ്കൂൾ, കൊല്ലം. (ചെറുകഥ)
1690 എൻ. സി. പോൾക്കി, ഫോം VI B ഡിവിഷൻ, എൻ. എസ്. എസ്. ഇംഗ്ലീഷ്ഹൈസ്കൂൾ, പ്രാക്കുളം. (ചെറുകഥ)
1691 വി. ബാലചന്ദ്രൻപിള്ള II C. എൻ. എസ്. എസ്. ഇ. എച്ച്. സ്കൂൾ, മാന്നാർ. (ചെറുകഥ)
1692 ജയദേവൻ, ടി ടി (ടി)
1693 എൻ. പ്രസന്നകുമാർ ടി ടി (ടി)
1694 ഡി. സുകുമാരക്കുറുപ്പ്, ടി ടി (ടി)
1595 എസ്. മണി, കായ്യൂരത്തെക്കതിൽ, പള്ളിത്തോട്ടം, കൊല്ലം, (ചെറുകഥ)

(തുടരും)

ടെ രാപ്പകലിനെ പേടി നമ്മുടെ ഏവരുടെയും മനസ്സിൽ എന്നത്തേയ്ക്കുമായി പതിഞ്ഞിരിക്കട്ടെ!!

നമസ്തേ!

കെ. ലക്ഷ്മണൻപിള്ള,
അരൂർ, അ: ന: 1379.

★

'വൃദ്ധനും പുത്രന്മാരും'

ഒരിക്കൽ വൃദ്ധനായ ഒരു കൃഷിക്കാരൻ അയാളുടെ രണ്ടു പുത്രന്മാരെ മൊരുമിച്ചു താമസിക്കുകയായിരുന്നു. അങ്ങനെയിരിക്കെ ഒരുദിവസം അയാൾ തന്റെ പുത്രന്മാരെ അരികിൽ വിളിച്ചു് ഇപ്രകാരം പറഞ്ഞു: "എന്റെ കുട്ടികളെ...ഞാൻ വാർധക്യം കൊണ്ടുള്ള സുഖക്കേടിനാൽ താമസിയാതെതന്നെ മരിച്ചുപോകും. എനിക്കു് ധാരാളം പറമ്പുകളും ഉണ്ടു് അവ നിങ്ങൾക്കുള്ളതാണു്. എന്റെ സ്വത്തുമുഴുവൻ ഞാൻ പറമ്പിൽ എവിടേയോ കുഴിച്ചിട്ടിട്ടുണ്ടു്" അല്പസമയത്തിനുള്ളിൽ അയാൾ പരലോകംപ്രാപിച്ചു. പുത്രന്മാർ പിതാവിന്റെ ആജ്ഞപ്രകാരം പറമ്പു കിളച്ചുതുടങ്ങി. എന്നാൽ അവരുടെ ആശ തകർന്നുപോയി. എത്ര കിളച്ചിട്ടും നിധി കണ്ടില്ല. അവർ വിചാരിച്ചു പിതാവു പറഞ്ഞതിന്റെ സാരം ഇതാണു്. നിധിക്കല്ല അദ്ദേഹം ഉപദേശിച്ചതു്. പറമ്പു കിളച്ചു് അവിടെ കൃഷിനടത്താനായിരുന്നു. അവർക്കു് അപ്പോഴാണു ബുദ്ധിതോന്നിയതു്. അവർ കൃഷിചെയ്തു ധാരാളം ധനം സമ്പാദിച്ചു് സുഖമായി താമസിച്ചു.

അങ്ങനെ അവർക്കു് നിധി കിട്ടി!

കുമാരിരാധ
നമ്പർ 555

—o—

എ. ആർ. രാജരാജവർമ്മ

ഒരു ജീവചരിത്രം

ഒന്നാംഭാഗം

★

ഗ്രന്ഥകർത്താക്കൾ,
എം. ഭാഗീരഥിഅമ്മത്തമ്പുരാൻ,
റിട്ടയർഡ് പ്രൊഫസർ, എം. രാഘവവർമ്മരാജാ, എം. എ.

വില രൂ 1 അ. 12.

ഏഴുത്തച്ഛനുശേഷം മലയാളത്തിനു് മഹോപകാരംചെയ്ത മഹാപുരുഷൻ എ. ആർ. തിരുമേനി എന്നു വിശ്വസിക്കുന്നവരായി ചിലരെങ്കിലും ഇന്നുണ്ടായിരിക്കും. തമ്പുരാൻ സഹിത്യം എന്നും, തമ്പുരിസഹിത്യം എന്നും ഒക്കെയുള്ള അന്തസ്സാര വിഹീനവും അന്ധകാരജടിലവുമായ സങ്കുചിതബോധത്തിന്റെ അന്തരത്തിൽ കുടികൊള്ളുന്ന ആധുനികനെ പുരാണമിത്യേവ ന സാധു സർവ്വം, എന്നുപദേശിക്കാൻ പുറപ്പെട്ടന്നതുതന്നെ വിഡ്ഢിത്തം. ഭാഗ്യവശാൽ ഇന്നു കൃതജ്ഞതാഭിജ്ഞതയുള്ള കൃതിപുരുഷർ മലയാളത്തിൽ ശേഷിക്കുന്നുണ്ടു്. നായകാരാധനയുടെ പാരമ്പര്യമഹിമാവു് നമ്മിൽനിന്നു് അന്യംനശിച്ചിട്ടില്ലെന്നു നാം അഭിമാനിക്കാറുണ്ടു്. ഷേക്സ്പിയറേയോ മിൽട്ടനേയോ ജോൺസനേയോ അവഗണിക്കുന്നതിലല്ല ആരാധിക്കുന്നതിലാണു് പാശ്ചാത്യനാഗരികത പരമൽസ്കൃപവഹിക്കുന്നതു്. ആ പ്രവണതയുടെ സന്നിധിയിൽ നിന്നുദാസീനമായ കേരളീയമനഃസ്ഥിതി ലജ്ജിച്ചുപോകാതെ തരമില്ല. കുറച്ചു കാലത്തിനുമുമ്പു് സ്വരേകദിനാഘോഷക്ഷുഭം കേരളക്കരയിൽ കുതികൊണ്ടുവെങ്കിലും അതു് കാകവന്ധ്യാതപം അവലംബിക്കയാണല്ലോ ഉണ്ടായതു്. സ്വരേകകഥ അങ്ങനെ. നമ്മുടെ സംഹിത്യകാരന്മാരുടെ ജീവചരിത്രഗ്രന്ഥങ്ങളുണ്ടെങ്കിൽ ചിലതു് "സങ്കീർത്തനപുസ്തകങ്ങളല്ലാതെ സത്യപുരുഷശങ്കളായിട്ടുള്ളവ വളരെ ചുരുക്കം. ജീവിതസരണിയിലെ മലർവാടികളെയല്ലാതെ മലിനസമവശങ്ങളെ സ്പർശിക്കുന്നതുകൊണ്ടെന്തോരുവിശേഷം. വിശേഷമില്ലെന്നതന്നെയല്ല, ആ നിഴൽവിഴ്ചയിൽ ചിലരെങ്കിലും അഭയംതേടിയെന്നു വരുമോ എന്നു് തുടൻചോദിച്ചേക്കാം. ജീവചരിത്രത്തിന്റെ സമഗ്രതയ്ക്കു് സമൂർണ്ണതയ്ക്കു്, ജീവചരിത്രകാരന്റെ ആത്മർത്ഥതയ്ക്കു് അയാളും കേവലം ശ്രദ്ധാഗ്രഹിയായിമാത്രം തീരാൻ പാടുള്ളതല്ല. കഥാപുരുഷനായ എ. ആർ. രാജരാജവർമ്മയുടെ കാര്യത്തിൽ മലയാളക്കര അതിന്റെ കൃതജ്ഞതാമുദ്രയെ ഇതിനുമുൻപുതന്നെ ഭേദിച്ചിട്ടുണ്ടെന്നു നമുക്കഭിമാനിക്കാം. മഹാകവി കുമാരനാശാന്റെ പ്രൗഢാംഭീരമായ പ്രരോദനമാണു് അതിൽ പ്രഥമത സ്മരിക്കേണ്ടതുള്ളതു്.

ശ്രീ: എം. രാജരാജവർമ്മയുടെ "A Tribute to a great soul" എന്ന ഗ്രന്ഥവും, ശ്രീ: പി അനന്തൻപിള്ളയുടെ കേരളപാണിനിയും ഈ അവസരത്തിൽ സുസ്മരണീയങ്ങളാണു്. എന്നാൽ സുശ്ലോകപുരുഷന്റെ സമൂർണ്ണമായ ഒരു ജീവചരിത്രം മലയാളത്തിൽ ഇതേവരെ ഉണ്ടായിട്ടില്ലെന്ന ഖേദപൂർവ്വം സമ്മതിക്കാതെ തരമില്ല. ആ കുറവിനെ പരിഹരിക്കാനുള്ള പരിശ്രമത്തിന്റെ ആദ്യഭാഗമാണു നമുക്കിപ്പോൾ കൈവന്നിരിക്കുന്നതു്. തിരുമേനിയുടെ സീമന്തപുത്രിയും പ്രസിദ്ധഗ്രന്ഥകർത്രിയും ആയ ശ്രീമതി ഭാഗീരഥിഅമ്മത്തമ്പുരാനും സർക്കാരുദ്യോഗത്തിൽനിന്നു വിശ്രമിക്കുന്ന അദ്ദേഹത്തിന്റെ പ്രിയപുത്രനും കൂടി സപാദിതമായിട്ടുള്ള ഈ ജീവചരിത്രം ഇല്ലെന്നുള്ള ന്യൂനതയെ പരിഹരിക്കയ്ക്കുന്നു ഈ ഗ്രന്ഥംകൊണ്ടു സാധിക്കുന്നതു്. ലോകചരിത്രത്തിൽ ഈ വിധം ജന്മകൃത്യം സാധിച്ചിട്ടുള്ള സംഭവങ്ങളും ദുർല്ലഭമാണെന്നുവേണം പറയുവാൻ. പിതാവിനെ സംബന്ധിച്ചു് അദ്ദേഹത്തിന്റെ വാത്സല്യസന്താനങ്ങൾക്കുള്ള സ്നേഹാദരഭരിതരായിരിക്കുന്നതു മാത്രമുള്ളൂ എന്ന അപവാദം ഉണ്ടായിക്കൂടാതെന്നില്ല. തമ്പുരാന്റെ ഉത്ഭവം മുതൽ ഉദ്യോഗലബ്ധിവരെയുള്ള ഈ ജീവചരിത്രഭാഗം വിഷമദർശനത്തിനു വിധേയമാകുന്നില്ല. തിരുമേനിയുടെ ഡയറിക്കുറിപ്പുകളെ അനുക്രമം സമാഹരിച്ചു് ഒരു ആത്മകഥാകഥനമാത്രമായിട്ടാണു് ഇതിനെ പോക്കു്. മഹാരാജപ്രീതിക്കു പലപ്പോഴും പാത്രീഭവിച്ചിട്ടുള്ള ദേഹവും മഹാരാജ്ഞിയെ ഇഷ്ടപ്രണേശ്വരിയാക്കിവരിച്ച കേരളചക്രവർത്തിയുടെ പ്രിയഭാഗിനേയനും, പ്രശിഷ്യനുമായ എ. ആർ. ക്ഷത്രിയകുലത്തിലെ ആദ്യത്തെ ബാരിസ്റ്റർ 75 രൂപാ മാസപ്പടിയുള്ള ഒരുദ്യോഗത്തിനു ശ്രമിക്കേണ്ടിവന്നതും ആ ഉദ്യോഗത്തിലിരുന്നു നിരാശയുടെ നിശിതപാതം സഹിക്കേണ്ടതുമായ വൃത്താന്തം, മഹായസ്കരനും മനുഷ്യനുമെങ്കിലുമായിട്ടില്ലാത്തു എന്ന വിവേകബുദ്ധിയിലൂടെയാണു് എത്തിച്ചേർക്കുന്നതു്. ചരിത്രനായകന്റെബാല്യകാലകൃതികളെ സംബന്ധിച്ചു സമുക്കായ ഒരു പഠനം ഇതിൽ കാണാം. രാജാരാജവർമ്മനാരുടെ പ്രണയപ്രതീകമായ വിടവിഭവരിയിലെ സായങ്കാലപ്രകൃതിയെ ചിത്രീകരിക്കുന്ന ആ മനോഹരപദ്യങ്ങളുടെ അന്തർഗ്ഗൂഢാർത്ഥം അനവദ്യപ്രചകനം അനുഭവപ്പെടുത്തിക്കൊടുക്കുന്നതിൽ ഗ്രന്ഥകർത്രി കവിനവും ശാലിനവുമായ നിലവലം ചിച്ചിട്ടുണ്ടെന്നു് അഭിമാനപൂർവ്വം തന്നെ പറയാം. ഈ ഗ്രന്ഥത്തിന്റെ അനന്തരഭാഗങ്ങൾകൂടി അചിരേണ പ്രസാധനംചെയ്യുകാണ്മാൻ അഭിജ്ഞലോകം അഭിനിവേശപ്പെടാതിരിക്കയില്ല.

★

ഊമപ്പെണ്ണ്

★

ഗ്രന്ഥകർത്രി
വി. സരസ്വതി

മംഗളോദയം ലിമിറ്റഡ്
തൃശ്ശിവപേരൂർ
വി: ഗ്രു-1-ണ-4

കോഴിക്കോട്ടുനിന്നും 18 നാഴിക അകലെ കിഴക്കുഭാഗത്തു സ്ഥിതിചെയ്യുന്ന ഒരു കുഗ്രാമത്തിൽ പ്രൈവറ്റ പ്രാക്ടീഷണറായി എത്തുന്ന നന്ദൻ, അവിടത്തുകാരിയായ ഒരു ഗ്രാമീണകന്യകയെ അപ്രതീക്ഷിതമായി കണ്ടെത്തുന്നു. നഗരീകാംഗനാരസികനായ നന്ദനു ആ കുഗ്രാമജന്തുവിൽ ഒരഭിനിവേശം ജനിക്കുന്നു. അതിനു ഗ്രന്ഥകർത്രി കല്പിക്കുന്ന ഹേതുകാണ്ഡമോളനാഗരാനം ദേവതയവളല്ലോ എന്നു തോന്നിപ്പോകുന്ന അവളുടെ അംശലാവണ്യമാണു്. നാഗരികാംഗനാനം നൽപരിഷ്കാരിക്കുരാഗമുണ്ടാകുമോ കുഗ്രാമനാരിയിൽ എന്നു സന്ദേഹിക്കുന്ന വാസിഷ്ഠകാരനോടു് അങ്ങനെ ഉണ്ടായി എന്നു കാഥിക അനുഭവപ്പെടുത്തുന്നു. ചക്ഷുർഭാഗ്യത്താൽ ശരീരവാഗാഹമായ ഈ പ്രീതിമനസ്സംഗം എന്ന വ്യവസ്ഥിതി പ്പെടുത്തിയിട്ടുള്ള സുരഭേശകളെ സമരസപ്പെടുത്തുന്നതിൽ ഗ്രന്ഥകർത്രി വിജയം വരിച്ചിട്ടുണ്ടു്. ആ കന്യകപ്രതിനായകയെന്നും അതിനും പുറമേ അപ്രിയം വെറും ഉന്മയനെന്നും അറിഞ്ഞിട്ടും നമ്മുടെ ഡാക്ടർ നന്ദനെ കഥാന്ത്യം വിടാൻ ഭാവമില്ല. ശൈത്യസംയോഗത്തിനുശേഷം ഗ്രീഷ്മം എന്നപോലെ ക്രിയാന്തരസന്താപം ഗ്രന്ഥകർത്രിയുടെ ഹൃദയത്തിപ്പോന്ന മന്മഥന്റെ വാചോമയോചരചാതുരിയിലവിച്ചിത്രങ്ങളാക്കി ഇന്നും വിരാമമിട്ടിട്ടില്ലെന്ന വെളിപ്പെടുത്തുന്നവിധം ഡാക്ടർ നന്ദനെക്കൊണ്ടു തോട്ടിൽ പുല്ലു കഴുകിക്കുകയും പുല്ലുകെട്ടുകളെക്കൊണ്ടുക്കുകയും കാര്യമാത്രം ചെയ്യിക്കുന്നു. ഡാക്ടറുടെ വീട്ടുകാർ ഈ ശോഷിച്ചകോലംകെട്ട അയലക്കാരുടെ മറ്റൊരാളത്തിയെ വിവാഹം ചെയ്യിക്കുന്നു. ഊമപ്പെണ്ണിന്റെ മുറപ്പെണ്ണായ ഡാക്ടറുടെ ശല്യം സഹിയാതെ അവളെ മറ്റൊരു സ്ഥലത്തേയ്ക്കു മാറ്റുന്നു. അവിടെനിന്നു ഒളിച്ചോടി കുറേപകടത്തിൽപ്പെട്ട ആസ്ത്രിയിലും അവിടെനിന്നു ബുദ്ധിഭ്രമം ബാധിച്ചു ഭ്രാന്തിസ്ത്രീയെയുമാക്കുന്നു. ഡാക്ടർ നന്ദനെ വീണ്ടും കാണുന്നതോടുകൂടി അവളുടെ ദുഃഖക്കേട്ടു ശാന്തമാകുകയും അദ്ദേഹം അവളെ പ്രത്യേകവസതിയിലേക്കു മാറ്റുകയും ചെയ്യുന്നു. ഡാക്ടറുടെ ഭാര്യയും ഊമപ്പെണ്ണിന്റെ മറ്റൊരു കാമുകനായ സുരേന്ദ്രനുംകൂടിയുള്ള ഉപജാപഫലമായി അവളെ സ്വന്തത്തിൽ അപഹരിക്കയും അങ്ങനെ ശോകപര്യവസായികമായ നിലയിൽ കഥാവശേഷയാക്കുകയുമാണു്. ഒട്ടൊക്കെ അസംഭാവ്യവും അസാധാരണവികവും കഥാഘടനയിൽ മുഴച്ചുകാണാമെങ്കിലും വായനക്കാരെ ഇതു മുഷിപ്പിക്കയില്ലെന്നു തീർത്തുപറയാം. പ്രേമമാണു ഇതിന്റെ പശ്ചാത്തലമെങ്കിലും ഇന്നത്തെ ഓടസാഹിത്യത്തിന്റെ ദുസ്സഹതയൊന്നും ഇതിൽനിന്നു ബഹിർഗമിക്കുന്നില്ല.

★

ബാലസാഹിത്യം നമ്പർ 12.

ഫൗണ്ടൻപേന

★

ഗ്രന്ഥകർത്താ,
ആർ. മാധവപ്പൈ,
ശ്രീനരസിംഹവിലാസം
ബുക്ക്ഡിപ്പോ, തഞ്ചാവൂർ.

വില അണ 4.

കഥകേൾക്കുന്നതിൽ കൊച്ചുകുട്ടികൾക്കുള്ള ഉത്സാഹം പറഞ്ഞറിയിക്കാവതല്ല. കുട്ടികളുടെ സ്വഭാവരൂപവൽകരണത്തിനു ഈ ഉത്സാഹത്തെ സദുദ്ദിനിയോഗം ചെയ്കയും വേണ്ടതു്. മലയാളക്കരയിൽ നിർഭാഗ്യത്താൽ ശരീരവാഗാഹമായ ഈ ചുമതല മുത്തശ്ശികളുടെ കടംകഥയ്ക്കു

വിട്ടുകൊടുത്തിരിക്കയാണു്. വിദ്യാസമ്പന്നന്മാർപോലും, അത്തരം യക്ഷികഥകളും ബാലമനസ്സുകളിൽ മാറാപ്പേടിയുളവാക്കിയിട്ടുള്ള സംഭവങ്ങളുണ്ടു്. എന്തായാലും അത്തരം കാലത്തു ഈ നല്ലകാര്യത്തെപ്പറ്റി പലരും ഗൗരവമായി ചിന്തിക്കാൻ തുടങ്ങിയിട്ടുണ്ടു്. അതിൽനിന്നു പല സൽഫലങ്ങളും അനുഭവപ്പെടുകയുമായിട്ടുണ്ടു്. ബാലസാഹിത്യം നമ്മുടെ പാഠ്യപദ്ധതിയിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഫൗണ്ടൻപേന കുറച്ചുകുട്ടികളെ ഉദ്ദേശിച്ചു എഴുതപ്പെട്ട 5 കഥകളും ഉൾക്കൊള്ളുന്നു. ഇന്ത്യൻ പ്രധാനമന്ത്രിയായിരിക്കുന്ന പണ്ഡിറ്റ് ജവഹർലാലിന്റെ ശൈശവത്തിൽ ഒരു ഫൗണ്ടൻപേന ഉണ്ടാക്കിയ ശ്രമം ഇന്ത്യാ ലോകപ്രസിദ്ധനേടിക്കഴിഞ്ഞിട്ടുണ്ടു്. അതുപോലെ മഹാത്മാഗാന്ധിയുടെ ജീവചരിത്രസ്പർശമായിട്ടുള്ളതാണു് രണ്ടു കഥകളും. അമേരിക്കൻ പ്രസിഡന്റായിരുന്ന എബ്രഹാംലിങ്കന്റെ ബാല്യജീവിതത്തിലെ ഒരദ്ധ്യായം വിവരിക്കയാണു് ഇതിലെ മറ്റൊരുകഥ. നരിപിടിയൻ, നമ്മുടെ നാട്ടിലെ ഒരുകഥയാണു്. സത്യാചരണം കൃതനിഷ്ഠ, വിപദിധൈര്യം ഭൂതദയ തുടങ്ങിയ മാനുഷികഗുണങ്ങൾക്കു യുവഹൃദയങ്ങളിൽ പ്രചോദനവും പ്രവേശനവും അനുഭവത്തക്കവണ്ണം ഈ കഥകളുടെ പ്രതിപാദനം പ്രസന്നലളിതവുമാണു്. — സി. എം. പി.

★



കൊറിയായിലേയ്ക്കു പുറപ്പെട്ടിരിക്കുന്ന 3000 ഇൻഡ്യൻഭടന്മാർ മദ്രാസിൽനിന്നു കപ്പൽ കയറിയിരിക്കുന്നു.

കൈപ്പുറവി

ശ്രീനരസിംഹവിലാസം ബുക്കുഡിപ്പോ തുറവൂർ വക പ്രസിദ്ധീകരണങ്ങൾ

ഒഴിഞ്ഞ കസേര (ചെറുകഥകൾ) — ഗ്രന്ഥകർത്താ എൻ. ഗോവിന്ദൻകുട്ടി, വില രൂപാ 1.

തടിച്ചുവേശ്യ — ഗ്രന്ഥകർത്താ മോപ്പസാങ്, വിവർത്തകൻ മാടമ്പിരി മാധവവാര്യർ, വില രൂപ 1.

അവളോവേശ്യ (നോവൽ) — ഗ്രന്ഥകർത്താ ബി. കെ. കായപ്പു, വില രൂ 1.

ചേച്ചിയുടെ ചികിത്സ (അഞ്ചു ഏകാങ്കനാടകങ്ങൾ) — ഗ്രന്ഥകർത്താ പുളിമുട്ടിൽ ശങ്കരനാരായണൻ ബി. എ., വില രൂ 1.

—o—

സംസ്കൃതഭാഷാ — ഗ്രന്ഥകർത്താക്കന്മാർ കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാട്ടു്. കവത്തേടത്തു കൃഷ്ണൻനമ്പൂതിരി, വില 12-ണ.

ആത്മരാമം — ഗ്രന്ഥകർത്താ ചേർത്തല രാഘവൻപിള്ള ബി. എ. ബി. എൽ., വില രൂപ 1.

കേരളഭാഷാവിജ്ഞാനീയം (ഒന്നാംഭാഗം) — ഗ്രന്ഥകർത്താ കെ. ഡാക്ടർ ഗോദവർമ്മ എം. എ. പി. എച്ചു്. ഡി, തിരുവിതാംകൂർ യൂണിവേഴ്സിറ്റി പ്രസിദ്ധീകരണം. വി: രൂ: 3 ണ. 8

ജൂലിയസ് സീസർ (ഷേക്സ്പീയർ) — ഒരു വിപ്ലവശബ്ദനാടകം, വിവർത്തകൻ ഡാക്ടർ പി. എസ്. നായർ, ചേർത്തല. പ്രകാശകൻ: കെ. നാരായണൻ, വിദ്യാരംഭപ്രസ്സു് & ബുക്കുഡിപ്പോ ആലപ്പുഴ. വില രൂപ 1 ണ. 8

പട്ടിണിപ്പാവങ്ങൾ — ഗ്രന്ഥകർത്താ എൻ. ശങ്കർ, പ്രസാധകൻ: എൻ. കേശവപിള്ള, വില രൂപ 1.

വെറുംപെണ്ണു് — കെ. യു. അബ്ദുൾഖാദർ, ബി. കെ. എം. പ്രസിദ്ധീകരണം. വില രൂപ 1 ണ. 4

ഞങ്ങളുവിതയ്ക്കും ഞങ്ങളുകൊയ്യും — ഗ്രന്ഥകർത്താ ആയൂർ കൃഷ്ണൻ. വില രൂപ 1.

ജീവിക്കാൻകൊതിച്ചുപെണ്ണു്, ഗ്രന്ഥകർത്താ ആലപ്പുഴ ടി. എം. വർഗ്ഗീസ്, പ്രസാധകർ കേരളാ ബുക്സ്റ്റാൾ ആലപ്പുഴ. വി: 8-ണ.

മൂന്നുഹൃദ്കർമ്മം — ഗ്രന്ഥകർത്താ കിഷൻചന്ദർ, വിവർത്തകൻ രവിവർമ്മ, പ്രസാധകർ ഭാരത് സ്റ്റോഴ്സ് ബുക്സെല്ലേഴ്സ് ആൻഡ് പബ്ലിഷേഴ്സ് എറണാകുളം. വില രൂ: 1 ണ. 4

ജയിച്ചുവരും — ഗ്രന്ഥകർത്താ എ. കെ. ബാലകൃഷ്ണപിള്ള, പ്രസാധകർ പി. സി. ബുക്കാഫസ് തിരുവനന്തപുരം. വില രൂപ 1.

നീറുന്നകർമ്മം — ഗ്രന്ഥകർത്താ പോൾ കഴിവേലി, പ്രസാധകർ വീനസ് ബുക്കുഡിപ്പോ ആൻഡ് സക്സലോറിംഗ് ലൈബ്രറി, 10. ബെഡ്ഫോർഡ് ലയിൻ കല്ക്കത്ത 16. വി: 12-ണ.

അദ്ധ്യാത്മരാമായണം സുന്ദരകാണ്ഡം (കിളിപ്പാട്ടു്) — വ്യാഖ്യാതാ തുക്കൊടിത്താനം ഗോപിനാഥൻനായർ ബി. എ., പ്രസാധകർ എസ്. എച്ചു്. ബുക്കുഡിപ്പോ ചങ്ങനാശ്ശേരി. വില രൂപ 1 ണ. 8

വിനോബയുടെ സന്ദേശം — ഗ്രന്ഥകർത്താ സുരേശ് രാമഭദ്രൻ, പ്രസാധകർ കേരളോദ്ഗമനയാത്രാസമിതി, തൃശ്ശിവപേരൂർ. വില 3-ണ.

★

റബ്ബർമുദ്രകൾ

വിവിധ ഡിസൈനുകളിലുള്ള റബ്ബർമുദ്രകൾ
വളരെക്കാലം ഉപയോഗിക്കത്തക്കവിധം
ഉറപ്പായും ഭംഗിയായും മിതമായ ചാർജ്ജിൽ
ഇവിടെ തയ്യാറാക്കുന്നതാണു്.

മാനേജർ, ശ്രീരാമവിലാസംപ്രസ്സു്, കൊല്ലം.



ലോകവൃത്താന്തഗതി

തിരു-കൊച്ചി നിയമസഭയിൽ മുഖ്യമന്ത്രി ശ്രീ: ഏ. ജെ. ജോൺ അവതരിപ്പിച്ച വിശ്വാസപ്രമേയം സെപ്തംബർ 23-നും 24-നും ബുധനാഴ്ച സഭ ചർച്ചയ്ക്കെടുക്കുകയും വൈകുന്നേരം നടന്ന വോട്ടെടുപ്പിൽ 51-പേർ അനുകൂലിച്ചും 56 പേർ പ്രതികൂലിച്ചും വോട്ടു ചെയ്കയാൽ വിശ്വാസപ്രമേയം പരാജയപ്പെടുകയുണ്ടായി. ഒരംഗം നിഷ്പക്ഷത അവലംബിച്ചു. ആകെ 109 അംഗങ്ങളാണ് നിയമസഭയിലുള്ളത്. 9 പേരടങ്ങിയ തമിഴ്നാട്ടുകാൺഗ്രസ്സ് അംഗങ്ങളും പ്രതിപക്ഷത്തിന്റെ കൂടെനിന്നു ഗവൺമെൻറിനെതിരായി വോട്ടുചെയ്കയുണ്ടായി. തൽനിമിത്തം നിലവിലിരിക്കുന്ന കൺഗ്രസ് ഗവൺമെൻറ് പരാജയപ്പെട്ടിരിക്കുന്നു.

ഇതേത്തുടർന്ന് ചീഫ് മിനിസ്റ്റർ ജോൺ ശുപാർശചെയ്തതനുസരിച്ച് രാജപ്രമുഖൻ തിരു-കൊച്ചി നിയമസഭ പിരിച്ചുവിട്ടുകൊണ്ട് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരിക്കുന്നു. പുതിയ തിരഞ്ഞെടുപ്പ് ഏതുവും വേഗത്തിൽ നടത്തുവാൻ കേന്ദ്രഗവർമെൻറും സഹകരിക്കുന്നതായി അറിയുന്നു.

* * *

ഐക്യരാഷ്ട്രസംഘടനയിൽ അംഗസംഖ്യ കൊറിയൻ രാജ്യത്തിന്റെ ഛേദനത്തെപ്പറ്റിയുള്ള വാദം പുനരാരംഭിക്കണമെന്ന റഷ്യൻ വാദം സ്റ്റിയറിംഗ് കമ്മിറ്റി നിരസിച്ചിരിക്കുന്നു. കൊറിയായിൽ യുദ്ധം ചെയ്യാത്തവരും നിഷ്പക്ഷമായി നിന്നവരുമായ രാജ്യങ്ങളെക്കൂടി സമ്മേളനത്തിൽ ഉൾപ്പെടുത്തുന്നതു ഉത്തമമായിരിക്കുമെന്നാണ് സോവിയറ്റ് ഡെലിഗേറ്റ് വാദിക്കുന്നതു്. എന്നാൽ സമരത്തിൽ പങ്കെടുത്തവരല്ലാതെ മറ്റാരും പാടില്ലെന്നതു് അമേരിക്കയുടെ ശാഠ്യവുമായിരിക്കുന്നു. സ്റ്റിയറിംഗ് കമ്മിറ്റി ഒടുവിൽ അമേരിക്കയുടെ നില അംഗീകരിക്കുകയുണ്ടായി. അജൻഡായിൽ ഭക്ഷിണഫ്രിക്കയും മൊറോക്കോയും ട്യൂണിഷ്യയും, ക്രമിൻറാങ്ങ് ഒളിപ്പോരാളികളും തമ്മിലുള്ള ബന്ധമുടെ പരാതിയും മറ്റും ഉൾപ്പെടുന്നു.

* * *

കൊറിയായിൽ തിരിച്ചുപോകാൻ സമ്മതമില്ലാത്ത യുദ്ധത്തടവുകാരെ ഇന്ത്യൻ കസ്റ്റഡിയൻസൈന്യം ഏറ്റെടുത്തുകൊണ്ടു് സ്വതന്ത്രമായി അവരെ സൂക്ഷിച്ചുവരുന്നു ഇന്ത്യൻ കമ്മീഷണറുടെ പേർ ശാന്തിനഗർ എന്നായിരുന്നതു് ഹിൻഡ്നഗർ എന്നു മാറ്റിയിരിക്കുന്നു. കമ്മ്യൂണിസ്റ്റ് തടവുകാർ നടത്തിയ പ്രകടനങ്ങൾ ഒഴിച്ചാൽ നില പൊതുവെ ശാന്തമാണ്. ഒരു ഉത്തരകൊറിയൻ വൈമാനികൻ റഷ്യൻനിർമ്മിത മിഗ് "മെറ്റർ" വിമാനം സഹിതം കൊണ്ടിക്കിയ സംഭവമാണ് മറ്റൊരു പ്രധാന സംഭവം. ഇങ്ങനെ ഒരു വിമാനം ആദ്യം കൊണ്ടിറക്കുന്ന ആളിന് ഒരു ലക്ഷം ഡോളർ അമേരിക്ക സംഭാവനചെയ്യുമെന്നുള്ള വാഗ്ദാനം പാലിക്കപ്പെടുമെന്നറിയുന്നു. ഉത്തരകൊറിയൻപൈലറ്റിന് അമേരിക്കയിൽ വിദ്യാഭ്യാസം നടത്തണമെന്നാണ് ആഗ്രഹം. റഷ്യൻവൈമാനികനും ചൈനീസ് വൈമാനികനും കൊറിയൻയുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ടെന്നാണ് ആ വൈമാനികൻ പറയുന്നതു്.

* * *

സോവിയറ്റ് യൂണിയനിൽ സംഭാഷണം നടത്തിയതിന്റെ ഫലമായി ഉണ്ടാക്കിയ റഷ്യ-ഉത്തരകൊറിയൻഉടമ്പടിയും, യു. എസ്-ദക്ഷിണകൊറിയൻ ഉടമ്പടിയെ ദുർബലമാക്കുവാനുള്ള നടപടിയാണ്. സോവിയറ്റ്യൂണിയനിൽ ജനറലിസ്സിമോ ബ്ദ്ളിക്കിലെ പ്രധാനമന്ത്രിയെ പിരിച്ചുവിടുകയും മറ്റൊരാളെ പുതിയ പ്രധാനമന്ത്രിയായി നിയമിക്കുകയും ചെയ്തതുമായ വാർത്തയും, ബെറിയയുടെ രക്ഷപ്പെടൽവാർത്തയുമായി ബന്ധമുണ്ടോ എന്നറിവില്ല. ബെറിയ റഷ്യയിൽനിന്നും രക്ഷപ്പെട്ടെന്നാണ് അമേരിക്കൻ ന്യൂസ് ഏജൻസി പറയുന്നതു്. എന്നാൽ ഈ വാർത്തയും സോവിയറ്റ്യൂണിയനിൽനിന്നും യാതൊരു സ്ഥിരീകരണവും ലഭിച്ചിട്ടില്ല.

* * *

ജർമ്മൻ ഏകീകരണവും ആസ്ത്രിയൻഏകീകരണവുമായും വെവ്വേറെ കാര്യവസ്തുതകളായി ശേഷിക്കുകയാണുണ്ടായതു്. വലിയ നല്ലുമാന്യതകൾ തമ്മിലുള്ള സംഭാഷണത്തെപ്പറ്റി പല നിർദ്ദേശങ്ങളും ഇനിയും ഉണ്ടായിട്ടുണ്ട്. എന്നാൽ ഇതുവരെ സ്വീകരിച്ച ഒരു നിർദ്ദേശവും ഇതുവരെ ഉണ്ടായിട്ടില്ല പശ്ചിമജർമ്മനിയിലെ തിരഞ്ഞെടുപ്പ് ഡോ: ആഡിനാവറിന്റെ യാഥാസ്ഥിതികകക്ഷിയുടെ ഭൂരിപക്ഷത്തിൽ കലാശിച്ചെന്നതു് ശരിയാണ്. പക്ഷേ പശ്ചിമജർമ്മനി ഇന്നു മൂന്നുവിദേശശക്തികളുടെ വക സൈന്യത്തിന്റെ അധിനിവേശത്തിലാണെന്നകൂടി ധരിക്കേണ്ടതാണു് ഈ 'മഹാവിജയ'ത്തിന്റെ രഹസ്യം മനസ്സിലാക്കുന്നതിനു്. ഡെന്മാർക്കിൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ ക്രിസ്ത്യൻഡെമോക്രാറ്റുകളും മറ്റുചേർന്നുള്ള സംയുക്ത ഗവൺമെൻറുകക്ഷി പരാജയപ്പെടുകയും സോഷ്യൽ ഡെമോക്രാറ്റു കക്ഷി വിജയിക്കുകയുംചെയ്തിരിക്കുന്നു. പാശ്ചാത്യശക്തികൾക്കു് ഡെന്മാർക്കിൽ വിമാനസങ്കേതവും മറ്റും അനുവദിക്കുന്നതിനെ സോഷ്യൽ ഡെമോക്രാറ്റുകൾ എതിർത്തിരുന്നു. ആകയാൽ സോഷ്യൽ ഡെമോക്രാറ്റുകളുടെ വിജയം പാശ്ചാത്യശക്തികൾക്കും പശ്ചിമയൂണിയനും ഒരു പരാജയമാണെന്നു കരുതേണ്ടിയിരിക്കുന്നു.

സോവിയറ്റ് ഭരണത്തെയും കമ്യൂണിസത്തെയും തകർക്കുവാനുള്ള അമേരിക്കൻമുതലാളിത്തത്തിന്റെ തന്ത്രങ്ങൾക്കു ശണ്ഠമായ പുരോഗതി ഉണ്ടായിട്ടുണ്ടെന്നു അമേരിക്കൻകേന്ദ്രങ്ങൾ അവകാശപ്പെടുന്നു. ചെക്കോസ്ലൊവേക്യ, ഹംഗറി, റഷ്യയിലെ ജനറിയൽ റിപ്പബ്ളിക്ക് എന്നിവിടങ്ങളിലെ കമ്മ്യൂണിസ്റ്റ് ഗ്രൂപ്പീകരണങ്ങൾ അതിനു ദൃഷ്ടാന്തങ്ങളാണെന്നു അവകാശപ്പെടുന്നു. ബെറിയ സോവിയറ്റുതടകങ്ങളിൽനിന്നു രക്ഷപ്പെട്ടുവെന്നാണ് ഇപ്പോഴത്തെ ഉൽഘോഷങ്ങൾ. ആ വർത്തയ്ക്കു റഷ്യയിൽനിന്നോ ബ്രിട്ടനിൽനിന്നോ സ്ഥിരീകരണമുണ്ടായിട്ടില്ല. ബെറിയ അമേരിക്കയിൽ അഭയം തേടുന്നതായി പറയുന്നു. അമേരിക്കൻ കേന്ദ്രങ്ങൾ മടിക്കുന്നില്ല. അതേ അവസരത്തിൽ അധികൃതകേന്ദ്രങ്ങൾ ബെറിയയുടെ രക്ഷപ്പെടൽ വാർത്തയെ പുച്ഛിക്കുകയും ചെയ്യുന്നുണ്ട്.

മദ്ധ്യപൂർവദേശത്തു് ഈജിപ്തിൽ ബ്രിട്ടനും ഈജിപ്തും തമ്മിൽ നടന്നുവന്ന സംഭാഷണങ്ങൾ ഒരു തീപ്പെട്ടെന്നുമെന്നുണ്ടായിരുന്ന പ്രത്യാശകൾ വീണ്ടും മങ്ങിനിൽക്കുന്നു. ബ്രിട്ടന്റെ പുതിയ നിർദ്ദേശം ഈജിപ്തിനു സ്വീകാര്യമല്ലെന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. നജീബിന്റെ ഭരണത്തിനെതിരായി ഗൂഢാലോചന നടത്തിയതായി സംശയിക്കപ്പെടുന്ന ഒട്ടനവധിപേരെ അറസ്റ്റുചെയ്തിരിക്കുന്നു. അവരെ രാജ്യദ്രോഹക്കുറ്റത്തിനു വിചാരണചെയ്യുന്നതാണ്. ഈജിപ്തിൽ ഇനിയും സ്ഥിതിഗതികൾ ഭദ്രമായ ഒരു നിലയിലെത്തിയിട്ടില്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ഇറാനിലും പ്രകടനങ്ങളും അറസ്റ്റുകളും തുടർന്നുവരുന്നു. പുതിയ ഗവൺമെൻറിന്റെ മർദ്ദനനടപടികൾക്കു കൂടുതലായും ഇരയാകുന്നതു് മൊസാദിക്ക് പക്ഷക്കാരും കമ്മ്യൂണിസ്റ്റ് കക്ഷിയായ ടൂദാ പാർട്ടിയുമാണ്. മൊസാദിക്കിന്റെ പക്ഷക്കാരായ കാഷ്ഗായി വർഗ്ഗക്കാർ മൊസാദിക്കിന്റെ മോചനം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. മൊസാദിക്കിനെ പുതിയ ഗവൺമെൻറ് തൂക്കിലിട്ടുമെന്നാണ് വാർത്ത.

ദക്ഷിണാഫ്രിക്കയിൽ ഡോ: മലാന്റെ വർഗ്ഗവിവേചനനടപടികൾക്കു് അവിടത്തെ പാർലമെൻറിൽ അംഗീകാരം ലഭിക്കാത്തതിനെ തുടർന്നു മലാൻ ചില പുതിയ സംരംഭങ്ങളും ആരംഭിച്ചിരിക്കുന്നു. ദക്ഷിണാഫ്രിക്കൻ കോടതിനിയമം ഭേദഗതിചെയ്യാൻ അദ്ദേഹം ശ്രമം നടത്തിവരികയാണ്. ഡർബനിൽ ഇന്ത്യൻവിരുദ്ധ കലാപം നടക്കുകയുണ്ടായി. കീനിയയിൽ മൗമൗ സംഘടനയെ നശിപ്പിക്കുന്ന ജോലിയിൽ കീനിയാഗവൺമെൻറ് വ്യാപൃതമായിരിക്കുന്നു. മഡഗാസ്കറിൽ ഫെഡറേഷനെതിരായുള്ള പ്രക്ഷോഭണം തുടരുന്നു.

* * *

ഇന്ത്യൻ പാർലമെൻറിൽ ആന്ധ്രാസ്റ്റേറ്റ്ബിൽ പാസ്സായതോടെ ആന്ധ്രാ നിയമമായിത്തീർന്നിരിക്കുന്നു. ഒക്ടോബർ 1-ന് പ്രധാനമന്ത്രി നെഹ്റു പുതിയ ആന്ധ്രാസ്റ്റേറ്റ് ഉൽഘാടനം ചെയ്യുന്നതാണ്. ആന്ധ്രായിലെ ആദ്യമന്ത്രിസഭ ശ്രീ: ടി. പ്രകാശംതന്നെ രൂപീകരിക്കുമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എല്ലാകക്ഷികളും ഏതായാലും പ്രക്ഷുബ്ധത്തിന്റെ നേതൃത്വമാണാവശ്യപ്പെട്ടിരിക്കുന്നതു്. ഇതെഴുതുന്ന സമയംവരെ (സെപ്തംബർ 23 പ്രകാശം അനുസംബന്ധിച്ചു് ഖണ്ഡിതമായ തീരുമാനമൊന്നും ചെയ്തിട്ടില്ല.

* * *

സിലോണിൽ പ്രധാനമന്ത്രി ഡഡ്ലി സേനനായകെ രാജിയുമെന്നുള്ളതിനു സകല സൂചനകളുമുണ്ട്. ആഗസ്തിൽ നടന്ന വൽപിച്ചുഭൂരിപക്ഷത്തിൽ മന്ത്രിസഭയിൽ ജനങ്ങൾക്കുള്ള വിശ്വാസം നശിച്ചതിന്റെ തെളിവാണെന്നു പറയേണ്ടിയിരിക്കുന്നു. സേനനായകെ രാജിവച്ചാൽ പ്രധാനമന്ത്രിപദത്തിനുവേണ്ടി മുന്നോട്ടുവരുന്നതു് മത്സരിക്കുമെന്നാണ് റിപ്പോർട്ട്. നിപ്പോളിൽ പ്രധാന രാഷ്ട്രീയകക്ഷികളെല്ലാം യോജിക്കുമെന്നു കാണപ്പെടുന്നു. ബർമ്മയിലെ ക്രമിൻറാങ്ങ് സേന പിൻമാറാൻ വിസമ്മതിച്ചതിനെത്തുടർന്നു് ബർമ്മാഗവൺമെൻറ് ജനറൽ അസംബ്ലിയിൽ പരാതി സമർപ്പിച്ചിരിക്കുന്നു. ഇൽഡോനേഷ്യൻ ഗവൺമെൻറ് ഉത്തരസുമാത്രയിലെ ക്ഷോഭിച്ചിളകുന്ന തകർത്തിരിക്കുന്നുമായി അറിയുന്നു. ചൈനയിൽ പല സുപ്രധാനമന്ത്രിമാരെയും ഭരണവകുപ്പിലെ മേധാവികളേയും പിരിച്ചുവിട്ടു് പുതിയ ആളുകളെ നിയമിച്ചിരിക്കുന്നു.

* * *

ടിയോംഗാറിൽ വിനോബാജിയെ ക്ഷേത്രപ്രവേശനപരത്തിൽവച്ചു് കയ്യേറ്റം ചെയ്തിരിക്കുന്നു.



(2-ംപേജിൽനിന്ന് തുടർച്ച)

അപ്പുവും വസ്ത്രംവാങ്ങുവാൻ ചെന്ന കടയിൽത്തന്നെ അപ്പുവിന്റെ മരണവും മകനെ തുണിയെടുക്കുന്നതിനു ചെല്ലുന്നുണ്ട്. മകൻ സംസാരിച്ചു കൊണ്ടുനിന്നിട്ടും അമ്മ മകന്റെ ശബ്ദംകേട്ടു തിരിച്ചറിയാതിരിക്കുന്നതു് ആശ്ചര്യകരമായിട്ടുണ്ട്. അവസാനരംഗത്തിൽ പരിഭവിച്ചുനില്ക്കുന്ന ഭാര്യയെ സാധീനപ്പെടുത്തുവാൻ അപ്പു "തരമേ തരുണവരു ട്രുവേ സഖി പോകയോ" എന്ന ആ പഴയ ഗാനം ആലപിക്കുന്നതു കേൾക്കുമ്പോൾ ആ ഗാനത്തിനു് എന്തെങ്കിലും അൽഭുതകരമായ മാന്ത്രികശക്തിയുണ്ടോ എന്നു് ആരും സംശയിച്ചുപോകും. കാളേജിലേക്കു പോകുന്ന വിദ്യാർത്ഥിനിയെ നോക്കി "തരമേ തരുണവരു" എന്ന ഗാനം ഏറ്റവും അനാകർഷകമായവിധം ആലപിക്കുമ്പോൾ അവർക്കു പ്രേമമുരിക്കുന്നതും വിചിത്രമായിട്ടുണ്ട്. മുതലാളിയെ കുത്തിക്കൊല്ലുന്നതിനുനില്ക്കുന്ന പാപ്പുവിന്റെ കയ്യിൽനിന്നു കത്തി പിടിച്ചുവാങ്ങിക്കുന്നതിനുവേണ്ടി ഒരു ഡസൻ പുരുഷന്മാർ നടത്തുന്ന വാചകകസർത്തുകളും വിക്രിയകളും മറ്റും പരിഹാസ്യമായിട്ടുണ്ട്. പാപ്പുവിനെ കൊല്ലുന്നതിനായി നിയോഗിക്കപ്പെട്ടവരെ അപ്പു അടിച്ചു നിലംപരിശാക്കുന്നതു് ഏറ്റവും ബാലിശമായ രീതിയിലാണ്. സെൻറിവില്പനയും ജിഗ്സിഡാൻസുമെല്ലാം ആവശ്യമില്ലാതെ കുത്തിത്തിരുകിയിരിക്കുകയാണ്. തമാശയുടെപേരിൽ കുട്ടൻ പാത്രത്തിൽനിന്നു കയ്യിട്ടുവാരി തിന്നുന്നതും മറ്റും പ്രദർശിപ്പിച്ചിട്ടുമുണ്ട്. അനാഥബാലകരോടു് "നിങ്ങളുടെ വെടക്കെനടക്കരുതു്.....പള്ളിക്കൂടത്തിൽ പോകണം.....ജീവിതം ഒരു യുദ്ധമാണ്..." എന്നും മറ്റും ചെയ്യുന്ന ടീർഘിച്ച ഒരു പ്രസംഗത്തിനു വലിയ പ്രസക്തിയൊന്നും കിട്ടിയിട്ടില്ല. തിക്കുറിശ്ശിക്കും കുറച്ചു വിപ്ലവം പ്രസംഗിക്കണമെന്നുണ്ട്. പക്ഷേ വിപ്ലവപ്രസംഗത്തിനു് ഒരുക്കിയ പശ്ചാത്തലങ്ങളും അവയ്ക്കു് അനുയോജ്യങ്ങളായിട്ടില്ല. കാമുകൻ കാമുകിയോടു് "ചന്ദ്രകല അരിവാളു്" പോലെ ഇരിക്കുന്നു എന്നു പ്രസംഗിക്കുന്നതിൽ എന്താണൗചിത്യം? അതുപോലെ കാമുകി കാമുകനെ 'പ്രേമസഖാവേ' എന്നു സംബോധനചെയ്യുകൊണ്ടോ തന്റെ കാമുകൻ 'തൊഴിലാളിയുടെ ചേരിയിലാണ്" എന്നു പറയിച്ചുകൊണ്ടോ കഥയ്ക്കു പുരോഗമനസ്വഭാവമൊന്നും സിദ്ധിക്കാനമിടയില്ല. പെരുമാറ്റത്തിലും ശീലത്തിലും സംസ്കൃതിയിലും നിലയിലും ആത്മാഭിമാനത്തിലും വരുന്ന മൌലികമാറ്റമാണ് യഥാർത്ഥവിപ്ലവം എന്ന യാഥാർത്ഥ്യം തിക്കുറിശ്ശി ഗ്രഹിക്കേണ്ടതായിരുന്നു. വ്യക്തിത്വമുള്ള കഥാപാത്രങ്ങളും കഥയിൽ കുഴച്ചിച്ച് ഒന്നോ രണ്ടോ പേർമാത്രമാണ്. മനശ്ശാസ്ത്രം കാണുന്ന ജീവിതത്തേയും അവന്റെ യുക്തിവിചാരത്തേയും അടിസ്ഥാനം പരിഹസിക്കുന്ന രംഗങ്ങളും കഥയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിസ്തരഭയത്താൽ കഥയിലെ വൈകല്യങ്ങളുടെ ഒരു പട്ടികതയ്യാറാക്കുന്നതിനു് ഇവിടെ ഉദ്യമിക്കുന്നില്ല. അനാവശ്യപ്രേമങ്ങളും തൊഴിലാളിപ്രകീർത്തനങ്ങളും മുതലാളിർത്സനങ്ങളും സപ്പട്ടവും ഭ്രാന്തും, ഉറക്കുചാട്ടം, അനാഥമന്ദിരവും കൃഷ്ണനും കുസ്തിയും കുട്ടിച്ചേർത്തു് "അവിയൽ" പരുവത്തിൽ ഒരു കഥ തയ്യാറാക്കുകയാണുചെയ്തിരിക്കുന്നതു്. കുഴഞ്ഞുമറിഞ്ഞ ഒരു മനഃശാസ്ത്രമാണു് "ശരിയോ തെറ്റോ" എന്ന ചിത്രത്തിൽക്കൂടി തിക്കുറിശ്ശി ഉന്നയിച്ചിരിക്കുന്നതു്. മാറാരും പാഞ്ഞിട്ടില്ലാത്ത ഒരു ശരി ആദ്യമായി പറയുമ്പോൾ അതു തെറ്റാണെന്നമാത്രമെ ലോകം പറയുകയൊള്ളു എന്നാണു് തിക്കുറിശ്ശിക്കുള്ള സമാധാനവും. ഏതായാലും തിക്കുറിശ്ശിയുടെ കുഴഞ്ഞുമറിഞ്ഞ മനഃശാസ്ത്രം തെറ്റോ ശരിയോ എന്നു വായനക്കാർ തീരുമാനിക്കുക.

അഭിനയത്തെ സംബന്ധിച്ചിടത്തോളം ഈ ചിത്രം വലിയ മേന്മയൊന്നും അർഹിക്കുന്നില്ല. അഭിനയിക്കുവാൻകഴിവുള്ള തിക്കുറിശ്ശി പോലും ഈ ചിത്രത്തിൽ വേണ്ടത്ര ശോഭിച്ചിട്ടില്ല. തിക്കുറിശ്ശിക്കു് അനായോജ്യമായ ഒരു "റോൾ" അല്ല അതു നടൻ സ്വീകരിച്ചിരിക്കുന്നതും. ശൃംഗാരരസം അഭിനയിച്ചഫലിപ്പിക്കുന്നതിനു് തിക്കുറിശ്ശിക്കു വേണ്ടത്ര കഴിവില്ല. ആ നടൻ കാമുകനായി പ്രത്യക്ഷപ്പെടാതിരിക്കുന്നതാണു് അഭികാമ്യവും. "അച്ഛൻ" എന്ന ചിത്രത്തിലെ തിക്കുറിശ്ശിയുടെ അഭിനയം കണ്ടിട്ടുള്ളവർ "ശരിയോ തെറ്റോ" എന്നചിത്രത്തിലെ തിക്കുറിശ്ശിയെ മറന്നാൽ അതൊരു തെറ്റായിരിക്കുകയില്ല. ഒരു അഭിനേതാവു് എന്ന നിലയിൽനിന്നു് ഒരു പ്രസംശീകനായി "ശരിയോ തെറ്റോ" എന്ന ചിത്രത്തിൽ തിക്കുറിശ്ശിമാറിയിരിക്കുന്നു. രണ്ടുനാലരംഗങ്ങളിൽ തിക്കുറിശ്ശി തന്മയത്വമായി അഭിനയിച്ചിട്ടുമുണ്ട്. കുമാരി (ശീതാകുമാരി) അഭിനയകലയിൽ പുരോഗമിച്ചിട്ടുണ്ട്. കുഞ്ഞുകുഞ്ഞുഭാഗവതർ (മുതലാളി) പാത്രസ്വഭാവമനുസരിച്ചു തന്മയത്വമായി അഭിനയിച്ചിട്ടുണ്ട്. നിഷ്ഠുരമായനോട്ടം, മാംസഭാഗത്തിന്റെ ആധിക്യം, ധനദുർമോഹം എന്നിവയെല്ലാം ശരിയായി അഭിനയിച്ചഫലിപ്പിച്ചിട്ടുമുണ്ട്. എസ്. പി. പിള്ളയെ (കുട്ടൻ) വിനോദരസം അഭിനയിക്കുവാൻവേണ്ടി വെച്ചുകെട്ടിയിരിക്കുകയാണ്. ഏതായാലും എസ്. പി. പിള്ള പറയത്തക്ക വൃത്തികേടുകൂടാതെ അഭിനയിച്ചിട്ടുണ്ട്. സന്ദർഭാനുചിതങ്ങളിൽ പ്രകടിപ്പിക്കുമുള്ള കണ്ണുവെട്ടലുകളും ചിറികടിപ്പും ഇടയിപ്പിക്കലും മറ്റും ഈ ചിത്രത്തിൽ പ്രദർശിപ്പിച്ചിട്ടില്ലെന്നുള്ളതു് ഒരു പ്രത്യേകതയാണ്. ഓമന (നഴ്സ്) അഭിനയകല ഇനിയും അഭ്യസിക്കേണ്ടിയിരിക്കുന്നു. കുമാരിസുലോചന (തങ്കം) തന്റെ ചുമതല ബോധപൂർവം നിർവഹിച്ചിട്ടുണ്ട്. സേതുലക്ഷ്മിയുടെ (ശാരദ) അഭിനയത്തിൽ പുതുമയും പുരോഗതിയും ദർശനീയമല്ല. അടൂർപങ്കജം (പാപ്പു) പ്രത്യേക അഭിനന്ദനം ഒന്നും അർഹിക്കുന്നില്ല. ഭ്രാന്തിയുടെഭാഗം തങ്കം ഏറെക്കുറെ വിജയകരമായി അഭിനയിച്ചിട്ടുണ്ട്. അമ്മയുടെ ഭാഗത്തിൽ പി. കെ. കമലാക്ഷി മോശമായിട്ടില്ല. മാത്തപ്പൻ (കണക്കപ്പിള്ള) തന്റെ സഹജമായ അഭിനയരീതിക്കെല്ലാം ആവത്തിച്ചിട്ടുണ്ട്. കോട്ടയം കൊച്ചുപൗലോന്റെ ഹോട്ടൽമാനേജരായുള്ള അഭിനയം ദുസ്സഹമായിട്ടുണ്ട്. ബാർസ്സിന്റെ ഭാഗത്തിൽ ഗോപാലകൃഷ്ണൻ പരാജയമടഞ്ഞിരിക്കുന്നു. പുതുമുഖങ്ങളായ ജോസ്



രാമകൃഷ്ണൻ, ഭാര്യ, ...യവർ ചലച്ചിത്രം ...ംഭിക്കുന്നതിനുമുമ്പ് ...പോലും നൽകിയി ...യില്ലാത്ത മറ്റുചില ന ... പ്രേക്ഷകരുടെ ക്ഷമയെ ... കൊള്ളിപ്പിക്കത്തക്കവണ്ണം ...തിനയിച്ചിട്ടുണ്ട്. ചിത്രത്തിൽ ...ടിനടന്മാരെ തിരഞ്ഞെടുത്തതു പ ...റിയിട്ടില്ല.

സംഭാഷണരചനയും മേന്മയർഹിക്കുന്നില്ല. സംഭാഷണങ്ങളും ആശയ ഗാർഢ്യമുള്ളവയാണെങ്കിലും മണിപ്പവാളശൈലിയാണ് പൊതുവേ സ്വീകരിച്ചിരിക്കുന്നതു്. സാധാരണമനുഷ്യർ സംസാരിക്കുന്ന ഭാഷയിലല്ല കഥാപാത്രങ്ങളും സംസാരിക്കുന്നതു്. പാവപ്പെട്ട തൊഴിലാളിവർഗ്ഗത്തെക്കൊണ്ടു് കയ്യടിപ്പിക്കുവാൻവേണ്ടി മുതലാളിത്വത്തിന്റെനേരെ ചില "ഠ" ത്തി" പ്രയോഗങ്ങളെല്ലാം നടത്തിയിട്ടുമുണ്ടു്. സംഭാഷണവേളയിൽ എസ്സ്. പി. പിള്ള തിക്കുറിശ്ശിയോടു് പറയുന്നുണ്ടു് "ഇതെന്നും വായിൽകൊള്ളാത്ത വാക്കുകളല്ല" എന്നു്. "ശരിയോ തെറ്റോ" എന്ന ചിത്രത്തിലെ സംഭാഷണരചനയെക്കുറിച്ചു മുകളിൽ ഉദ്ധരിച്ച അഭിപ്രായം നൂറുശതമാനവും പരമാർത്ഥമാണു്. ഒന്നുരണ്ടു് ഉദാഹരണങ്ങൾ നോക്കുക. "ചിട്ടിക്കാരൻമുതലാളിയുടെ മകളുമായുള്ള പ്രണയബന്ധത്തെക്കുറിച്ചു് അപ്പു അമ്മയോടു് പറയുകയാണു് "അവളുടെ (ശീതയുടെ) താല്പര്യം ലികമായ അന്തർഭാവം കൊണ്ടു് ആ ഘാതകനു് മാനസികമായ പരിവർത്തനം സംജാതമാകുമെന്നു് ഞാൻ ദൃഢമായി വിശ്വസിച്ചു." കേരളീയഗൃഹത്തിലെ ഏതെങ്കിലും ഒരു മകൻ ഒരു അമ്മയോടു് ഇങ്ങനെയാണോ സംസാരിക്കുവാൻ ഉദ്യുക്തനാകുന്നതു്? കാമുകിയും കാമുകനുമായുള്ള സംസാരത്തിന്റെ സാരം ഗ്രഹിക്കണമെങ്കിൽ നിഘണ്ടുവിന്റെ സഹായം തേടേണ്ടിവരും. അതുപോലെതന്നെ അപ്പു ശീതയോടു പറയുന്നതുനോക്കുക "ഘാതകനായ ആ മനുഷ്യരൂപൻ നീറിപുകഞ്ഞു് ഞെരിഞ്ഞുതകർന്നു് പൊട്ടിത്തെറിക്കണം ——" എന്ന പെരുമ്പാമ്പു് ഇഴയുന്ന രീതിയിലുള്ള വാചകങ്ങളും പ്രയോഗിച്ചിട്ടുണ്ടു്. ചിത്രത്തിൽ സിനിമയ്ക്കു ചേർന്ന ഒരു സംഭാഷണശൈലിയല്ല ഈ ചിത്രത്തിൽ സ്വീകരിച്ചിരിക്കുന്നതു്.

ചിത്രത്തിലെ ഗാനങ്ങളെല്ലാം അർത്ഥപുഷ്ടിയും ആലങ്കാരികഭംഗിയുമുള്ളവയാണു്. ഹൃദയത്തിൽ പതിഞ്ഞുനിൽക്കത്തക്ക വശ്യശക്തിയില്ല ഗാനങ്ങൾക്കുമുണ്ടു്. ഹിന്ദി ഗാനങ്ങളെ അധികം അനുകരിച്ചിട്ടുമില്ല. ഒരു സ്വാതന്ത്ര്യഗാനം കീർത്തനസദൃശമായതു് ഈ ചിത്രത്തിൽ ഉൾക്കൊള്ളിച്ചിട്ടുമുണ്ടു്. പക്ഷേ നായികയെ വശീകരിക്കുന്നതിനു് നായകൻ അടിക്കടി ആലപിക്കുന്ന "തരമേതെങ്കിലുമൊരുവേള സഖി പോകയോ നീ" എന്ന ഗാനം ഏറ്റവും അനൗചിത്യമായരീതിയിലാണു് ആലപിച്ചിരിക്കുന്നതു്. പതിനാലു ഗാനങ്ങളുണ്ടു് ഈ ചിത്രത്തിൽ. "കമലലോചനാ കണ്ണുകാമമോഹനാ" എന്ന ഗാനവും "വാർമഴവില്ലേ വാ മനോഹരമാരിവില്ലേവാ" എന്ന ഗാനവും "ഹൃദയവിപഞ്ചി മുദ്രതന്നി പൊട്ടിത്തകരുകയായീ പ്രാണസഖി' എന്ന ഗാനവും മധുരമനോജ്ഞങ്ങളായിട്ടുണ്ടു്.

സാങ്കേതികവിശേഷങ്ങളിൽ ഈ ചിത്രം സാമാന്യം ഉയർന്നിരുവരം പുലർത്തുന്നുണ്ടു്. സൌണ്ടു് റിക്കാർഡിംഗു്, മേക്കപ്പു്, എഡിറ്റിംഗു്, പ്രോസസ്സിംഗു് എന്നിവ സാധാരണനിലയിൽ നിർവ്വഹിച്ചിട്ടുമുണ്ടു്. ഛായാഗ്രഹണത്തിന്റെ പേരിൽ ഈ ചിത്രത്തിൽ അശ്ലീലത കൂട്ടിക്കുട്ടിയിട്ടില്ല. ഫോട്ടോഗ്രാഫിയിൽ ചില വൈകല്യങ്ങളെല്ലാം കടന്നുകൂടിയിട്ടുണ്ടു്. അലാറത്തിയിൽ മണ്ണെണ്ണവിളക്കുമാത്രം എരിഞ്ഞുകൊണ്ടിരിക്കുന്ന മുറിയിൽ നട്ടുച്ചവെയിലിന്റെ പ്രകാശം ദർശിക്കാവുന്നതാണു് കുമാരി സുലോചനയുടെ രണ്ടു സ്നാനരംഗങ്ങളും ആകർഷണീയമായിട്ടുണ്ടു്. ഫ്ലാഷ്ബാക്കുകൾ മോശമായിപ്പോയി. ലക്ഷ്മണൻസ്സു് മോശമായിപ്പോയി. ദക്ഷിണാമൂർത്തിയുടെ സംഗീതസംവിധാനം തൃപ്തികരമായിട്ടുണ്ടു്.

തിക്കുറിശ്ശി ആദ്യമായി സംവിധാനംചെയ്ത ചിത്രമാണു് ശരിയോ തെറ്റോ? ഈ ചിത്രത്തിന്റെ സംവിധാനത്തിൽ പാകപ്പിഴകളും പ്രമാദങ്ങളും സംഭവിച്ചിട്ടുണ്ടു്. പക്ഷേ പ്രഥമസംരംഭം എന്ന നിലയിൽ സംവിധാനത്തിലുള്ള കുറവുകളും കുറുകളും ക്ഷന്തവ്യങ്ങളുമാണു്. മലയാളികളായ സംവിധായകർ വളരെ വിരളമായിരിക്കുന്നതിനാൽ മുന്നോട്ടുവരുന്ന മലയാളികളായ സംവിധായകരെ നിരുത്സാഹപ്പെടുത്തിക്കേണ്ടതുമാണു്. ഈ ചിത്രത്തിലെ പല രംഗങ്ങളും നിർജ്ജീവങ്ങളായിപോയതു് സംവിധായകന്റെ കഴിവുകേടുകൊണ്ടാണു്. ഗീത ഗർഭിണിയാണെന്നു അറിയിക്കുവാൻ ഡയറക്ടർ സ്വീകരിച്ച മാർഗ്ഗം ഒരു പത്രം കിട സംവിധായകന്റെതായിട്ടെ പരിഗണിക്കുവാൻ തരമൊള്ളു. പാവപ്പെട്ട മാനസികപരിവർത്തനം സംഭവിക്കുന്നതു കാണിച്ചിരിക്കുന്നതിനും വേണ്ടത്ര ജീവൻ ലഭിക്കാതെപോയിട്ടുണ്ടു്. പരിസരങ്ങളും പൂർണ്ണവളർച്ചയെപ്രാപിച്ചു് സംഭവങ്ങൾക്കു് എല്ലാത്തരത്തിലും അനുയോജ്യമായ ഒരു പശ്ചാത്തലം സൃഷ്ടിക്കുന്നതിൽ ഡയറക്ടർ വിജയിച്ചിട്ടില്ല. വെള്ളം കോരുക, പാത്രംകഴുകുക, അരയ്ക്കുക, വിറകൊടുക്കുക തുടങ്ങിയ കൃഷ്ണപ്പാട്ടുകൾ ഒരുമിച്ചു കാണിച്ചതിനേക്കാൾ പെട്ടെന്നു മുതലാളിക്കു വിധേയരായി ജീവിക്കുന്നതിനുള്ള തീരുമാനവും സ്വീകരിച്ചിരിക്കുന്നു.

പരിതഃസ്ഥിതിയുടെ അനുകൂലമായ സ്വാധീനവും അവയുടെ സജീവമായ ചിത്രീകരണവുമാണു് സംഭവങ്ങളെ വിജയിപ്പിക്കുന്നതെന്നു് സംവിധായകൻ ഗ്രഹിക്കേണ്ടതായിരുന്നു. ചിത്രത്തിന്റെ "ടൈറ്റിലു" പരിരക്ഷിക്കുന്നതിലും ഡയറക്ടർ ശ്രദ്ധിച്ചിട്ടില്ല. ചില നല്ല രംഗങ്ങളും സൃഷ്ടിക്കുന്നതിനും ഡയറക്ടർക്കു കഴിഞ്ഞിട്ടുണ്ടു്. ചിത്രത്തിന്റെ ആരംഭവും അവസാനവും വളരെ നന്നായിട്ടുണ്ടു്. ഈ ചിത്രത്തിൽ പറയത്തക്ക അശ്ലീലതയൊന്നുമില്ല. കേരളത്തിന്റെ പ്രകൃതിരമണീയതയും കഴിയുന്നത്ര ഭംഗിയായി പകർത്തിക്കാണിക്കുന്നതിലും റിജയം വരിച്ചിട്ടുണ്ടു്. സെക്സ് അപ്പീലിന്റെപേരിൽ വൈകൃതങ്ങളൊന്നും കുത്തിക്കുട്ടിയിട്ടുമില്ല. അനർത്ഥകരങ്ങളുണ്ടാക്കുന്ന അലങ്കാരങ്ങളും സൃഷ്ടിച്ചിട്ടുമില്ല. മുതലാളിത്തത്തിന്റെ ദുഷിച്ച വശങ്ങളെല്ലാം വർണ്ണപ്പകിട്ടോടെ വരച്ചുകാണിച്ചിട്ടുമുണ്ടു്. മുതലാളിത്ത വ്യവസ്ഥിതിയോടു് അടങ്ങാത്ത അമർഷവും ഒടുങ്ങാത്ത പകയും തോന്നുന്നതിനും ഈ ചിത്രം സഹായിക്കുന്നുണ്ടു്. പാവപ്പെട്ടവരുടെ അവകാശങ്ങളെ അംഗീകരിക്കുന്നതിനും മനുഷ്യത്വത്തെ മാനിക്കുന്നതിനും ചിത്രത്തിൽ



ഭാരതിയരുടെ
പൊക്കടകം
(പുതിയ പതിപ്പ്)
വിജ്ഞാനപ്രദങ്ങളായ 50-ൽപരം പൊക്കടകം അടങ്ങിയിരിക്കുന്ന ഈ പുസ്തകം വായിച്ചാൽ നവംനവമായി ആനന്ദാനുഭൂതി ലഭിക്കുന്നതാണു്.
വില രൂ. 1 ണ 12.
മാനേജർ,
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

Reg: No. M. 2689. MALAYALA RAJYAM

മലയാളരാജ്യം
★ വിശേഷാൽപ്രതി ★

പതിവുപോലെ ഇക്കൊല്ലവും

ദീപാവലിദിവസം

(തുലാം 20-ാംനു--നവംബർ 5)പുറത്തുവരുന്നു

★

പ്രൗഢലേഖനങ്ങളും, ചെറുകഥകളും, കവിതകളും എന്നിവയ്ക്കുപുറമെ, യഥേഷ്ടം ഫോട്ടോബ്ലോക്കുകളും മറ്റു ചിത്രങ്ങളും വിശേഷാൽപ്രതിയിൽ ഉണ്ടായിരിക്കുന്നതാണു്.

ആകർഷണീയമായ ത്രിവർണ്ണമുഖചിത്രം

ഡെമ്മി ¼ സൈസു്

വില രൂ: 1. പോസ്റ്റ്മാശ്ശം രൂ: 1 ണ. 8.

പരസ്യനിരക്കു്

മുഴുവൻപേജു്	രൂ: 150/-	കാൽപേജു്	രൂ: 40/-
അരപ്പേജു്	രൂ: 75/-	⅛ പേജു്	രൂ: 25/-

രണ്ടുകളറിലുള്ള പരസ്യങ്ങൾക്കു് 50% കൂട്ടുതൽ. ⅛ പേജിൽ കുറഞ്ഞുള്ള പരസ്യങ്ങൾ സ്വീകരിക്കപ്പെടുന്നതല്ല.

കവർപേജുകൾ

2-ാംകവർപേജു് രൂ. 250/- 3-ാംകവർപേജു് രൂ: 250/-

4-ാംകവർപേജു് (3 കളറിൽ) രൂ. 350/-

പരസ്യങ്ങൾ എത്രയുംവേഗം ആഫീസിൽ എത്തുന്നതിനുവേണ്ണം അയയ്ക്കുക

മാനേജർ, മലയാളരാജ്യം, കൊല്ലം.

Edited, printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.